IV റിപ്പോർട്ടു് സമർപ്പണം

കാര്യോപദേശക സമിതിയുടെ 23-ാമത്ു് റിപ്പോർട്ടു്

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, കാര്യോപദേശക സമിതിയുടെ 23-ാമത്ു് റിപ്പോർട്ടു് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ടു് പരിഗണന

കാര്യോപദേശക സമിതിയുടെ 23-ാമത്ു് റിപ്പോർട്ടു്

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, കാര്യോപദേശക സമിതിയുടെ 23-ാമത്ു് റിപ്പോർട്ടു് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ടു് സഭ അംഗീകരിച്ചിരിക്കുന്നു.

VI നിയമനിർമ്മാണകാര്യം

(1) 1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : 1986-ലെ കേരള സഹകരണസംഘം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ടു് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീമതി എം. കമലം : 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ, തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച 9-ാം സബ്ജക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്കു് അയയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, നമുക്കിവിടെ തന്നിട്ടുള്ള ഈ ബില്ലിന്റെ സ്റ്റേറ്റുമെന്റിൽ പറയുന്നതു് ..... I shall read the relevant portion of Statement of objects and reasons. It was necessary to amend the Kerala Co-operative Societies Act, 1969 to give effect to the above decision എന്നാണു്.

എന്നുപറഞ്ഞാൽ 1969-ൽ നിലവിൽവന്ന ഒരു നിയമമാണു്. ആ നിയമത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും പ്രാതിനിദ്ധ്യം അനുവദിച്ചിരുന്നില്ല. 16 കൊല്ലം ഈ രാജ്യത്തു് നിലവിലിരുന്ന ഒരു നിയമമാണു് ആ നിയമത്തിന്റെ ഭേദഗതിയുടെ അർജൻസി എന്താണു്? ഈ നിയമത്തിലെ 213-ാം വകുപ്പു് അങ്ങു് മനസ്സിലാക്കണം. ഇതൊരു ഡെലിവറി കേസുപോലെയാണു്. എങ്ങനെയെന്നു് പറഞ്ഞാൽ ഗർഭിണിയെ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കാൻ മറ്റു മാർഗ്ഗമൊന്നും ഇല്ലാതെ വരുമ്പോഴാണ് ഡോക്ടർമാർ സിസേറിയൻ ഓപ്പറേഷൻ നടത്തുന്നത്. അല്ലെങ്കിൽ നോർമൽ ഡെലിവറിയെ നടക്കൂ. അതുപോലെയാണ് ഈ നിയമ നിർമ്മാണം. രാജ്യത്ത് അടിയന്തിരമായ ചില ആവശ്യങ്ങൾ നേരിടാൻ മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ 213-ാം വകുപ്പനുസരിച്ചുള്ള ഓർഡിനൻസ് പുറപ്പെടുവിക്കാം. പക്ഷേ ഇന്നിപ്പോൾ സ്ത്രീകൾക്കും അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പ്രാതിനിദ്ധ്യം കൊടുക്കുന്ന ഒരു വ്യവസ്ഥയ്ക്ക് എന്ത് അർജൻസിയാണുള്ളത്? നിയമസഭയിൽ ഒരു ബിൽ അവതരിപ്പിച്ച് പാസ്സാക്കിയാൽ പോരായിരുന്നോ? ഇത്തരത്തിലുള്ള ഒരു ഓർഡിനൻസിന്റെ ആവശ്യമുണ്ടായിരുന്നോ? അതുകൊണ്ട് ആ പ്രയോഗം പ്രസക്തമാണോയെന്ന് അങ്ങിൽനിന്നും ഒരു റൂളിംഗ് ഉണ്ടാകണം. ഇത ഒരു അർജൻസിയാണോ?

മി. സ്പീക്കർ: ശ്രീ. രാധാകൃഷ്ണൻ, അങ്ങ് സൂചിപ്പിച്ച അഭിപ്രായം ബഹുമാനപ്പെട്ട ചില അംഗങ്ങൾക്കും ഉള്ളതുകൊണ്ടാണ് അവർ ഈ ഓർഡിനൻസ് ഡിസ്അപ്രൂവ് ചെയ്യണമെന്നുള്ള മോഷൻ തന്നെ കൊണ്ടുവന്നിട്ടുള്ളത്.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, കേരള സംസ്ഥാനത്തിലെ പ്രൈമറി ക്രെഡിറ്റ് സൊസൈറ്റികളുടെ മാനേജിംഗ് കമ്മിറ്റികളിൽ ഒരു വനിതയ്ക്കും ഒരു ഹരിജനോ ഗിരിജനോ ആയ എസ് സി/എസ്. റ്റി.-യിൽപ്പെട്ട ഒരാൾക്കും അംഗത്വം കൊടുക്കുന്നതിന് സീറ്റ് റിസർവ്വ് ചെയ്യണമെന്നുള്ളതാണ് ആദ്യത്തെ ഓർഡിനൻസ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ സംസ്ഥാനത്ത് കാലാകാലങ്ങളിലായി നിലവിലുള്ള സാമൂഹ്യനീതിയും അതുപോലെ ജനസംഖ്യാനുപാതികമായിട്ടുള്ള പ്രാതിനിദ്ധ്യവും ഒക്കെ കണക്കാക്കുമ്പോൾ ഇത് വളരെ മുൻപുകാലത്തു തന്നെ ചെയ്യേണ്ടതായിരുന്നു എന്നാണ് എനിക്ക് സഭയോട് പറയുവാനുള്ളത്. 3-ാം കോ-ഓപ്പറേറ്റീവ് കോൺഗ്രസ് നാം ഇവിടെ നടത്തി. ഈ സംസ്ഥാനത്തുള്ള പ്രമുഖരായ സഹകാരികളും പങ്കെടുത്തുകൊണ്ടുള്ള സുപ്രധാനമായ കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സിൽ എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെട്ട ഒരു കാര്യമാണിത്. അതുപോലെ തന്നെ ഉദ്യോഗസ്ഥൻമാരുടെ നിയമനങ്ങളിലേക്കും സംഘം സീറ്റ് റിസർവ് ചെയ്യണമെന്നുള്ളതാണ് രണ്ടാമത്തെ കാര്യം. ഇതും കോ-ഓപ്പറേറ്റീവ് കോൺഗ്രസിന്റെ ഒരു ശുപാർശയാണ്. മൂന്നാമതായി ഈ സംസ്ഥാനത്തെ എല്ലാ സംഘങ്ങൾക്കും അവരുടെ കാലാവധി അഞ്ചുവർഷമാക്കി കൊടുക്കണമെന്നുള്ള നിർദ്ദേശമാണ് ഉയർന്നുവന്നത്. ഇത് സംഘങ്ങളെ സംബന്ധിച്ചിടത്തോളം രജിസ്ട്രാർമാർക്ക് അവരുടെ ബൈലായിലുള്ള വ്യവസ്ഥയനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്തിട്ടുമുണ്ട്. നമ്മുടെ പഞ്ചായത്തുകളും അതുപോലെ ഗവൺമെന്റുകളും മുനിസിപ്പാലിറ്റികളുമെല്ലാം അഞ്ചുവർഷക്കാലത്തേക്കാണ് തെരഞ്ഞെടുക്കാനുള്ളത്. അതുപോലെതന്നെ ജനകീയ പ്രസ്ഥാനങ്ങളായ സഹകരണ പ്രസ്ഥാനങ്ങൾക്കും അഞ്ചുവർഷക്കാലം തുടരാൻ കഴിയണം. ഇതനുസരിച്ച് സഹകരണ യൂണിയനുകൾക്കും സംസ്ഥാനത്തെ സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയനുകൾക്കും അവരുടെ ഔദ്യോഗിക കാലാവധി അഞ്ചുവർഷമാക്കി കൊടുക്കുന്നതാണ് മറ്റൊരു ഓർഡിനൻസ്. ഇതെല്ലാം നിയമമാക്കുന്നതിനുള്ള അപേക്ഷയാണ് ഈ സഭയുടെ മുൻപാകെ എനിക്ക് വയ്ക്കാനുള്ളത്. ആർബിട്രേഷനാണ് മറ്റൊരു കാര്യം. ഈ സംസ്ഥാനത്തുള്ള സഹകരണ സംഘങ്ങളിലെ തർക്കങ്ങൾ തീർക്കുന്നതിന് രജിസ്ട്രാർമാർക്കാണ് അധികാരമുള്ളത്. സഹകരണനിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ 3-ാം വകുപ്പിലെ 1-ാം ഉപവകുപ്പനുസരിച്ച് രജിസ്ട്രാറായി പ്രഖ്യാപിച്ചിട്ടുള്ള അല്ലെങ്കിൽ നിർവ്വചിച്ചിട്ടുള്ള ആളാണ്. ഈ വകുപ്പിന്റെ തലവൻ. പക്ഷേ 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പനുസരിച്ച് ഈ രജിസ്ട്രാർ എന്നുള്ള നിർവചനത്തിൽ അഡീഷണൽ രജിസ്ട്രാർമാരും ജോയിന്റ് രജിസ്ട്രാർമാരും ഡെപ്യൂട്ടി രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും എല്ലാം ഉൾപ്പെടുന്നു. ധാരാളം തർക്കങ്ങളുണ്ടാകും. ഇതിനെല്ലാം തീർപ്പ് കല്പിക്കുന്നതിനുള്ള ചുമതലകൂടി പ്രത്യേകമായി ഗവൺമെന്റ് ഈ ആളുകൂടിക്കുകൂടി കൊടുത്തിട്ടുണ്ട്. എന്നാൽ ഇതിനിടെ ഇടുക്കി ജില്ലയിൽ ഉണ്ടായ ഒരു കേസിൽ ഹൈക്കോടതിയിൽ നിന്ന് ഒരു വിധിന്യായമുണ്ടായി. 70-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് ബി-യും സി-യും അനുസരിച്ച് ഇങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾ രജിസ്ട്രാർമാർ അല്ലെന്നും 3-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് അനുസരിച്ചുള്ള രജിസ്ട്രാർ മാത്രമാണ് രജിസ്ട്രാർ എന്നും അതിനകത്ത് ഒരു പഴുത് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതായത് ഇങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾ ഇത്തരം കേസുകൾ അവരുടെ കയ്യിൽ ഫയൽ ചെയ്തുകഴിഞ്ഞാൽ ഒരു പക്ഷേ അവരുടെ മേലുദ്യോഗസ്ഥൻമാർക്ക് അല്ലെങ്കിൽ അവർക്ക് സമമായ ഉദ്യോഗസ്ഥൻമാർക്ക് അല്ലെങ്കിൽ സമാനൻമാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് വിധി പറയാൻ വച്ചാലെന്തു ചെയ്യും. നിയമത്തിന്റെ പരിരക്ഷ അവിടെ ഇല്ല. അതുകൊണ്ട് ഒരു മേലുദ്യോഗസ്ഥൻ തന്റെ കീഴുദ്യോഗസ്ഥന്റെ വിധി അനുസരിക്കാൻ നിർബന്ധിതനായിത്തീരും. ഇത് അബദ്ധജടിലവും ക്രമവിരുദ്ധവും യുക്തിരഹിതവുമായ ഒരു നടപടിയാണ്. അതുകൊണ്ട് കേസുകൾ വിധി പറയുന്നതിന് തർക്കങ്ങൾക്ക് വിധി പറയുന്നതിന് 3-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പനുസരിച്ചുള്ള സഹകരണവകുപ്പിലെ നിർവചനം അനുസരിച്ചുള്ള രജിസ്ട്രാർ. ഇന്നത്തെ കാര്യം പറയുകയാണെങ്കിൽ ശ്രീ. കെ. വി. നമ്പ്യാർക്ക് മാത്രമേ അതു പറയാൻ സാധിക്കുകയുള്ളൂ. നിയമത്തിന്റെ പരിരക്ഷ അവിടെ ഇല്ല. അതുകൊണ്ട് മേലുദ്യോഗസ്ഥന് ഒരു 1,06,020 കേസുകൾ ഇങ്ങനെ വിധി പറയുവാനുണ്ട്. തന്നെയുമല്ല, 865 ലക്ഷം രൂപ ഈ തർക്കങ്ങൾ മുഖേന പിരിഞ്ഞുകിട്ടാനുമുണ്ട്. ഇങ്ങനെ വരുമ്പോൾ ഉണ്ടാകുന്ന ഈ ബുദ്ധിമുട്ടുകൾക്ക് പരിഹാരം നേടുന്നതിനുവേണ്ടിയാണ് ഇത്തരം ഒരു നിയമത്തിന്റെ പരിരക്ഷ ആവശ്യമായി വന്നത്. 15-5-1969 മുതൽക്കുള്ള സഹകരണ നിയമത്തിൽ മുൻകാല പ്രാബല്യത്തോടെ ഈ നിയമം ബാധകമാക്കും. ഈ നിയമം പാസാക്കിത്തരണമെന്നും ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, I move that "This House resolves to disapprove the Kerala Co-operative Societies (Amendment) Ordinance, 1986 (Ordinance No. 55 of 1986) and the Kerala Co-operative Societies (Second Amendment) Ordinance, 1986 (Ordinance No. 59 of 1986)".

അതോടൊപ്പം തന്നെ ഓർഡിനൻസിന്റെ വ്യവസ്ഥകൾക്ക് നിയമപ്രാബല്യം കൊടുക്കുന്നതിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സംബന്ധിച്ചും വളരെ ചുരുക്കത്തിൽ ചിലത് പറയുകയാണ്. ഈ ബിൽ അവതരിപ്പിക്കാനുള്ള സാഹചര്യമെടുക്കുന്നതിനു പകരം നമ്മുടെ ഭരണഘടന നിലവിൽ വന്നതുമുതൽ നിലവിലിരിക്കുന്ന സംവരണം എന്നുള്ള തത്വം സഹകരണരംഗത്ത് നടപ്പിൽ വരുത്തുന്നതിന്, നമ്മുടെ ഭരണഘടനയുടെ 37-ാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ പെട്ടെന്ന് ഒരു ബോധോദയം ഉണ്ടായതുപോലെ അതിനുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരിക എന്നുള്ളത് അപഹാസ്യമാണ്. പറഞ്ഞ് പറഞ്ഞ്, കണ്ട് കണ്ട് നമുക്കു മരവിച്ചുപോയി. ഇന്നലെയും മിനിഞ്ഞാന്നും ഇതുപോലെയായിരുന്നു. എന്നും ഇതുപോലെയാണ്. സർവത്ര ഓർഡിനൻസാണ്. ഓർഡിനൻസ് കൊണ്ട് ഭരിച്ചുകളയാമെന്നാണ്. സംവരണം ഏർപ്പെടുത്താൻ 1980-ൽ ഉണ്ടായ ഏർപ്പാടിന്, രാജ്യം മുമ്പിനാലെ അംഗീകരിച്ച ഒരു തത്വത്തിന് 1986-ൽ ഒരു ഓർഡിനൻസ് കൊണ്ടുവരികയാണ്. അടിയന്തിരമായി, പറഞ്ഞ തീയതിക്ക് നടപ്പിലാക്കിയില്ലെങ്കിൽ എന്തോ ആപത്ത് ഈ രാജ്യത്ത് വരുമെന്നുള്ളതുപോലെ. അതുപോലെ മറ്റ് രണ്ടു കാര്യങ്ങളും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : ബഹുമാനപ്പെട്ട സുരേന്ദ്രനാഥ്, ഇവിടെ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ 3-ാം സഹകരണ കോൺഗ്രസ് ഒരു ഹരിജനെയും ഒരു വനിതയെയും എടുക്കണമെന്നും മൂന്നു കൊല്ലത്തെ കാലാവധി അഞ്ചു വർഷമാക്കി തീർക്കണമെന്നുമുള്ളത് കേരളത്തിലെ സഹകാരികളുടെ ഏകകണ്ഠമായ ശുപാർശയാണ്. കഴിഞ്ഞ നിയമസഭയിലെങ്കിലും ബിൽ അവതരിപ്പിക്കുമെന്ന് വിചാരിച്ചു. ഇപ്പോഴ് ഈ ഓർഡിനൻസ് വന്നത് കേരളത്തിലെ സഹകാരികളും മുഴുവൻ ആവശ്യപ്പെട്ടതനുസരിച്ചാണ്. വേറൊരു സംഗതിയുമില്ല. ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കാൻ പറഞ്ഞതാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ശ്രീ. തച്ചടി പ്രഭാകരൻ സഹകരണ വകുപ്പു മന്ത്രിയെ സഹായിക്കുന്നതുകൊള്ളാം. പക്ഷെ ഇങ്ങനെ സഹായിക്കുന്നതുകൊണ്ട് എന്തു പ്രയോജനം ? അവരെ കാര്യമായിട്ട് സഹായിക്കണം അവർ പറഞ്ഞത് വീണ്ടും ആവർത്തിക്കാം. ഞാൻ ഈ പറഞ്ഞുകൊണ്ടുവരുന്നത് അഭിപ്രായവ്യത്യാസമുണ്ടായിട്ടല്ല. സ്ത്രീകൾക്കും ഹരിജനങ്ങൾക്കും.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : 3-ാം സഹകരണ കോൺഗ്രസ്സിൽ ശ്രീമാൻ തച്ചടി പ്രഭാകരൻ കൂടി ചേർന്നെടുത്ത തീരുമാനം വളരെ ചരിത്ര പ്രസിദ്ധമാണ്. അതിൽ തർക്കമില്ല. ശ്രീ. തച്ചടി പ്രഭാകരൻ കൂടി എടുത്ത ഒരു തീരുമാനം ഈ ഭരണഘടനയുടെ 213-ാം വകുപ്പനുസരിച്ച് എങ്ങനെ അർജൻറാകും ? ശ്രീ. തച്ചടിക്കല്ലേ അർജൻറാകൂ, ഈ സഭയ്ക്ക് എങ്ങനെ അർജൻറാകും ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ബഹുമാനപ്പെട്ട രാധാകൃഷ്ണൻ കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു. ഇവിടത്തെ പ്രശ്നം ഈ ഭേദഗതി നിർദ്ദേശം തെറ്റോ ശരിയോ എന്നുള്ളതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടോ എന്നുള്ളതല്ല. സഹകരണ കോൺഗ്രസ്സിന്റെ തീരുമാനവും മന്ത്രി ഇവിടെ പറഞ്ഞു. അതിനെപ്പറ്റിയൊന്നുമല്ല. ഈ ഓർഡിനൻസ് കൊണ്ടുവരണമെന്ന് സഹകരണ കോൺഗ്രസ് പറഞ്ഞില്ലല്ലോ. ഓർഡിനൻസ് കൊണ്ടുവരുന്നതിന്റെ ഇംപ്രൊപ്രൈറ്റിയെപ്പറ്റിയാണ് പറഞ്ഞത്. സമുന്നതന്മാരായ ജൂറിസ്റ്റു (Jurists) കളുംപ്പെടെയുള്ള ആളുകളും നമ്മുടെ ലെജിസ്ലേറ്റീവ് പ്രൊസസ്സിലെ ഈ വൈകല്യത്തെപ്പറ്റി വളരെയധികം അഡ്വേഴ്സിഡ് കമൻറ്സ് ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് എന്നു പറയുന്ന ഈ ഗവൺമെൻറിന് അത് ഭൂഷണമല്ല. പ്രതിപക്ഷത്തുള്ള ആളുകൾക്ക് ഒരു ഡിസ്പ്രൂവൽ മോഷൻ കൊണ്ടുവരിക എന്നുള്ളതല്ലാതെ എന്തുചെയ്യാൻ. ഞങ്ങൾ നിസ്സഹായരാണ്. വളരെവേഗം ഇതിന് എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കേണ്ടി വരും. ഇവിടെ മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സംസ്ഥാനങ്ങളിലും ഈ ഓർഡിനൻസിന്റെ വ്യവസ്ഥയുണ്ടാക്കിവയ്ക്കുന്ന വളരെ മോശമായ കീഴ്വഴക്കം, അത് ഇനിയും തുടർന്നു പോകാതിരിക്കാനുള്ള എന്തെങ്കിലും പ്രതിവിധി നമ്മൾ തേടേണ്ടിവരുമെന്നു മാത്രമേ ഇപ്പോൾ പറഞ്ഞിട്ടു കാര്യമുള്ളൂ. അതിൽ കൂടുതലൊന്നും പറഞ്ഞിട്ട് കാര്യമില്ല.

സർ. ഇതിൽ സ്ത്രീകൾക്കും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സംവരണം കൊടുക്കുന്നതിനെ സംബന്ധിച്ചും, അതുപോലെ തന്നെ മറ്റു വ്യവസ്ഥകളെ സംബന്ധിച്ചും കൂടുതലായിട്ടൊന്നും പറയേണ്ടതില്ല. ഒരു ചെറിയ പ്രശ്നമേ ചൂണ്ടിക്കാണിക്കാനുള്ളൂ. ഇതിൽ ഒരു സീറ്റ് സ്ത്രീക്കും ഒരു സീറ്റ് ഹരിജന ഗിരിജനത്തിനും എന്നാണ് പറയുന്നത്. ഹരിജന ഗിരിജനങ്ങൾക്കുവേണ്ടി സംയുക്തമായിട്ടാണ്. ഗിരിജനങ്ങൾക്കും ഹരിജനങ്ങൾക്കും കൂടി കംബയിൻഡായിട്ട് ഒരിടത്തും കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനില്ല. വേറെ വേറെയാണ്. പിന്നെ പ്രായോഗികമായിട്ട് 1000 ഹരിജനങ്ങളും കാണും 10 ഗിരിജനങ്ങളും കാണും. ഈ രണ്ടുപേർക്കും കൂടി ഹരിജനത്തെ അയയ്ക്കുകയാണ്. അതാണ് വരാൻപോകുന്നത്. ചില സ്ഥലങ്ങളിൽ ഗിരിജനമേ കാണുകയില്ല. സ്ത്രീകളുടെ കാര്യം സുരക്ഷിതമാണ്. എല്ലായിടത്തും 50-51 ശതമാനം കാണും. അതുകൊണ്ട് അവർ സുരക്ഷിതരാണ്.

ശ്രീ. എം. എം. ഹസ്സൻ : ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സീറ്റ് വർദ്ധിപ്പിക്കണമെന്നാണ് അങ്ങ് പറഞ്ഞുവരുന്നതെന്നു തോന്നുന്നു. അങ്ങനെയാണെയിൽ സ്ത്രീകളുടെ എണ്ണവും വർദ്ധിപ്പിക്കണമെന്ന് അങ്ങ് ആവശ്യപ്പെടുന്നുണ്ടോ ? സ്ത്രീകളുടെ കാര്യത്തിൽ അങ്ങേയ്ക്ക് പ്രത്യേക താൽപ്പര്യം വല്ലതുമുണ്ടോ ? അതോ അത് എതിർക്കുകയാണോ ? ബഹുമാനപ്പെട്ട മെമ്പറുടെ സംസാരത്തിൽനിന്ന് സ്ത്രീകളെ എടുക്കുന്നത് ഒരു അത്യാവശ്യമല്ല എന്നു തോന്നി. അദ്ദേഹത്തിന് അത്യാവശ്യമല്ല. അദ്ദേഹം വേണ്ടെന്ന് വച്ചതാണ്. എന്നാലും സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുന്നതു കൊണ്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുമെന്ന് അങ്ങേയ്ക്ക് ധാരണയുണ്ടോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ബഹുമാനപ്പെട്ട ഹസ്സൻ മനസ്സിലിരിക്കുന്നത് എന്റെ അഭിപ്രായമാക്കിത്തീർക്കേണ്ട ആവശ്യമുണ്ടോ ? അതിന്റെ ആവശ്യമില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് One seat for a woman member and one seat for SC or ST. അപ്പോൾ ഫലത്തിൽ ഷെഡ്യൂൾഡ് ട്രൈബ്സിന് ഒന്നും ഇല്ലാതാകും. പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അത് ഏതായാലും സബ്ജക്ട് കമ്മിറ്റി പരിശോധിക്കുമ്പോൾ നോക്കണം. ഞാൻ ഇപ്പോൾ പറഞ്ഞുവെന്നേയുള്ളൂ. ഇങ്ങനെയുള്ള അപാകതകൾ ഉണ്ടോയെന്ന് പരിശോധിക്കുക എന്നുള്ളതല്ലാതെ തത്വത്തിൽ ഈ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതലായൊന്നും പറയാനില്ല. എന്നാൽ വളരെ ഗൗരവമുള്ള ഒന്നു രണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതു മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഒന്ന്, ഇതിനാകെ ഉണ്ടാകാനിടയുള്ള ഗുണം എന്നു പറയുന്നത് ഇത് പ്രായോഗികമായി എങ്ങനെ നടപ്പാക്കുമെന്നുള്ളതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. പ്രായോഗിക രംഗത്തിൽ സഹകരണ രംഗത്ത് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നോക്കിയാൽ വളരെയധികം ഉൽക്കണ്ഠക്കും ആകാംക്ഷക്കും ഇടവരുന്ന സ്ഥിതിയാണ് ഉള്ളത്. മൂന്നു കൊല്ലം എന്നുള്ളത 5 കൊല്ലമാക്കുന്ന സഹകരണ യൂണിയനും സർക്കിൾ യൂണിയനും എന്നുള്ളതാണ് നല്ലത്. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കാലങ്ങളിലുള്ളതിനേക്കാൾ കൂടുതലായിട്ട് അഭൂതപൂർവ്വമായ വളർച്ചയുണ്ടായ ഘട്ടമാണിത്. വളർച്ച മാത്രമല്ല അതുപോലെ പൊതുജനങ്ങളിൽ ഇത് വ്യാപിക്കുകയും ചെയ്യുന്നുണ്ട്. വ്യാവസായിക സഹകരണ സംഘം, കച്ചവട സഹകരണ സംഘം, ക്രെഡിറ്റ് സഹകരണ സംഘം, കൃഷി സഹകരണ സംഘം എന്നിങ്ങനെ സഹകരണ സംഘങ്ങൾ ചെന്നെത്താത്ത സ്ഥലങ്ങളില്ല മേഖലകളില്ല എന്ന സ്ഥിതിയിലേക്ക് പോകുന്നുണ്ട്. വളരെ നല്ലത്. എന്നാൽ അതിന്റെ കൂടെത്തന്നെ, നിയമത്തിൽ എഴുതി വച്ചിരുന്നാലും, പ്രയോഗത്തിൽ സഹകരണ പ്രസ്ഥാനത്തിൻമേൽ ബ്യൂറോക്രസ്സിയുടെ, ഗവൺമെന്റിന്റെ പിടിമുറുക്കുന്നതിനുള്ള പ്രവണതയാണ് ഇന്ന് കാണുന്നത്. ഒന്ന് 1969-ൽ ഉണ്ടാക്കിയ നിയമത്തിൽ തന്നെ അപര്യാപ്തതകളുണ്ട്. ഈ അപര്യാപ്തതകൾക്കു പുറമെ നിയമം നടപ്പാക്കുന്നതിന് പ്രായോഗികമായിട്ട് ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ മനോഭാവത്തിന്റെ ഫലമായിട്ട് പല വഴിക്കുകൂടി ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും, ഗവൺമെന്റിന്റെയും, ഗവൺമെന്റ് അതാത് കാലങ്ങളിൽ നടത്തുന്ന പുതിയ രാഷ്ട്രീയ പാർട്ടികളുടെയും പിടിമുറുക്കാൻ, അങ്ങനെ സഹകരണ രംഗത്ത് മഹാരാഷ്ട്രയിലും മറ്റു പല സ്ഥലങ്ങളിലും നമുക്കു അറിയുന്നതുപോലെ സഹകരണ പ്രസ്ഥാനം ചില സ്ഥാപിത താൽപ്പര്യക്കാരുടെ ഒരു കൂത്തരംഗമായി മാറ്റുന്നതിനുള്ള ശ്രമം ഇവിടെയും ധാരാളം നടക്കുന്നുണ്ട്. അതിന് സഹായകരമായി ഏറെ നടപടി എടുക്കുന്നുണ്ട്. സർ, സഹകരണ സംഘം ഭരണ സമിതികളിലേക്കു നോമിനേഷൻ നടത്തുന്നു. ജനാധിപത്യത്തെപ്പറ്റി, സ്റ്റെബിലിറ്റിയെപ്പറ്റി, കൺടിന്യൂവിറ്റിയെപ്പറ്റിയൊക്കെ സ്റ്റേറ്റ്മെന്റ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൻസിൽ പറയുന്നുണ്ട്. മന്ത്രി അതൊക്കെ ഓർക്കുന്നുണ്ടോ എന്ന് അറിയില്ല.

ശ്രീ. ടി. കെ. ഹംസ : സർ, ഈ കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സിന്റെ തീരുമാനങ്ങൾ നടപ്പാക്കാനാണ് ഈ ഭേദഗതി ബിൽ എന്നാണല്ലോ
11 a. m. പറഞ്ഞത്. കോ-ഓപ്പറേറ്റീവ് കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട ഒരു തീരുമാനമായിരുന്നു നോമിനേഷൻ ഒഴിവാക്കുകയെന്നുള്ളത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഞാൻ അതു പറയാൻ തുടങ്ങുകയായിരുന്നു. അതിനിടയ്ക്കാണ് ബഹുമാനപ്പെട്ട ഹംസ ചോദിച്ചത്. അപ്പോൾ ഇത് പറയുന്ന ആളുകൾ സ്റ്റെബിലിറ്റി കൺടിന്യൂറ്റി എന്നൊക്കെ പറയുകയും ഓരോ സ്ഥലത്തും രണ്ടും മൂന്നും ആളുകളെ കുത്തിത്തിരുകുകയും ചെയ്യുന്നു. എന്നിട്ട് ഒരുവിധം സ്റ്റേബിളായിട്ട് ഉറച്ചിരുന്നു പ്രവർത്തനം നടത്തികൊണ്ട് പോകുന്ന സ്ഥലങ്ങളിൽ കരുതിക്കൂട്ടി ഇംബാലൻസും ഇൻസ്റ്റെബിലിറ്റിയുമുണ്ടാക്കുന്നു. വളരെ എളുപ്പത്തിൽ രണ്ടോ മൂന്നോ പേരെ-നോമിനേറ്റ് ചെയ്യുക. ബോർഡ് മീറ്റിംഗിനു ഹാജരാകരുതെന്നു അവരെ മുൻകൂട്ടി ഏർപ്പാട് ചെയ്യുക. അങ്ങനെ അംഗങ്ങൾ വരാതിരുന്നാൽ ആ കമ്മിറ്റിക്ക് കോറമുണ്ടാവുകയില്ല. അങ്ങനെ 4 തവണയാകുംപോഴേക്കും പ്രവർത്തനം നടത്തുന്നില്ല എന്നു പറഞ്ഞ് കമ്മിറ്റി പിരിച്ചുവിടാം, സൂപ്പർസീഡ് ചെയ്യാം. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കൊണ്ടുവരാം, അഡ്മിനിസ്ട്രേറ്ററെ വയ്ക്കാം. സഹകരണ വകുപ്പിന്റെ ഉദ്യോഗസ്ഥനെ കൊണ്ടുവന്ന് പ്രതിഷ്ഠിക്കാം. എന്നിട്ട് ഇഷ്ടംകൊണ്ടങ്ങും നടത്താം. ഇങ്ങനെ കൃത്രിമമായി മാനിപ്പുലേറ്റ് ചെയ്തിട്ട് ഒരു പുതിയ ഇലക്ഷൻ നടത്താം. അങ്ങനെ ഈ രാജ്യത്താകെ അലോഹ്യമുണ്ടാക്കുകയാണ്. ഞങ്ങളൊക്കെ ഇത് നിത്യവും കാണുന്നവരാണ്. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിൽ ഇപ്പോഴും മൂന്നു ഇലക്ഷൻ നടന്നു. മൂന്നു ഇലക്ഷനുള്ള സന്നാഹമെന്നുവച്ചാൽ ഒരു യുദ്ധസന്നാഹം പോലെയാണ്. അപ്പുറത്തും, ഇപ്പുറത്തും വാശിയോടെ തിരിഞ്ഞുനിന്നിട്ട് പോരാടുന്നു. സർ, സഹകരണ പ്രസ്ഥാനം ഇൻഡ്യയിൽ രാഷ്ട്രീയത്തിനതീതമായി കൈകാര്യം ചെയ്യണമെന്ന് ബോധമില്ലെങ്കിൽ പിന്നെ എത്ര തത്വം പ്രസംഗിച്ചാലും പുണ്യമെന്താണ്?

ശ്രീ. എം. എം. ഹസ്സൻ : ഇവിടെ കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ശ്രീ. ടി. കെ. രാമകൃഷ്ണൻ ആയിരുന്നു സഹകരണ വകുപ്പുമന്ത്രി. സഹകരണ സംഘങ്ങളെ ഏറ്റവും കൂടുതൽ രാഷ്ട്രീയവൽക്കരിക്കുകയും, രഷ്ട്രീയം കുത്തിച്ചെലുത്തുകയും ചെയ്തത് ആ കാലഘട്ടത്തിലാണ്. തെരഞ്ഞെടുക്കപ്പെട്ടതിനേക്കാൾ കൂടുതൽ ആളുകളെ നോമിനേറ്റ് ചെയ്തുകൊണ്ട് ഞാൻ പ്രസിഡൻറായിട്ടുള്ള സംഘത്തിൽ ഞങ്ങളെ തോല്പിക്കാൻ അന്ന് ഇടതുമുന്നണിയിൽ ഞങ്ങളും ഇരുന്ന കാലത്ത് സഖ്യകക്ഷിയായിരിക്കുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയെടുത്ത നിലപാട് അങ്ങേക്കറിയാമോ? അങ്ങ് ഈ ആക്ഷേപം പറയുമ്പോൾ അക്കാര്യം മറന്നുപോകരുത്. അങ്ങും ഈ സഭയിൽ അന്ന് അംഗമായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഹസ്സൻ പറഞ്ഞത് ശരിയല്ല. ഇപ്പോഴും ഹസ്സൻ ഹൗസിംഗ് കോ-ഓപ്പറേറീവിൽ ഇരിക്കുന്നതു തന്നെ ഞങ്ങളുടെ കാരുണ്യം കൊണ്ടാണ്. അല്ലെങ്കിൽ ഇരിക്കുകയില്ലായിരുന്നു.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ തെരഞ്ഞെടുക്കപ്പെട്ടുതന്നെയാണ് വന്നത്. പിൻവാതിലിൽക്കൂടി കൂടുതൽ ആളുകളെ നോമിനേറ്റ് ചെയ്യിപ്പിച്ച് എന്നെ തോല്പിക്കാൻ നോക്കി. നടന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെയാണെങ്കിൽ തോറ്റുപോകുമായിരുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : എതായാലും ശ്രീ. ഹസ്സനെപ്പോലെ ഞാൻ പ്രത്യേകം വക്കാലത്ത് പിടിച്ചല്ല സംസാരിക്കുന്നത്. സഹകരണ രംഗത്തെങ്കിലും കക്ഷി രാഷ്ട്രീയത്തിന്റെ 'കടന്നുവരവ്' പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞില്ലെങ്കിൽ നിയന്ത്രിക്കുകയെങ്കിലും ചെയ്യണമെന്ന സ്ഥാനീത്ത് നിന്നുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ശ്രീ. ടി. കെ. രാമകൃഷ്ണൻ മന്ത്രിയായിരുന്ന കാലം മുതൽ ഇപ്പോഴും ഞങ്ങൾ പിൻതുടരാൻ ആഗ്രഹിക്കുന്ന നില. ശ്രീ. ഹസ്സനും ആ പ്രിൻസിപ്പിളിനോട് അഭിപ്രായവ്യത്യാസം പറയാൻ സാധിക്കുകയില്ല. ഇങ്ങനെ ഇവർ പ്രവർത്തനത്തിൽ എന്താണ് ചെയ്യുന്നതെന്ന് കണ്ട് നമുക്ക് മനസ്സിലാക്കാം. ഏതായാലും ഇന്ന് നോമിനേഷൻ എന്നുള്ള വടി ഉപയോഗിച്ച് സ്റ്റേറ്റുബിളായിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, ആരോഗ്യകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘങ്ങളെയെല്ലാം ഡിസ്റ്റെബിലൈസേഷൻ ചെയ്യുന്നു. റെഗുലർ ഡി-സ്റ്റെബിലൈസേഷൻ മാത്രമല്ല. നമ്മുടെ സഹകരണ രംഗത്തും ഇത്തരം ഡി-സ്റ്റെബിലൈസേഷനുണ്ട്. എവിടെയെങ്കിലും ഒരു സംഘം നന്നായിരുന്നാൽ 'ഒടക്കാക്കി തനിച്ചാക്കുക' യെന്ന സമ്പ്രദായമാണിത്.

ശ്രീ. സി. ടി. കൃഷ്ണൻ : ഈ സഹകരണസംഘങ്ങളിൽ സ്ത്രീകളെയും ഹരിജനങ്ങളെയും നോമിനേറ്റ് ചെയ്യണമെന്ന് വലിയ അത്യാഗ്രഹമിവിടെ പ്രഖ്യാപിക്കുന്നുണ്ട്. ഇന്ന് നിർവ്വധി ഭരണകക്ഷികൾ ഭരിക്കുന്ന സഹകരണ സംഘങ്ങളിൽ ഹരിജനങ്ങൾക്ക് മെമ്പർഷിപ്പുപോലും കൊടുത്തിട്ടില്ല എന്നുള്ളതൊരു സത്യമാണ്. അതു നിഷേധിക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: അങ്ങനെ ഡീസ്റെബിലൈസ് ചെയ്തിട്ട് നന്നായി പ്രവർത്തിക്കുന്ന സംഘങ്ങളെ ദോഷപ്പെടുത്തിയാണ് നടത്തുന്നത്. സഹകരണ കോൺഗ്രസിന്റെ തീരുമാനത്തെക്കുറിച്ച് ശ്രീ. തച്ചടി പ്രഭാകരൻ വളരെ കാര്യമായി പറഞ്ഞു. ആ സഹകരണ കോൺഗ്രസിന്റെ നോമിനേഷൻ ഒഴിവാക്കണമെന്ന് പറഞ്ഞിട്ടുണ്ടല്ലോ അത് എന്തു കൊണ്ട് സ്വീകരിക്കുന്നില്ല? പകരം ഇത്തരം ഏർപ്പാടുകളാണ് നടത്തി കൊണ്ടിരിക്കുന്നത്. അതുപോലെ നോമിനേഷൻ എന്നുള്ളതും. ഇങ്ങനെ പ്രത്യേകം ചില സ്ഥാപിത താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനുമുള്ള ഒരു സന്ദർഭമായിട്ട് ഉപയോഗിക്കരുതെന്നുള്ളതാണ് എനിക്ക് ഈ സമയത്ത് മുഖ്യമായി ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

സർ, ഇവിടെ പറഞ്ഞപോലെ 5 കൊല്ലമാണ് നിയമസഭയ്ക്ക് 5 കൊല്ലമാണ് പാർലമെന്റിനു, 5 കൊല്ലമാണ് പഞ്ചായത്തിനു, അതുകൊണ്ട് 5 കൊല്ലം വേണമെന്ന് പറഞ്ഞു. ഈ 5 എന്ന അക്കത്തിനു പ്രത്യേകമെന്തെങ്കിലും പുണ്യമുണ്ടോ? ചിലയിടത്തൊക്കെ 4 കൊല്ലമുണ്ട്, 3 കൊല്ലമുണ്ട്. ഇന്നലെ ഇവിടെ പാസ്സാക്കിയ വൈസ് ചാൻസലറുടെ ബിൽ 4 കൊല്ലമാണ്. രാജ്യസഭയ്ക്ക് 6 കൊല്ലമുണ്ട്. ഈ 5-നു എന്താണ് വല്ല പ്രത്യേക പർപ്പസുണ്ടോ? സഹകരണയൂണിയനുകളിൽ 5 കൊല്ലമാക്കുന്നതുകൊണ്ട് (5 കൊല്ലമാക്കാനുള്ള പരിശ്രമം നടക്കുന്നുണ്ട്). അങ്ങനെയുള്ളതുകൊണ്ട് പ്രത്യേകിച്ച് ഒരു ഗുണവുമില്ല. നമ്മെ നോമിനേറ്റ് ചെയ്തു അയയ്ക്കുന്ന ആളുകൾക്ക് ഒരു രണ്ടുകൊല്ലം കൂടിയിരുന്നു കസേര ചൂടാക്കാനുള്ള സൗകര്യം കിട്ടുമെന്നല്ലാതെ മറ്റു വിധത്തിൽ പ്രത്യേക പുണ്യമുള്ളതായിട്ട് എനിക്ക് തോന്നുന്നില്ല. എത്രയാലും അങ്ങനെ ഇരുന്നു കസേര ചൂടാക്കിക്കോട്ടെ. അതിനോട് ബന്ധപ്പെട്ട മറ്റൊരു കാര്യമുണ്ട്. ഈ നോമിനേഷന്റെ കാര്യത്തിൽ സഹകരണ കോൺഗ്രസ്സ് എടുത്ത നിലപാട് നടപ്പാക്കാൻ ശ്രമിക്കാത്ത ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ 3 കൊല്ലം എന്നുള്ളത് അഞ്ചാക്കണമെന്ന് നിർബന്ധം പിടിക്കുന്ന ഇതേ ഗവൺമെന്റ് തന്നെ ഇന്ന് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന വളരെ വളരെ അനാരോഗ്യകരമായ, ദോഷകരമായ ഏർപ്പാടുമൂലം സഹകരണ പ്രസ്ഥാനത്തിന്റെ അടിത്തറ തന്നെ മാന്തുന്ന ഒരേർപ്പാട് തുടങ്ങിവച്ചിരിക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന, മൗലികതത്വം ഒരാൾക്ക് ഒരു വോട്ട് എന്നുള്ളതാണ്. അതിനുപകരം ഒരു ഷെയറിന് ഒരു വോട്ട് എന്നുള്ള പുതിയ തത്വം ഇൻട്രോഡ്യൂസ് ചെയ്യാൻ പോകുന്നു. ആ തത്വം കൊണ്ടുവരാൻ പോകുന്നുവെന്നാണ് ഒരു പത്രത്തിൽ ഞാൻ വായിച്ചത്. മനോരമയിലോ, മാതൃഭൂമിയിലോ ആണ് അങ്ങനെ വായിച്ചത്. ഒരു സഹകരണവകുപ്പ് മേലുദ്യോഗസ്ഥൻ, സഹകരണരജിസ്ട്രാറോ അങ്ങനെയുള്ള ആരോ ആണ്....35 ലക്ഷം വോട്ട് ചെയ്തിരിക്കുന്നുവെന്നു പറഞ്ഞ് വലിയ മത്തങ്ങാ രൂപത്തിൽ പത്രത്തിൽ തലക്കെട്ടുവന്നു. 35 ഇഡ്ഡലി തിന്നുവെന്നു പറഞ്ഞാൽ അതു കേൾക്കാൻ രസമുള്ളതാണ്. 35 ലക്ഷം വോട്ട് ഒരാൾ ചെയ്തുവെന്നുപറഞ്ഞാൽ അതിനകത്ത് എന്താണ് രസം! ഈ സഹകരണ പ്രസ്ഥാനം പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനതത്വം തകർന്ന ചോദ്യം ചെയ്യപ്പെടുന്ന ഒരേർപ്പാട് ഈ രാജ്യത്തുണ്ടായിരിക്കുന്നു. അത് വളരെ തെറ്റായ ഒരു പ്രവണതയാണ്. ഇതൊക്കെ കണിക്കുന്ന ആളുകൾ, ഞങ്ങൾ സ്റെബിലൈസ് ഉണ്ടാക്കാൻ കൺടിന്യുറ്റിയുണ്ടാക്കാം, എന്നൊക്കെ പറഞ്ഞാൽ അതു വിശ്വസിക്കാൻ പ്രയാസമാണ്. എവിടെയായാലും നടന്നുവരുന്നത് അതാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നു പറഞ്ഞുകൊണ്ട് സംസാരിച്ച കൂട്ടത്തിൽ രജിസ്ട്രാർ തർക്കങ്ങളിൽ ആർബിട്രേറ്റർ ചെയ്യുന്നതും സെറ്റിൽ ചെയ്യുന്നതുമൊക്കെ സംബന്ധിച്ച് പറഞ്ഞപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, ഒരുലക്ഷത്തി ആറായിരം ഡിസ്പ്യൂട്ടുകൾ ഇവിടെ പെൻറിംഗ് ആണെന്ന്. രണ്ടരക്കോടി രൂപയുടെ പണമാണ് ആ ഡിസ്പ്യൂട്ടുകൾ തീരാത്തതുകൊണ്ട് ലോക്ക്ഡ് അപ്പായി കിടക്കുന്നത്. ഒരു ലക്ഷത്തിൽ ചിലപ്പോൾ ഡിസ്പ്യൂട്ട്സുണ്ട്. ഇത് എങ്ങനെ ഉണ്ടായി ? ഇത്തരം ഡിസ്പ്യൂട്ടുകൾ ഉണ്ടാകുന്നതിന് സഹകരണവകുപ്പിന് ചില കോൺട്രിബ്യൂഷൻസില്ലെ ? സഹകരണരംഗം ഇന്ന് രജിസ്ട്രേഷൻറെ വലിയൊരു കേന്ദ്രമായി മാറിയിരിക്കുകയാണ്. കേസ് നടത്തിപ്പില്ല. എന്നാൽ കേസ് കൊടുക്കലുണ്ട്. സാധാരണ ഭാഷയിൽ പറഞ്ഞാൽ വ്യവഹാരികളടങ്ങുന്ന വലിയൊരു സംഘമായി സഹകരണ പ്രസ്ഥാനം മാറിയിരിക്കുകയാണ്. എല്ലാ സ്ഥലത്തും അതിൻറെ പേരിൽ തർക്കമാണ്. ഇവിടെ ബഹുമാനപ്പെട്ട ഹംസ പറഞ്ഞപോലെ മെമ്പർമാരെ ചേർക്കാതിരിക്കുക, പ്രത്യേകിച്ചും ഹരിജനങ്ങൾക്കും ദുർബലവിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കും മെമ്പർഷിപ്പ് കൊടുക്കാതിരിക്കുക.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സഹകരണ സംഘങ്ങളുടെ കാലാവധി 5 വർഷമാക്കുന്നതിനെക്കുറിച്ച് പറഞ്ഞല്ലോ. അതിൽ 3 വർഷമെന്നുള്ള കാലാവധി 5 വർഷമായി മാറണമെങ്കിൽ സഹകരണ സ്ഥാപനങ്ങളുടെ ബൈലെ അമൻറുചെയ്യണം. ബൈലാ അമൻറുചെയ്യാൻ ജോയിൻറ് രജിസ്ട്രാറുടെ അംഗീകാരം വേണം. എന്നാൽ ഗവൺമെൻറിന് അനുകൂലമല്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ 5 വർഷമെന്ന് ബൈലാ അമൻറ് ചെയ്യാൻ, അതിന് ജോയിൻറ് രജിസ്ട്രാർമാരെകൊണ്ട് അംഗീകാരം കൊടുപ്പിക്കാത്ത കാര്യങ്ങൾ, ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെ നാദാപുരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൻറെ ബൈലാ അമൻറ് ചെയ്തുകൊടുത്ത കോഴിക്കോട് ജോയിൻറ് രജിസ്ട്രാരെ അതിൻറെ പേരിൽ മന്ത്രി ഇടപെട്ട് സ്ഥലം മാറിയതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഇതിനെക്കാൾ വളരെയധികം എതിർക്കപ്പെടേണ്ടതായിട്ടുള്ള അനവധി പ്രവണതകൾ നിത്യവും നടന്നുവരികയാണ്. നിത്യവും കേൾക്കുന്ന കാര്യമാണ്. ഇതൊക്കെയാണ് പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ കണ്ടുകൊണ്ടിരിക്കുന്ന ഏർപ്പാടുകൾ. ഈ ബില്ലിൽ പറയുന്നത് മൂന്നു നിർദ്ദേശങ്ങളാണ്. സ്ത്രീകൾക്ക് പ്രാതിനിത്യം കൊടുക്കണമെന്ന് പറയുമ്പോൾ ഒരു സ്ത്രീയെ ഡയറക്ടർ ബോർഡിലേക്ക് എടുക്കുകയെന്നുള്ളതല്ല ഉദ്ദേശിക്കുന്നത്. സഹകരണ പ്രസ്ഥാനത്തിൽ സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായി അർഹിക്കുന്ന പങ്ക് വഹിക്കാൻ ഇടയാക്കണമെന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. അത് ചെയ്യുന്നതിനു പകരം ആളെ ചേർക്കുകയേയില്ല. ഇന്ന നിറമുള്ള ആൾ, ഇന്ന രാഷ്ട്രീയ നിറമുള്ള ആൾ, ഇന്ന പ്രദേശത്തുള്ള ആൾ. അങ്ങനെയുള്ള ആളുകളാണെങ്കിൽ ചേർക്കാതിരിക്കുക, ചേർത്തവരെത്തന്നെ വിവരങ്ങൾ അറിയിക്കാതിരിക്കുക, അവർക്ക് പങ്കെടുക്കാൻ സൗകര്യം കൊടുക്കാതിരിക്കുക, ഇതിനകത്ത് കക്ഷിപിടുത്തമുണ്ടാക്കുക. ഇങ്ങനെയാണെങ്കിൽ പിന്നെ 50 ശതമാനത്തിൽ കൂടുതൽ വരുന്ന സ്ത്രീകൾക്ക് എങ്ങനെയാണ് പ്രാതിനിധ്യം കിട്ടാൻ പോകുന്നത്. പിന്നെ ഹരിജനങ്ങളാണ്. അവർ അവരുടെ കാര്യങ്ങൾ പ്രകാശിപ്പിക്കാനുള്ള ആർട്ടിക്കുലേഷനുള്ള കഴിവില്ലാത്തവരാണ്. അവരെയും കൊണ്ടുവരണമെന്ന് ഈ സഹകരണസംഘങ്ങൾ നടത്തിക്കുന്നവർക്ക് പ്രത്യേകം വാശിയുണ്ടെങ്കിൽ മാത്രമേ അവരെ ഇതിനകത്ത് കൊണ്ടുവരാൻ കഴിയുകയുള്ളു. ഇന്നിപ്പോൾ കുറെ ഹരിജൻ സൊസൈറ്റികളുണ്ടായിട്ടുണ്ട്. ഹരിജൻ സൊസൈറ്റികളിൽ ഹരിജനങ്ങളില്ലാത്ത ആളുകളുടെ എണ്ണം കുറവാണ്. പേരിന് മാത്രമേയുള്ളുവെങ്കിൽ പ്പോലും അങ്ങനെയുള്ള സംഘങ്ങളിലും യഥാർത്ഥത്തിൽ ഹരിജനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ചെറിയ പങ്ക് മാത്രമേയുള്ളു. കാരണം അവർക്ക് അതിനുള്ള പ്രാപ്തിയില്ല. ആരെങ്കിലും അവരെ പ്രേരിപ്പിച്ചുകൊണ്ടുവന്നാൽ മാത്രമേ ഹരിജനങ്ങൾക്ക് അതിൽ പങ്ക് വഹിക്കാൻ സാധിക്കുകയുള്ളു. അത്തരം പ്രേരണകളും നിയമം നിർമ്മിക്കുന്നതുകൊണ്ടുമാത്രം ഉണ്ടാകുകയില്ല. അത് നടത്തുന്ന ആളുകളും, സഹകരണസംഘങ്ങളിൽ മുൻകൈയെടുക്കുന്ന സ്പോൺസറൻമാരായി പ്രവർത്തിക്കുന്ന ആളുകളും ഇതു വേണമെന്നു തോന്നി അവർ അതിനുവേണ്ടി ശ്രമിച്ചാൽ മാത്രമേ സ്ത്രീകളുടേതായാലും, ഹരിജനങ്ങളുടേതായാലും ആരുടെ കാര്യമായാലും, വാസ്തവത്തിൽ ഇന്ന് ഇല്ലാത്ത വിധത്തിൽ അവർക്ക് കൂടുതൽ പങ്ക് വഹിക്കാൻ സാധിക്കുകയുള്ളു.

സർക്കിൾ യൂണിയനും, മറ്റ് നോൺ-ഓഫീഷ്യൽ യൂണിയനും അഞ്ചുകൊല്ലം നീട്ടിക്കൊടുത്തത് വളരെയധികം പ്രയോജനമുണ്ടാക്കാൻ വേണ്ടിയാണ്. യഥാർത്ഥത്തിൽ സഹകരണത്തിന്റെ അടിസ്ഥാന മനോഭാവമുണ്ടാകുകയും, അത് പ്രവൃത്തിയിൽ പ്രതിഫലിക്കുകയും ചെയ്തില്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ പ്രത്യേകിച്ച് ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഏതായാലും 1969-ലെ സഹകരണനിയമത്തിൽ തന്നെ, സഹകരണ വകുപ്പിലെ ആളുകളും പോലും, സഹകരണ വകുപ്പു മന്ത്രിപോലും ഇക്കാര്യം സമ്മതിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. വളരെയധികം മാറ്റങ്ങൾ വരുത്താനുള്ള സമയം ഇപ്പോൾ തന്നെ കഴിഞ്ഞിരിക്കുകയാണ്. 18, 19 വർഷക്കാലമായിരിക്കുകയാണ്. വളരെ വേഗത്തിൽ 1969-ലെ സഹകരണനിയമത്തിന് ഭേദഗതി വരുത്തുകയും, ബ്യൂറോക്രസിക് പ്രസ്ഥാനത്തിൻമേലുള്ള നിയന്ത്രണം വെട്ടിച്ചുരുക്കുകയും സ്വന്തമായിട്ട് സ്വയം പ്രവർത്തിക്കാൻ കഴിയുന്ന സ്വയംഭരണാവകാശം പരിപൂർണ്ണമായി വിനിയോഗിക്കുന്ന ഒരു സ്വയംഭരണ പ്രസ്ഥാനമായി സഹകരണ സംഘത്തെ വളർത്തുകയും, അങ്ങനെ പുത്തനായിട്ട് കാർഷിക രംഗത്തും, മറ്റ് രംഗങ്ങളിലുമൊക്കെ ഉയർന്നുവന്നിട്ടുള്ള വെല്ലുവിളികളെ ഫലപ്രദമായി, വിജയകരമായി നേരിടുന്നതിനുള്ള കഴിവ് ഉണ്ടാക്കുകയും ചെയ്യത്തക്കവിധത്തിൽ, 1969-ലെ സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം, ഇതുപോലെ അങ്ങിങ്ങ് ഓർഡിനൻസ് കൊണ്ടുവന്ന് രണ്ടുമൂന്ന് ചില്ലറ കാര്യങ്ങളിൽ മാറ്റം വരുത്തുകയെന്നുള്ളതല്ല. സമഗ്രമായി ഭേദഗതിചെയ്യുന്ന കാര്യം വളരെ വേഗം ഗവൺമെന്റ് ആലോചിക്കുകയും നടപ്പാക്കുകയും ചെയ്യണമെന്നു പറഞ്ഞ് കൊണ്ട് ഞാൻ എന്റെ പ്രമേയം സഭയുടെ മുൻപാകെ വയ്ക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോഴത്തെപോലെ സഹകരണ പ്രസ്ഥാനത്തെ വിറ്റ് കാശാക്കുന്ന സംഭവങ്ങളും സന്ദർഭങ്ങളും ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. സർ, "വിൽക്കാനുണ്ട് സ്വപ്നങ്ങൾ" എന്ന് പറയുന്ന ഒരു സിനിമാപരസ്യം ഞാൻ കണ്ടിട്ടുണ്ട്. ഈ അടുത്ത കാലത്തായിട്ട് സഹകരണ രംഗത്ത് ഉയർന്നുവന്നിട്ടുള്ള ഒരു മുദ്രാവാക്യം "വിൽക്കാനുണ്ട് നോമിനേഷൻസ്" എന്നാണ്. അതിന്റെ കുറഞ്ഞ ചാർജ്ജ് 50 രൂപയാണ്. അൻപതു രൂപ മുതൽ വാങ്ങിക്കൊണ്ട് ഈ നോമിനേഷൻ സമ്പ്രദായം നടപ്പിലാക്കുന്ന, സഹകരണരംഗത്തെ വിറ്റ് കാശാക്കുന്ന രീതി മറ്റേതെങ്കിലും രംഗത്തുണ്ടോ? അല്ലെങ്കിൽ കേരളം കഴിഞ്ഞ് മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടോയെന്ന് നമ്മൾ ആലോചിക്കേണ്ടിയിരിക്കുന്നു. സർ, 9-ാം സബ്ജക്ട് കമ്മിറ്റിയിലെ ഒരംഗമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് തന്നെ ഞാൻ പല ആവർത്തി ചോദിച്ചിട്ടുള്ള ഒരു ചോദ്യമാണിത്. ഈ നോമിനേഷൻ സമ്പ്രദായം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ നോമിനേഷനുവേണ്ടി 50 രൂപ വാങ്ങുന്നത് ഗവൺമെന്റിനു തന്നെ അപമാനമാണെന്ന് ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞ കാര്യം മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : അത് കൂടി ഉൾക്കൊണ്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. സർ, ഈ നോമിനേഷൻ സമ്പ്രദായം ഇന്ന് സഹകരണ രംഗത്ത് വരുത്തിവച്ചിട്ടുള്ള.....

.....

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. ശ്രീനിവാസൻ മന്ത്രിയായിരുന്ന അവസരത്തിൽ ഈ സഭയിൽത്തന്നെ അന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ഒരു ബില്ലിനെ സംബന്ധിച്ച് ചർച്ച നടത്തിയപ്പോൾ അതിന്റെ സമിതികളിലേക്കുള്ള നോമിനേഷൻ എടുത്തുകളയുന്നതിനുവേണ്ടിയുള്ള ഭേദഗതി അന്ന് നിയമസഭയിൽ പ്രതിപക്ഷത്തിരുന്ന ഞങ്ങളൊക്കെ കൊണ്ടു വന്നപ്പോൾ അതിനെ എതിർത്ത ആളുകൾ ഇന്ന് എന്തിനാണ് ഈ നോമിനേഷനെ എതിർക്കുന്നത് ?

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഓർമ്മ കാണും. അന്ന് ഞങ്ങളും പ്രതിപക്ഷത്തുതന്നെയായിരുന്നു. പക്ഷേ ആ കാലത്ത് കൊണ്ടുവന്ന ഒരു ഭേദഗതി അംഗീകരിച്ചില്ലെന്ന് വച്ച് അത് തന്നെ ആയുഷ്ക്കാലം മുഴുവൻ മുദ്രാവാക്യമെന്ന് പറഞ്ഞ് അന്ന് തെറ്റെന്ന് തോന്നിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങളുണ്ട്.....

ശ്രീമതി. കെ. ആർ. ഗൗരി : അന്ന് ശ്രീ. ശ്രീനിവാസൻ കൊണ്ടുവന്ന നിയമത്തിൽ നോൺ-ഒഫിഷ്യൽസിനെയല്ല, ഒഫിഷ്യൽസിനെ നോമിനേറ്റു ചെയ്യാൻ മാത്രമായിരുന്നു. ഇത് നോൺ ഒഫിഷ്യൻസാണ്. പലയിടത്തും ഈ വിധത്തിലാണ്. ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അതിർത്തിയിലില്ലാത്തവർപോലും ഇതിൽ നോമിനേറ് ചെയ്യുന്ന സമ്പ്രദായം ആണ് ഇന്നത്തെ കാലത്ത് നടക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ ഓർമ്മക്കേടു കൊണ്ടായിരിക്കാം. നോൺ ഒഫിഷ്യൽസിന്റെ കാര്യം തന്നെയാണ് ഒഫിഷ്യൽസിന്റേയല്ല. എനിക്ക് നല്ല ഓർമ്മയുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : ബഹുമാനപ്പെട്ട ഗൗരിയമ്മ സൂചിപ്പിച്ചതിൽ ഒരു ഉദാഹരണം കൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താം. നെയ്യാറിൻകരയിൽ ഒരു പ്രൈമറി ലാൻഡ് മോർട്ട്ഗേജ് ബാങ്കുണ്ട്. മുൻ എം. എൽ. എ. യായിരുന്ന ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായരാണ് അവിടത്തെ പ്രസിഡന്റ്. അവിടെ ഒരു നോമിനേഷൻ മൂലം പ്ലാന്ററിന്റെ സുരക്ഷിതത്വത്തിന് വേണ്ടി വർക്കലക്കാരനായ ഒരാളെ നിയോഗിച്ചു. ഏത് അടിസ്ഥാനത്തിലാണ്, ഏത് ഗൈഡ്ലൈൻ അനുസരിച്ചാണ് നെയ്യാറിൻകര താലൂക്കിൽനിന്നും, തിരുവനന്തപുരം താലൂക്കിൽ നിന്നും വിദൂരത്തിൽ കഴിയുന്ന ഒരാളിനെ നോമിനേറ് ചെയ്തത് നെയ്യാറിൻകരയിലുള്ള ഒരു സഹകരണസ്ഥാപനത്തിന്റെ സംരക്ഷണം ഏറ്റെടുക്കുന്നതിനുവേണ്ടി നിയമിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായതെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കാത്തത്. ഇതിന്റെ ജനാധിപത്യത്തിന്റെ സ്വഭാവമേ നഷ്ടപ്പെടുത്തിയിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ദിവസം കഴിയുന്തോറും ബ്യൂറോക്രസിക്ക് പ്രാധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട് സകലതിനേയും സർക്കാരിന്റെ കൈക്കലൊതുക്കുന്ന ഒരു പ്രവണതയാണ് ഈ നിയമനിർമ്മാണത്തിലൂടെ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ളത്. സർ, സർക്കിൾ യൂണിയന് 5 വർഷക്കാലത്തേക്ക് കാലാവധി നീട്ടിക്കൊടുത്തു. അതിന്റെ ആവശ്യമെന്താണ് സർ, അതിനെക്കുറിച്ച് അറിവുള്ള സഹകാരികൾ പറഞ്ഞ ഒരു വാചകമുണ്ട്. അതാണ് അജാഗളസ്തനം ചില ആടിന്റെ കഴുത്തിൽ രണ്ട് മുലകൾപോലെ കാണും. അതിനെ എത്ര കറന്നാലും പാല് കിട്ടുകയില്ല. പക്ഷേ പാല് കിട്ടണമെന്നുണ്ടെങ്കിൽ പാല് കിട്ടുന്ന അകിടുണ്ട്. അവിടെ കറക്കണം. ഈ അജാഗളസ്തനം പോലെയുള്ള ഒരു സ്ഥാനവും കൊടുത്ത് സർക്കിൾ യൂണിയനെ ഇരുത്താമെന്നല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. സംസ്ഥാനതല സർക്കിൾ യൂണിയനുണ്ട്. ഇതിനെയൊക്കെ അവിടവിടെ പ്രതിഷ്ഠിച്ചിട്ടുണ്ട്. അതിന്റെ അഭിപ്രായം പോലും നോക്കേണ്ട ആവശ്യമില്ല. സഹകരണ രജിസ്ട്രാർക്ക് എന്തെല്ലാം നിർദ്ദേശം കൊടുത്താണെന്നോ ഒരു നിയമ നിർമ്മാണം നടപ്പിലാക്കുന്നതിനുവേണ്ടി, 1969-ൽ പാസ്സാക്കിയ ഒരു നിയമനിർമ്മാണം; 16, 17 വർഷങ്ങൾക്കുശേഷം അതിനെ പൂർണ്ണമായും പുനഃസംഘടിപ്പിച്ചുകൊണ്ട് ഒരു വിശാലമായ നിയമനിർമ്മാണം കൊണ്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. എനിക്ക് ശേഷം എന്റെ സുഹൃത്ത് ശ്രീ. പി. സി. ജോർജ്ജ് സംസാരിക്കും. അദ്ദേഹം തന്നെ ഇവിടെ ഒരു ഭേദഗതികൊണ്ട് വരണമെന്ന് പറഞ്ഞ് ഒരു ബില്ല്തന്നെ അവതരിപ്പിച്ചു, ഏതെങ്കിലും ഡയറക്ടർ ബോർഡ് അംഗത്തിന്, അയാളുടെ അംഗത്വം നഷ്ടപ്പെടുന്നതിന് മുൻപ് ഒരു നോട്ടീസ് അയച്ച് വിവരം അറിയിക്കണമെന്ന് അതിനെല്ലാം വിശാലമായ നിയമം കൊണ്ടുവരുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിസഭയിൽ ഉറപ്പു നൽകിയിട്ടുള്ളതാണ്. സർ, ഇന്ന് ഈ സഹകരണനിയമം വിശാലമാക്കികൊണ്ട് വരണമെന്ന് പറയുമ്പോൾ ഇന്ന് ജനജീവിതത്തിന്റെ സകല മേഖലകളും ഈ സഹകരണമേഖലയുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. മണിത്തൊട്ടിൽ മുതൽ ശവക്കുഴി വരെയുള്ള കാര്യങ്ങൾ ഈ സഹകരണമേഖലയിലൂടെ നടപ്പിലാക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് അത് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. സർ, ഈ അടുത്തകാലത്ത് ചില സഹകരണ സ്ഥാപനങ്ങൾ ഒരു പദ്ധതിയുണ്ടാക്കി. ഒരു സഹകരണ സ്ഥാപനത്തിലെ അൻപതോ, അറുപതോ വയസ്സായ ഒരാൾ മരിക്കാനുള്ള കാലം വരുമ്പോൾ തന്റെ മക്കൾ ദാരിദ്ര മൂലം അടുത്ത വീട്ടിൽ പണത്തിന് പോകാതിരിക്കുന്നതിനുവേണ്ടി ഒരു സ്കീം ഫ്ലർപ്പെടുത്തി. അൻപതോ, നൂറോ രൂപ നാലഞ്ച് ഗഡുക്കളായിട്ട് ഒരു സഹകരണ സ്ഥാപനത്തിന് കൊടുത്തുകഴിഞ്ഞാൽ ഈ ആൾ മരിച്ചുവെന്നുള്ള വാർത്ത ആ സ്ഥാപനത്തിൽ അറിയിച്ച് മൂന്ന് മണിക്കൂറിനകത്ത് അദ്ദേഹത്തിന്റെ ഇഷ്ടാനുസരണം അനന്തരനടപടികൾ നടത്തണമെന്നുള്ള ആഗ്രഹങ്ങൾ എന്തെല്ലാമുണ്ടോ, അതെല്ലാം പൂർത്തീകരിക്കത്തക്കവിധത്തിൽ 500 രൂപ മുതൽ അയ്യായിരം രൂപ വരെയോ, 10,000 രൂപ വരെയോ ചെലവഴിക്കുന്നതിനുള്ള സ്കീമുകൾ വിശാലമായിട്ട് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഇപ്രകാരം ഓർഡിനൻസ് ബഹുമാനപ്പെട്ട കെ.വി. സുരേന്ദ്രനാഥ് പറഞ്ഞതുപോലെ ഒരു ഹരിജൻ പ്രതിനിധിയേയും, ഒരു വനിതാ പ്രതിനിധിയേയും തിരഞ്ഞെടുക്കാണമെന്നുപറഞ്ഞുകൊണ്ടുവന്നിരിക്കുകയാണ്. ഇതു പറയുമ്പോൾ ഒരു പക്ഷേ അവർ ചോദിച്ചേക്കാം, ഇതിന് നമ്മൾ എതിരാണോയെന്ന്. ഹരിജനങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള പ്രാതിനിധ്യം ഈ സഹകരണസംഘത്തിൽ മാത്രമല്ല, ഇങ്ങനെ ഒരു നിയമം കൊണ്ട് വന്നതിനുശേഷം ഇതിൽ അവർക്കുള്ള ഔദ്യോഗിക പ്രാതിനിധ്യം കൂടി സൂചിപ്പിച്ചിട്ടുണ്ട്. സർ, ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നല്ലോ, അതിനുശേഷം ഏത്ര സഹകരണ സ്ഥാപനത്തിൽ ആളുകളെ നിയമിച്ചതിൽ, ഇത്രാത്തിൽ അവർക്കുള്ള പ്രാതിനിധ്യം കൊടുത്തിട്ടുണ്ടെന്നു അന്വേഷിക്കാൻ ഒരു ഡാറ്റാ കളക്ഷനുവേണ്ടിയെങ്കിലും തയ്യാറായിരുന്നെങ്കിൽ, ഈ നിയമത്തിന്റെ പിന്നിലുള്ള സദുദ്ദേശം, ഒന്ന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : സർ, പത്തനംതിട്ട ജില്ലയിൽ പെരുന്തേനരുവി ഗിരിജൻ സഹകരണസംഘം എന്നൊരു സംഘം ഉണ്ട്. ആ സംഘത്തിലെ അംഗങ്ങളുടെ ഇടയിൽ എസ്. എസ്. എൽ. സി. പാസ്സായ 3 ആളുകളുടക്കം വിദ്യാഭ്യാസമുള്ള 15 അംഗങ്ങളുണ്ട്. പക്ഷെ ആ സംഘത്തിലെ പ്രസിഡൻറും സെക്രട്ടറിയും മറ്റു സ്ഥലത്തുള്ള വേറെ ആളുകളാണ്. ഈ പ്രദേശത്ത് ഗിരിജനങ്ങളോട് ചെയ്യുന്ന ഒരു കടുംകയ്യാണിതെന്നുള്ള കാര്യത്തിൽ മെമ്പറുടെ അഭിപ്രായമെന്താണ്.

ശ്രീ. എസ്. ആർ. തങ്കരാജ് : ഈ ഹരിജന സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കിയതിനു ശേഷം അവരെ അവഹേളിക്കുന്ന രീതിയിലാണ് അതിന്റെ ഭരണ യന്ത്രം കൊണ്ടുപോകുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, നെയ്യാറിൻകര താലൂക്കിൽ ഒരു ഹരിജൻ സഹകരണ സംഘം ഉണ്ട്. ആ സംഘത്തിലെ മുഴുവൻ മെമ്പർമാരും നായൻമാരുടെ വീട്ടിലെ അംഗങ്ങളാണ്, ഇതിനെപ്പറ്റി അന്വേഷിച്ച് ഈ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിലെ തന്നെ ഒരു ജോയിൻറ് രജിസ്ട്രാർ റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞിട്ട് 2 കൊല്ലം ആയിട്ടും നടപടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എസ്. ആർ. തങ്കരാജ് : അങ്ങനെ കോട്ടുകാൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സഹകരണസംഘം ഇന്നും നിലവിലുണ്ട്. അതിനെക്കുറിച്ച്, ഒരു റിപ്പോർട്ടില്ല, ഒരായിരം റിപ്പോർട്ട് വന്നാലും ബഹുമാനപ്പെട്ട മന്ത്രിയും ഇന്ന് അധികാര കസേരകളിൽ ഇരിക്കുന്ന മന്ത്രിമാരും അതിനെതിരായി നടപടി എടുക്കാൻ തയ്യാറാകുകയില്ല എന്നുള്ളതാണ് വസ്തുത. ഈ വസ്തുതകളെല്ലാം ഉൾക്കൊണ്ടുതന്നെ ഈ ജനാധിപത്യത്തിനെതിരായി ഒരു വെല്ലുവിളി ഉയർന്നു വന്നാൽ ആ വെല്ലുവിളിക്കെതിരായി പ്രതികരിക്കേണ്ട ഒരു ബാദ്ധ്യത ഇല്ലേ? ഒരു ജനാധിപത്യ വിശ്വാസിയെന്ന നിലയിൽ അങ്ങനെയൊരു ബാദ്ധ്യത ഉള്ളതുകൊണ്ടാണ് ഇവിടെ ഇത് പറയാൻ ഇടയാകുന്നത്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ : സർ, കർണ്ണാടക സ്റ്റേറ്റിൽ ജനതാ പാർട്ടിയുടെ ഒടുവിലത്തെ ഭരണം നടക്കുകയാണിപ്പോൾ. അവിടെ ഈ സഹകരണ സംഘം നിയമമുണ്ടല്ലോ. ആ നിയമത്തിൽ ഹരിജനങ്ങൾക്ക് പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ ; കേരളവുമായിട്ട് താരതമ്യപ്പെടുത്തി പറയാൻ കഴിയുമോ ?

ശ്രീ. എസ്. ആർ. തങ്കരാജ് : കർണ്ണാടക എന്ന വാക്ക് ഉച്ചരിക്കാൻ പോലും ബഹുമാനപ്പെട്ട മെമ്പർക്ക് അർഹതയില്ല. അവിടെ നടപ്പിലാക്കുന്ന പല വെൽഫെയർ പ്രവർത്തനങ്ങളുടെയും ചുവടു പിടിക്കാൻ ഇവിടുത്തെ ബഹുമാനപ്പെട്ട കരുണാകരന്റെ മന്ത്രിസഭ കിണഞ്ഞു പരിശ്രമിക്കുന്നുയെന്ന വസ്തുത ബഹുമാനപ്പെട്ട അംഗം ഒന്നു മനസ്സിലാക്കിയിരുന്നെങ്കിൽ ഇങ്ങനെ ഒരു ചോദ്യം ചോദിക്കേണ്ട ആവശ്യമേ ഉണ്ടാകുമായിരുന്നില്ല. സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു നിയമനിർമ്മാണം ഇത്തരത്തിൽ കൊണ്ടു വരുമ്പോഴും ഇത് നിരാകരിക്കണമെന്ന പ്രമേയത്തെ അനുകൂലിച്ച് സംസാരിക്കുമ്പോഴും അത് അവരോടെന്തെങ്കിലും വിരോധമുണ്ടോ എന്ന് തോന്നിപ്പോകും. ഈ ഹരിജനസംഘങ്ങളും മുഴുവൻ ഇന്ന് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ഭരിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ ചോദിച്ചതുപോലെ പല സഹകരണസംഘങ്ങളിലും വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ, ഈ സഹകരണ നിയമം പഠിച്ച ചെറുപ്പക്കാരാണ്. ഈ രംഗത്ത് വന്ന് പ്രഗൽഭമായി

LIBRARY ARCHIVES Kerala Legislative Assembly

പ്രശസ്തമായി സേവനം നടത്തുവാനും മരണസംവിധാനമേറെടുക്കുവാനും കഴിവുള്ള ചെറുപ്പക്കാരുള്ള സ്ഥാപനങ്ങളിൽ അവരെയെല്ലാം നിരാകരിച്ചുകൊണ്ട് അവിടെ ഉദ്യോഗസ്ഥൻമാരെ കൊണ്ട് ഭരിപ്പിക്കുകയാണ്. കുന്നത്തുമല ഗിരിജൻ സർവ്വീസ് സൊസൈറ്റിയിൽ ഒരു ഉദ്യോഗസ്ഥനാണ് ഭരണം നടത്തുന്നത്. അവിടെ ലോണുകളും വിതരണം ചെയ്യുമ്പോഴും അത് ഇൻസ്പെക്ടറേയും കൂടെ ബന്ധപ്പെടുത്തി വേണം ഹരിജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതെന്നും, അയാളുടെ അഭാവത്തിൽ നടത്തിയ പല വിവരണവും അംഗീകരിക്കുകയില്ലെന്നും രജിസ്ട്രാർ നോട്ടീസ് കൊടുത്തു. ഇത് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഗിരിജനങ്ങളുടെ പ്രശ്നമായതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. പക്ഷെ അയാളെ അതിനെതിരായി നിപ്പോർട്ടുകൊടുത്ത അസിസ്റ്റൻറ് രജിസ്ട്രാർക്കും, ജോയിൻറ് രജിസ്ട്രാർക്കും രജിസ്ട്രാർക്കും മന്ത്രിക്കുമെല്ലാം കൊടുത്തിട്ടും അതിനെക്കുറിച്ച് ഒരു പ്രതികരണവുമില്ല. എങ്ങനെയാണ് ഈ രാജ്യത്ത് അഴിമതി നിരോധനമുണ്ടാക്കുക. ഇതിനേക്കാളും നല്ലത് ഒരു അഴിമതി ദേശസാൽക്കരണ നിയമം കൊണ്ടുവരികയാണ്. ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും പേരിൽ മുതലക്കണ്ണീർ ഒഴുക്കുകയും അവർക്കെതിരായി നടപടികളും നടപ്പിലാക്കുകയും ചെയ്യുന്ന സർക്കാർ അവരുടെ പേരിൽ ഈ നിയമം ഓർഡിനൻസായി കൊണ്ടുവന്നതിനുശേഷം അത് നടപ്പിലാക്കുന്നതിന് യാതൊരു നടപടിയും എടുത്തില്ലെന്ന കാര്യം വേദനയോടുകൂടി പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുഴുവൻ ഇന്ന് സ്തംഭനാവസ്ഥയിലാണ്. അധികാരം മുഴുവൻ രജിസ്ട്രാർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിനുള്ള നടപടിയാണ്. ഇതിൽ ഏറ്റവുമൊടുവിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതിൽ തന്നെ ഒരു പുതിയ വകുപ്പ് എഴുതി ചേർക്കേണ്ട കാര്യം മാത്രമല്ലേയുള്ളൂ. ഇന്ന ആളുകൾക്ക് അധികാരം, ഇന്ന റാങ്കിലുള്ള ആളുകൾക്ക് ഡലിഗേഷൻ ഓഫ് പവർ, ഇന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന് കേസ് സുകൾ നടത്താനും കേൾക്കാനും അതുപോലെതന്നെ അതിൻെറ വിധി പ്രഖ്യാപിക്കാനും, അധികാരമുണ്ടെന്ന് ഇതിൽ ഡിഫൈൻ ചെയ്യേണ്ടതിനു പകരം വീണ്ടും ബ്യൂറോക്രസി നിലനിർത്താനാണ് ഈ കൊണ്ടുവന്നിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽ ആയിരക്കണക്കിന് കേസ് സുകൾ വിധി പ്രഖ്യാപിക്കാനായിട്ട് കെട്ടിക്കിടക്കുകയാണ്. ഒരു കോടതി ഉത്തരവുണ്ടായ സന്ദർഭത്തിൽ തന്നെ അടിയന്തരമായി ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കേണ്ടതിനു പകരം ഇവിടെ ഇതിനുമുമ്പ് ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച കെ. വി. സുരേന്ദ്രനാഥ് പറഞ്ഞതുപോലെ തന്നെ ഇതിന് യാതൊരു അത്യാവശ്യവുമില്ലാത്ത ഓർഡിനൻസ് കൊണ്ടുവരികയും അതിനു ശേഷം വിശാലമായ ഒരു നിയമം കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിനു വേണ്ടി കൊണ്ടുവരാതിരിക്കുന്നതിനുവേണ്ടി ഇങ്ങനെ പെറിയ നിയമനിർമ്മാണവുമായിട്ട് വന്നിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഇത് നിരാകരിക്കുകയും ഒരു വിശാലമായ നിയമനിർമ്മാണം ഈ സഭയിൽ അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri T. S. John : Sir, I move that the Kerala Co-operative Societies (Amendment) Bill, 1986 be circulated for eliciting public opinion till 31-12-1986.

സർ, ബഹുമാനപ്പെട്ട സുരേന്ദ്രനാഥും തങ്കരാജും ഈ ബില്ല് നിരാകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ നിയമത്തിനെതിരായി ചില വാദമുഖങ്ങൾ ഉന്നയിച്ചു. എനിക്കതിൽ അത്ഭുതം തോന്നുകയാണ്. അത് നിർഭാഗ്യകരമായ പ്പോയിയെന്നാണ് എൻെറ അഭിപ്രായം. ഹരിജനങ്ങൾക്ക് അഥവാ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കും സ്ത്രീകൾക്കും സഹകരണ പ്രസ്ഥാനം ഇന്നും ഒരു ബാലികേറാമല ആണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സീറ്റ് റിസർവ്വ് ചെയ്തുകൊടുക്കണമെന്ന് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുള്ളതാണ് ഒരു പ്രത്യേകത. അത് ഈ നിയമത്തിൽനിന്ന് നിരാകരിക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള പ്രസംഗം കേട്ടപ്പോൾ ഇവരുടെ ഹരിജൻ സ്നേഹത്തെക്കുറിച്ച് വെളിയിൽ വാചാലമായി പ്രസംഗിച്ചു കേട്ടിട്ടുള്ള ഞങ്ങൾക്കൊക്കെ അത് ഭൂതമാണ് തോന്നിയത്. ഈ നിയമം 1969-ൽ ഉണ്ടാക്കിയതിനുശേഷം ധാരാളം മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ആ മാറ്റങ്ങൾ അനുസരിച്ച് സമഗ്രമായ ഒരു നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടാൽ അത് മനസ്സിലാക്കാം.

ശ്രീ. എ. കെ. പത്മനാഭൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന്. നോമിനേറ്റ് ചെയ്യപ്പെട്ട മെമ്പർമാരിൽ ഹരിജനങ്ങൾ എത്രയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് പറയാൻ കഴിയുമോ ?

ശ്രീ. ടി. എസ്. ജോൺ : സർ, ഈ നിയമപ്രകാരം ഹരിജനങ്ങളെ മുഴുവൻ നോമിനേറ്റ് ചെയ്തിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ, സൊസൈറ്റിയിൽ, ഒരു ഹരിജനെ വീതം നോമിനേറ്റ് ചെയ്യണമെന്ന വ്യവസ്ഥ വേണം. അതിനു ശേഷം ഒരു ഹരിജനെ വീതം എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും നോമിനേറ്റ് ചെയ്യണം. പട്ടികവർഗ്ഗക്കാരെ നോമിനേറ്റ് ചെയ്യണം. അതുപോലെതന്നെ 10% നിയമനത്തിൽ റിസർവേഷൻ കൊടുക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ 20% ത്തിൽ കൂടുതൽ നിയമനം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് കൊടുത്തിട്ടുണ്ട്. ഈ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് കാര്യമായ ആനുകൂല്യം ചെയ്യാൻ മുന്നോട്ടുവന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഹരിജനങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും കൂടുതൽ ആനുകൂല്യം ചെയ്യും എന്നു പറഞ്ഞ് നടന്നവരാണ് പ്രതിപക്ഷത്തിരിക്കുന്നവരെല്ലാം. 1969-ൽ കോ-ഓപ്പറേറ്റീവ് ആക്റ്റ് ഉണ്ടാക്കിയതിനുശേഷം ഈ ഗവൺമെന്റു മാത്രമാണ് ജനാധിപത്യ ഗവൺമെന്റ്. മറ്റെല്ലാം കമ്മ്യൂണിസ്റ്റ് നേതൃത്വമുള്ള ഗവൺമെന്റായിരുന്നു.

1970-ലും, 1977-ലും, 1980-ലുമെല്ലാം കമ്മ്യൂണിസ്റ്റു ഗവൺമെന്റുകളായിരുന്നു ഈ സംസ്ഥാനത്ത് അധികാരത്തിലിരുന്നത്. ആ കാലഘട്ടങ്ങളിലൊന്നും ഇതിനെക്കുറിച്ച് ചിന്തിച്ചില്ല. നാൽപ്പതു വർഷങ്ങൾക്കു മുൻപ് ക്ഷേത്ര പ്രവേശന വിളംബരം ശ്രീ. ചിത്തിരതിരുനാൾ പുറപ്പെടുവിച്ചതിനെക്കുറിച്ച് ഞാൻ ആലോചിക്കുകയാണ്. വിപ്ലവകരമായ ഒരു നിയമമായിരുന്നു അത്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടയാളുകൾക്കും, പിന്നോക്ക വിഭാഗങ്ങൾക്കും ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള ഒരു വിളംബരം ശ്രീ. ചിത്തിരതിരുനാൾ 1946 നവംബർ മാസത്തിൽ പ്രഖ്യാപിച്ചതുപോലെ ഈ ഗവൺമെന്റിന്റെ കാലത്ത് ഗവർണ്ണർ പ്രഖ്യാപിച്ച ഒരു പ്രഖ്യാപനമാണ് യഥാർത്ഥത്തിൽ ഹരിജനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ പടിക്കൽ കയറുവാനുള്ള അവസരമുണ്ടാക്കിയത്. വലിയൊരു വിളംബരമായിരുന്നു അത്. ഉദ്യോഗത്തിലായാലും കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ ബോർഡിലായാലും അതിലൊക്കെ ഒരു ഹരിജനും ഈ രാജ്യത്ത് ഉണ്ടായിരുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആരും ഉണ്ടായിരുന്നില്ല. ഡയറക്ടർ ബോർഡ് മെമ്പർമാരിൽ ഹരിജനങ്ങളെയുൾപ്പെടുത്തിയെന്നുമാത്രമല്ല നിയമനങ്ങളിൽ പത്തു ശതമാനത്തിൽ കുറയാതെ ഹരിജനങ്ങളെയെടുക്കണമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിനെപ്പോലെ ഹരിജനങ്ങൾക്കുവേണ്ടി ആനുകൂല്യം ചെയ്ത ഒരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ ? ഈ ഗവൺമെന്റിന്റെ വിളംബരം യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും കോ-ഓപ്പറേറീവ് സ്ഥാപനങ്ങളിൽ കയറുവാൻവേണ്ടിയുണ്ടാക്കിയിട്ടുള്ള ഒരു വിളംബരമാണ്. ആ വിളംബരത്തെ എതിർക്കുകയും അതോടൊപ്പം നിരാകരിക്കണമെന്നു പറയുകയും ചെയ്തത് ശരിയായോ? ഇതു വളരെ നിർഭാഗ്യകരമായിപ്പോയി യെന്നുമാത്രം മിതമായ ഭാഷയിൽ പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഈ ഗവൺമെൻറ് ഹരിജനങ്ങളെ വളരെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞല്ലോ? ഹരിജൻ-ഗിരിജൻ സൊസൈറ്റിക്കാരെ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറീവ് ബാങ്കുകളിലൊന്നുംതന്നെ മെമ്പർഷിപ്പ് കൊടുക്കുന്നില്ലെന്നുള്ളത് അറിയാമോ?

ശ്രീ. ടി. എസ്. ജോൺ : അത് ശരിയല്ല. ഹരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികളുടെ എണ്ണത്തിന്റെ കാര്യം നോക്കാം. ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ 208 ഹരിജൻ-ഗിരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികളുണ്ടാക്കിയിട്ടുണ്ട്. ജില്ലാ ബാങ്കുകളിൽ മെമ്പർഷിപ്പ് കൊടുക്കുന്നില്ലെന്നു പറഞ്ഞു. മെമ്പർഷിപ്പ് കൊടുക്കുന്നില്ലെങ്കിൽ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. പി. സി. ജോർജ് : ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മെമ്പർഷിപ്പ് കൊടുക്കുന്നകാര്യം പറഞ്ഞു. ഈ ഹരിജനങ്ങളിൽ പട്ടികജാതിയായി കൺവെർട്ട് ചെയ്ത ക്രിസ്ത്യാനികളുണ്ട്. അവരെക്കൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ? അവരും ഹരിജനങ്ങളാണല്ലോ?

ശ്രീ. ടി. എസ്. ജോൺ : അതിനെക്കുറിച്ച് എനിക്ക് പറയാനുണ്ട്. അതിലേയ്ക്ക് ഞാൻ വരുകയാണ്. 208 ഹരിജൻ-ഗിരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികളും ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ഇതൊരു റിക്കാർഡ് ആണ്. മറ്റൊരു ഗവൺമെൻറിന്റെ കാലഘട്ടങ്ങളിലും ഉണ്ടാക്കാൻ കഴിയാത്ത രീതിയിൽ ഹരിജൻ-ഗിരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികളും ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ (208 എണ്ണം) ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ നാലു ഹരിജൻ-ഗിരിജൻ പരിശീലന കേന്ദ്രങ്ങളും ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള നാലു ഹരിജൻ-ഗിരിജൻ കേന്ദ്രങ്ങളിൽ നിന്നും 597 പേർ J.D.C. പാസ്സായി ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. അതിൽ 89 പേർക്ക് ഇതിനോടകം ജോലിയും കിട്ടിയിട്ടുണ്ട്. മുൻ ഗവൺമെൻറിന്റെ കാലഘട്ടങ്ങളിൽ ഒരു ഹരിജനെങ്കിലും ഹരിജൻ കോ-ഓപ്പറേറീവ് സൊസൈറ്റികളിൽ ജോലി കിട്ടിയിട്ടുണ്ടോ? ആർക്കെങ്കിലും കിട്ടിയിട്ടുണ്ടോ? ഇല്ല. അതുപോലെതന്നെ ഹരിജനങ്ങൾക്കുവേണ്ടി ഏറ്റവും കൂടുതൽ ആനുകൂല്യം ചെയ്ത ഈ നിയമവും പാസാക്കരുതെന്നാണ് പറയുന്നത്.

പിന്നെ ശ്രീ. പി. സി. ജോർജ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യംകൂടി ശ്രദ്ധയിൽ പെടുത്താനുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽ നിന്ന് മതപരിവർത്തനം ചെയ്തവർ ഈ രാജ്യത്തുണ്ട്. അവർ സാമൂഹ്യമായി പട്ടികജാതി-പട്ടികവർഗ്ഗക്കാരോടൊപ്പം തന്നെ പിന്നോക്കം നിൽക്കുന്നവരാണ്. സാമൂഹ്യ-സാമ്പത്തികരംഗങ്ങളിൽ വളരെയധികം പിന്നോക്കം നിൽക്കുന്നവരാണവർ. അവരെയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തണം. 1975-ൽ പാസ്സായ കർഷകത്തൊഴിലാളി നിയമപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാരോടൊപ്പം പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽനിന്നും മതപരിവർത്തനം ചെയ്തവർക്കും മിച്ചഭൂമി കൊടുക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ആ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്നും മതപരിവർത്തനം ചെയ്തവരെക്കൂടി ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഭരണഘടനയനുസരിച്ച് ജനാധിപത്യപരമായി സാമൂഹ്യ-സാംസ്ക്കാരിക-സാമ്പത്തിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്നവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം കൊടുക്കണമെന്നുതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. 1955-ൽ മഹാനായ പനമ്പിള്ളി ഗോവിന്ദമേനോൻ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെൻറിനു് എഴുതിയ ഒരു കത്തിലെ രണ്ടു വാചകം ഞാൻ വായിക്കാനാഗ്രഹിക്കുകയാണ്. There are in this State a large number of Christians who are converted from among the Scheduled Castes. Although they have become Chritians they continue to have many disabilities which the members of the Scheduled Castes are labouring under. They continue to follow the same avocations which the Scheduled Castes are following. Economically, they are in the same condition in which the Scheduled Castes areplaced and they should be given the entire benefits enjoyed by the other. 1975-ലെ ഗവൺമെൻറിൻെറ കാലത്ത് നിയമമുണ്ടാക്കിയപ്പോഴും അവർക്ക് ആനുകൂല്യം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എൻെറ നിയോജകമണ്ഡലത്തിൽ ചില പഞ്ചായത്തുകളിൽ ഇലക്ഷനു് നിൽക്കാൻ പട്ടികജാതി-പട്ടികവർഗ്ഗക്കാരില്ലാത്തതിനാൽ പേരുമാറ്റി പട്ടികജാതിക്കാരായി ഇപ്പോഴും നിൽക്കുകയാണ്. ചില കോ-ഓപ്പറേറ്റീവ് സൊസൈറ്റി അതിർത്തികളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇല്ല. അവരെ നോമിനേറ്റ് ചെയ്യണമെങ്കിൽ പേരുമാറ്റണം. ആ നിലയ്ക്ക് മതപരിവർത്തനം ചെയ്തവരെക്കൂടെ ഇക്കൂട്ടത്തിൽ ഈ അമൻറ്മെൻറിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എൻെറ വ്യക്തമായ അഭിപ്രായം. അതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങളും ചെയ്യണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്നു മതപരിവർത്തനം ചെയ്ത ആളുകളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് അങ്ങ് പറയുമ്പോഴും ഇൻഡ്യൻ ഭരണഘടനയും അതുപോലെയുള്ള കാര്യങ്ങളുമെല്ലാം കൂടെ അനുവദിക്കുമോ അതോ കബളിപ്പിക്കാൻവേണ്ടി വെറും ഒരു പ്രചരണത്തിനുവേണ്ടിയാണോ ഇത് പറയുന്നത് ?

ശ്രീ. കെ.എസ്. ജേൺ : ഇന്ത്യൻ ഭരണഘടന ഇതിനെ എതിർത്തിട്ടില്ല. 1975-ൽ കർഷകത്തൊഴിലാളിനിയമം പാസ്സാക്കി നടപ്പിലാക്കി. ഈ നിയമങ്ങളൊ ഇന്ന് ഈ രാജ്യത്ത് നിലവിലുണ്ട്. ഈ നിയമസഭയിൽ പാസ്സാക്കുന്ന ഒരു നിയമമാണിത്. ഇന്ത്യൻ പാർലമെൻറ് പാസ്സാക്കുന്ന നിയമമല്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം മുഴുവൻ കൊടുക്കണമെന്നല്ല ഇതിൽ പറയുന്നത്. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ അവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന ആനുകൂല്യങ്ങളും കൊടുക്കണം. പല സൊസൈറ്റികളിലും ആളുകളുടെ പേരുമാറ്റി പട്ടികജാതിക്കാരാക്കിമാറ്റിവേണം നോമിനേറ്റ് ചെയ്യാൻ. പല സൊസൈറ്റികളുടെയും കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഇല്ല. മറിച്ച് കൺവെർട്ടഡ് ആയിട്ടുള്ള ആളുകളും ഉണ്ട്.

അതുപോലെ തന്നെയാണ് സ്ത്രീകളുടെ കാര്യം. സാമൂഹ്യരംഗത്ത് യഥാർത്ഥത്തിൽ പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരാണ് സ്ത്രീകളും. ഇന്നും ബഹുഭൂരിപക്ഷം സ്ത്രീകളും വീട്ടമ്മമാരായിത്തന്നെ കഴിഞ്ഞുകൂടുകയാണ്. വിദ്യാഭ്യാസ കാര്യത്തിലായാലും മറ്റ് കാര്യങ്ങളിലായാലും ശരിവളരെയധികം പിന്നോക്കം നിൽക്കുന്ന ആളുകളാണെന്ന് മനസ്സിലാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം തന്നെ കൊണ്ടുവന്നതാണ്. ഈ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 65 വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ ഗവൺമെൻറിൻെറ കാലത്ത് ഉണ്ടാക്കി. മുൻ ഗവൺമെൻറുകളുടെ കാലത്തൊന്നുംതന്നെ ഇങ്ങനെ ഉണ്ടാക്കിയിട്ടില്ല. അതുപോലെതന്നെ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കെല്ലാംകൂടി അപ്പക്സ് ബോഡിയുണ്ടാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. അങ്ങനെ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ഉണ്ടാക്കി വരുന്തോറും കൂടുതൽ തൊഴിൽ സാദ്ധ്യതകളുണ്ടാക്കികൊടുത്ത് അവരെ സഹകരണ രംഗത്ത് മുൻപന്തിയിൽ കൊണ്ടുവരാനുള്ള അശ്രാന്ത പരിശ്രമം ഈ ഗവൺമെൻറും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എം. കമലവും നടത്തുന്നുവെന്നുള്ളത് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെയധികം സ്വാഗതാർഹമായ ഒരു കാര്യമാണ്. ഡയറക്ടർ ബോർഡ് മെമ്പറായിട്ട് ഒരു വനിതാ മെമ്പറെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നു. ഏറ്റവും നല്ലൊരു കാര്യമാണത്. വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ഉണ്ടാക്കുന്നതുകൂടാതെ ഇവരെക്കൂടി എല്ലാ സൊസൈറ്റികളിലും മെമ്പർമാരാക്കാൻ കൂടെ ഈ നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർ, ജനാധിപത്യസ്വഭാവത്തെക്കുറിച്ച് പ്രതിപക്ഷങ്ങൾ ഇവിടെ പറഞ്ഞു. വർഷങ്ങളായി അത് ഈ നിയമസഭയിൽ പറഞ്ഞു കേൾക്കാറുള്ളതാണ്. ജനാധിപത്യസ്വഭാവം നശിപ്പിക്കാൻ പാടില്ല. സഹകരണസ്ഥാപനങ്ങളുടെ വിജയം ജനാധിപത്യസ്വഭാവത്തിൽ അധിഷ്ഠിതമാണ്. അതുകൊണ്ട് നോമിനേറ്റ് ചെയ്യുന്ന ഏർപ്പാട് അവസാനിപ്പിക്കുകയും അംഗങ്ങളെ പൂർണ്ണമായി തെരഞ്ഞെടുക്കപ്പെടുകയും വേണം. ഇക്കാര്യം അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ മെമ്പർമാരും പറയാറുണ്ട്. ഏത് കാലഘട്ടത്തിലാണ് നോമിനേഷൻ കൊടുത്തത് ? 1980 മുതൽ 82 വരെയുള്ള കാലഘട്ടത്തിലെ നോമിനേഷൻെറ കാര്യമെടുക്കാം. ശ്രീ. ഹസ്സൻ പ്രസിഡൻറായിരുന്ന സൊസൈറ്റികളിൽ എത്രപേരെയാണ് നോമിനേറ്റ് ചെയ്തത്. ആ സൊസൈറ്റിയിൽ സെക്ഷൻ 28 അനുസരിച്ച് 5 ആളുകളേയും സെക്ഷൻ 31 അനുസരിച്ച് മൂന്നുപേരെയും ഉൾപ്പെടെ 8 പേരെ നോമിനേറ്റ് ചെയ്തു. അങ്ങനെ നോമിനേഷൻ എക്കാലത്തും നടന്നിട്ടുണ്ട്. ഇപ്പോഴും നടക്കുന്നുമുണ്ട്. അത് നിയമവിരുദ്ധമാണ്. 9 മെമ്പർമാർ ഡയറക്ടർ ബോർഡിൽ ഉണ്ടെന്ന് ഇരിക്കട്ടെ. ഒരു പാനലിൽ അഞ്ചുപേരും മറ്റേ പാനലിൽ നാലുപേരുമാണുള്ളത്. രണ്ടും നാലും പേരെ നോമിനേറ്റ് ചെയ്തിട്ട് ഭൂരിപക്ഷമുള്ള അംഗങ്ങൾക്ക് ഭരിക്കാൻ സാധിക്കാത്ത സ്ഥിതി നമ്മുടെ നാട്ടിൻപുറങ്ങളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ ഉണ്ടാകുന്നുണ്ട്. അത് അധാർമ്മികവും ജനാധിപത്യ വിരുദ്ധവുമാണ്. അതുകൊണ്ട് നോമിനേഷൻ എടുത്തുകളയണം.

ഹാൻഡെക്സിലെ കാര്യം ഇവിടെ പറഞ്ഞു. സംസ്ഥാന സഹകരണയൂണിയൻെറ പൊതുയോഗ പ്രമേയം എടുക്കാം. ഒരു വ്യക്തിക്ക് ഒരു വോട്ട് എന്നാണ് സംസ്ഥാന സഹകരണ നിയമം 20-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളത്. അതിന് വിരുദ്ധമായി നിയമത്തിൻെറ 101-ാം വകുപ്പ് ദുർവ്യാഖ്യാനം ചെയ്തു. ഓരോ ഓഹരിക്കും ഓരോ വോട്ട് ഉണ്ടായിരിക്കണമെന്ന രീതിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ശരിയാണോ ? അത് ജനാധിപത്യവിരുദ്ധമാണ്. അത് ഗവൺമെൻറ് പരിശോധിക്കണം. അങ്ങനെ ജനാധിപത്യവിരുദ്ധമായ കാര്യങ്ങൾ തിരുത്തി, നോമിനേഷൻ ഏർപ്പാട് അവസാനിപ്പിച്ച്, ജനാധിപത്യപരമായ സമീപനം ഈ നിയമത്തിൻെറ കാര്യത്തിൽ സ്വീകരിക്കണമെന്നുള്ള എല്ലാ മെമ്പർമാരുടെയും അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. അതിൽ ഗവൺമെൻറിന് അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. ഏതെങ്കിലും രീതിയിൽ ജനാധിപത്യവൽക്കരണത്തിനെതിരായ സമീപനം ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരോ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രാറോ സ്വീകരിച്ചാൽ ജനാധിപത്യവൽക്കരണത്തിലൂടെ മാത്രമേ സഹകരണസ്ഥാപനങ്ങളുടെ വളർച്ച നിലകൊള്ളുകയുള്ളു എന്ന് മനസ്സിലാക്കിക്കൊണ്ട് ജനാധിപത്യപരമായ രീതിക്ക് തടസ്സം നിൽക്കുന്ന എല്ലാറ്റിനേയും ഒഴിവാക്കണം. അതിനുവേണ്ടി ഗവൺമെന്റ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സഹകരണ രംഗത്ത് ഏറ്റവും കൂടുതൽ വിലപ്പെട്ട സംഭാവന ചെയ്യാൻ ഈ ഗവൺമെന്റിനോ കാലത്ത് കഴിഞ്ഞിടത്തോളം മറ്റൊരു ഗവൺമെന്റിന്റെ കാലത്തും കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ആദ്യമായി ഹരിജനങ്ങൾക്കും സ്ത്രീകൾക്കും നിയമപരമായ അംഗീകാരം നൽകി, അവരെ കേരളത്തിലെ സഹകരണസംഘങ്ങളുടെ ബോർഡിലേക്ക് കൊണ്ടുവരാനുള്ള തീരുമാനമെടുത്ത സഹകരണ മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു വനിതകൂടിയായ സഹകരണവകുപ്പുമന്ത്രി വനിതകൾക്ക് പ്രാതിനിധ്യം കൊടുത്തത് തെറ്റായിപ്പോയില്ല എന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു. ഒരു അഭിപ്രായം പറയാതിരിക്കാൻ കഴിയുകയില്ല. നമ്മുടെ രാജ്യത്തുള്ളതിൽ ഏറ്റവും വികലമായ നിയമം ഏതാണെന്ന് ചോദിച്ചാൽ അത് നമ്മുടെ സഹകരണസംഘത്തിനുവേണ്ടിയുള്ള നിയമമാണ്. ഇത്രയും വികലമായ ഈ നിയമം റബ്ബർപോലെ വലിച്ചാൽ നീളും വിട്ടാൽ പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ചെയ്യും. അതിനും അതീതമാണ് സഹകരണനിയമം. അത് വലിച്ചാൽ നീളുക മാത്രമല്ല ആർക്കും എവിടേയും പിടിച്ചു വലിക്കാം. എങ്ങോട്ടു വേണമെങ്കിലും വലിക്കാം. എങ്ങോട്ടും നീളുമെന്നുള്ള നിലയിലാണ് നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന സഹകരണനിയമം. അത് പറയാതിരിക്കാൻ നിർവ്വാഹമില്ല. വിദ്യാഭ്യാസ നിയമം ഇത്രയും വികലമാണോ ? 1969-ൽ ഉണ്ടാക്കിയതാണെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം. ഗവൺമെന്റ് എന്തിനാണ് ഇവിടെയിരിക്കുന്നത്. ഞാൻ ഉൾപ്പെടെ ഭരണകക്ഷി എന്തിനാണ് ഇവിടെയിരിക്കുന്നത് ? നിയമം ഉണ്ടാകണം, നിയമം മാറണം, അതിനല്ലേ നിയമസഭ. പണ്ട് ഉണ്ടാക്കിയ നിയമമാണെന്ന് പറഞ്ഞ് രക്ഷപ്പെടുന്നത് ശരിയല്ല.

ഇവിടെ ഞങ്ങളെല്ലാം പ്രൈവറ്റ് മെമ്പേഴ്സ് ബിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ സഭയിലെ പല മെമ്പർമാരും കൊണ്ടുവന്നിട്ടുണ്ട്. അതിനെ പറ്റി പറയുമ്പോൾ ഒരു പെറിയ പുച്ഛത്തോടുകൂടിയാണ് ഗവൺമെന്റ് ഇതിനെ കാണുന്നത്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. സഹകരണ സംഘ നിയമത്തിൽ ഏത് രീതിയിലും മാറ്റം വരുത്താം. നോമിനേഷനെപ്പറ്റി പലരും ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ടി. എസ്. ജോൺ പറഞ്ഞതു പോലെ ഞാനും എന്റെ അഭിപ്രായം പറയാം. ഞാൻ 1980 മുതൽ 1982 വരെ ഉള്ള ഇടതുപക്ഷ ഗവൺമെന്റിനോ കാലത്ത് സബ്ജക്ട് കമ്മിറ്റി മൂന്നിലെ അംഗമായിരുന്നു. ഗവൺമെന്റ് നോമിനി എന്ന പരിപാടി അവസാനിപ്പിക്കണമെന്ന് അന്ന് സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ആവശ്യപ്പെട്ടതാണ്. അന്ന് ആ കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു ഇടതുപക്ഷനേതാവ് എസ്തോസ് അതിനെതിരായി സംസാരിച്ചതാണ്. ഞങ്ങൾക്ക് ഭരണം കിട്ടിയപ്പോൾ നിങ്ങൾ അങ്ങനെ പറയുന്നത് ശരിയാണോ എന്ന് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് അദ്ദേഹം എന്നോട് ചോദിച്ചു. അന്ന് ആ കമ്മിറ്റിയുടെ ചെയർമാനായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണൻ ഉദ്യോഗസ്ഥൻമാരുമായും മെമ്പർമാരുമായും ചർച്ചചെയ്ത് ഒരു തീരുമാനമെടുത്തു. ഗവൺമെന്റ് നോമിനി എന്നു പായുന്ന കറക്കുകമ്പനി അവസാനിപ്പിച്ചുകളയാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തശേഷം പിറേറദിവസം മൂവാറ്റുപുഴയിൽവച്ച് ഒരു പൊതുയോഗത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം പത്രക്കാരോട് പറഞ്ഞു, സഹകരണസംഘങ്ങളിൽ ഗവൺമെൻറ് നോമിനി എന്നുള്ള പരിപാടി അവസാനിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന്, പക്ഷേ അത് നിയമമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇനി നാലഞ്ച് മാസം കൂടിയേ ഈ ഗവൺമെൻറ് കാണൂ. പിന്നീട് വരുമ്പോൾ ഈ വകുപ്പ് ബഹുമാനപ്പെട്ട കമ്മ്യൂണിസ്റ്റുകാരുടെ കയ്യിലായിരിക്കണമെന്ന് നിർബന്ധമില്ല. ഈ ഗവൺമെൻറ് വന്നാലും കമലേട്ടത്തിക്ക് ഈ വകുപ്പ് കിട്ടണമെന്നില്ല. വനിതകൾക്കും ഹരിജനങ്ങൾക്കും അധികാരം കൊടുത്ത, ഈ രാജ്യത്തെ സഹകരണ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച കമലേട്ടത്തി ഗവൺമെൻറ് നോമിനി എന്ന പരിപാടി കൂടി അവസാനിപ്പിച്ച് പേരെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കുകയുണ്ടായി. സഹകരണ നിയമത്തെ സംബന്ധിച്ചിടത്തോളം ആ ഭേദഗതി അംഗീകരിക്കേണ്ടതായിരുന്നു. ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് അവതരിപ്പിച്ച അനൗദ്യോഗിക ബിൽ പോലും പ്രതിപക്ഷത്തിന്റെ വോട്ടുകൊണ്ട് ഇവിടെ അവതരിപ്പിക്കാൻ അനുമതി കിട്ടേണ്ട സ്ഥിതി ഉണ്ടായി. ഭരണകക്ഷിയുടെ മെമ്പർ അവതരിപ്പിച്ച ഈ അനൗദ്യോഗിക പ്രമേയം ഗവൺമെൻറ് പ്രതിനിധികൾ അംഗീകരിക്കാതെ പോയത്, പി. സി. ജോർജ് പറയുന്നതൊന്നും ഗവൺമെൻറ് അംഗീകരിച്ചുപോകരുതെന്ന് നിങ്ങളുടെ പാർട്ടിയുടെ ലീഡറായ ശ്രീ. കെ. എം. മാണി ഭരണകക്ഷിക്ക് മുന്നറിയിപ്പ് നൽകിയതുകൊണ്ടാണെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് എനിക്കിട്ടൊരു കുത്താണ് ; പക്ഷേ ആ കുത്ത് എനിക്ക് കൊള്ളുന്നില്ല. കാരണം എന്റെ നേതാവാണ് ശ്രീ. കെ. എം മാണി. ഒരു കുഴപ്പവുമില്ല, ഞാൻ പറയുന്നത് മുഴുവൻ ചെയ്യണമെന്ന് ഈ അടുത്തകാലത്തായി വളരെ നിർബന്ധത്തിലാണ്, അതിനാൽ നിങ്ങൾ ഇവിടെ പറഞ്ഞപോലൊന്നുമല്ല, ശ്രീ. കെ. എം. മാണിയും ഈ നിയമവുമായി ഒരു ബന്ധവുമില്ല അതുകൊണ്ട് നിങ്ങളാരും പേടിക്കേണ്ട, പ്രത്യേകിച്ച് ശ്രീ. ഒ. ഭരതൻ അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. അദ്ദേഹം, എന്റെ നേതാവാണ്.

ശ്രീ. ഒ. ഭരതൻ : ബഹുമാനപ്പെട്ട പി. സി. ജോർജ് രാജിവയ്ക്കണമെന്നാവശ്യപ്പെട്ട്, യൂത്ത് കോൺഗ്രസ്സുകാരെക്കൊണ്ട് സത്യാഗ്രഹം സംഘടിപ്പിച്ചത് ശ്രീ. മാണിയാണെന്നറിയാമോ ?

ശ്രീ. പി. സി. ജോർജ് : ശ്രീ. ഭരതൻ, നാം ആ വിഷയത്തിലേക്ക് പോകണമോ ; നാം അതിലേക്ക് പോകണ്ട. ഇവിടെ സഹകരണ നിയമത്തെപ്പറ്റി പറയുന്നതിനിടയിൽ കേരളാകോൺഗ്രസ്സിലെ മാണി നിയമത്തിലേക്ക് പോകണമോ ? ശ്രീ. മാണിയും ഞാനും വളരെ സഹകരണത്തിൽ പോകുന്ന ഒരു സമയമാണ് ഇത്. ആ നിലയ്ക്ക് അതിലേക്ക് പോകേണ്ട.

ശ്രീ. കാനം രാജേന്ദ്രൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂഞ്ഞാറിലെ സഹകരണം വളരെ മെച്ചമാണ്, എന്നാണോ ?

ശ്രീ. പി. സി. ജോർജ് : എന്നോട് സഹകരിക്കാത്തവരെയെല്ലാം പുറത്താക്കുക, കാരണം ഞാൻ നല്ലൊരു എം. എൽ. എ. ആണ്. അതുകൊണ്ട് എന്നോട് സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ഒരു സ്ത്രീ മെമ്പറേയും, ഹരിജൻ മെമ്പറേയും നോമിനേറ്റ് ചെയ്യാനുള്ള ബില്ലാണ്.

ശ്രീ. പി. സി. ജോർജ് : ഈ സഹകരണനിയമത്തിൽ സമൂലമായ ഒരു മാറ്റം വരുത്തണമെന്ന് പറയാൻ കാരണം ഞാൻ ആദ്യം ലാൻഡ് റിഫോംസ് ആക്ടിനു ഒരു അമൻറ്മെൻറ് ഈ സഭയിൽ അവതരിപ്പിച്ചു. അന്ന് എൻറെ നേതാവായ ശ്രീ. പി. ജെ. ജോസഫ് റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ ഇതിനെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ നിയമം കൊണ്ടുവരാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു, അതുകൊണ്ട് ഇപ്പോൾ ഈ അമൻറ്മെൻറ് ആവശ്യമില്ല എന്നാണ് പറഞ്ഞത്. ഞാൻ പറയുന്ന കാര്യം ശരിയാണ് എന്ന് അദ്ദേഹം സമ്മതിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ വളരെ ചുരുക്കി പറയാൻ കഴിവുള്ള ആളാണ്. അതിനാൽ അങ്ങനെ പറയണം.

ശ്രീ. പി. സി. ജോർജ് : ഞാൻ പറഞ്ഞത് ശരിയാണ് എന്ന് അങ്ങ് അംഗീകരിക്കുകയാണ്. ഇപ്പോഴും സഹകരണസംഘങ്ങളിലെ ഡയറക്ടർ ബോർഡ് മെമ്പറായിരിക്കുന്നയാളും ഹരിജൻ-ഗിരിജൻ ഉൾപ്പെടെയുള്ള പാവപ്പെട്ടവനു ഐ. ആർ. ഡി. പി. ലോൺ കിട്ടുന്നതിനു ജാമ്യം ഒപ്പിട്ടുപോയാൽ അതിൽ ആ പാവപ്പെട്ടവൻ കുടിശ്ശിക വരുത്തിയാൽ ഡയറക്ടർ ബോർഡ് മെമ്പറായിരിക്കുന്ന ആളിൻറെ മെമ്പർഷിപ്പ് പോകും. മൂന്നുമാസത്തിനകം അയാളുടെ കുടിശ്ശിക തീർക്കണമെന്നുള്ളതാണ് നിയമം. ഒരുപകാരം ചെയ്താൽ മതി, കുടിശ്ശിക തീർക്കുന്നതിനുമുമ്പ് അത് സാധിച്ചില്ലെങ്കിൽ ഈ ഡയറക്ടർബോർഡ് മെമ്പറെ അതു അറിയിക്കുന്നതിനുവേണ്ടി താൻ ജാമ്യം നിന്നിരിക്കുന്നയാളിനു കുടിശ്ശിക വന്നിരിക്കുന്നു എന്നുള്ള ഒരു രജിസ്റ്റർ നോട്ടീസ്-ഈ ബോർഡ് മെമ്പർക്ക്-കൊടുക്കണം. ഇത്ര ചെറിയൊരു ഭേഗതിയാണ് ഞാൻ ഇവിടെ ആവശ്യപ്പെട്ടത്. അതിനു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയെന്താണ് ? ജോർജിൻറെ ബില്ലിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ചാണെങ്കിൽ ബോർഡ് മെമ്പർമാർ ഈ നിയമപ്രകാരം ഡിസ്കാളിഫൈ ചെയ്തുപോയിരിക്കുന്നു. ബോർഡ് മെമ്പർമാരെ മുഴുവൻ തിരിച്ചു കൊണ്ടുവരണമെന്നാണ് ജോർജ് ബില്ലിൽ പറഞ്ഞിരിക്കുന്നത് എന്നാണ്. വാസ്തവത്തിൽ എനിക്ക് ദുഃഖം തോന്നുന്നു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ അത് ഇപ്പോഴും ഇവിടെ എടുത്തുപറയാൻ കാരണം, ബഹുമാനപ്പെട്ട മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചത് ഉദ്യോഗസ്ഥൻമാരാണ്. എൻറെ ബില്ലിനെക്കുറിച്ച് മനസ്സിലാക്കാതെ ഉദ്യോഗസ്ഥൻമാർ ആ രീതിയിലുള്ള ഒരു റിപ്പോർട്ട് എഴുതിക്കൊടുത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞത് എന്നാണ് എൻറെ വിശ്വാസം. എൻറെ ബില്ലിൽ ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ആ നിലയിൽ ആ നടപടി ശരിയായില്ല എന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ നിയമത്തെ റബ്ബർപോലെ ഏതു വശത്തേക്കും വലിക്കാം. സഹകരണസംഘത്തിൻറെ ഏതു ബോർഡും ഒരു ജോയിൻറ് രജിസ്ട്രാർ വിചാരിച്ചാൽ ഇന്നു പിരിച്ചുവിടാൻ കഴിയില്ലേ ? ഉദാഹരണം ഞാൻ പറയാം, കഴിഞ്ഞ രണ്ടുമാസം മുമ്പ് എൻറെ നിയോജകമണ്ഡലത്തിലെ തീക്കോയ് സർവ്വീസ് സഹകരണബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർമാരെ പിരിച്ചുവിട്ടുകൊണ്ട് ഒരു സുപ്രഭാതത്തിൽ, എ. ആർ. ചാർജെടുത്തു. അയാളാണ് പ്രസിഡൻറ് എന്നാണ് പറയുന്നത്. നാട്ടുകാർ ഓടികൂടി. ബഹുഭൂരിപക്ഷത്തോടുകൂടി വിജയിപ്പിച്ചു വിട്ടിരിക്കുന്ന ബാങ്കിൻറെ പ്രസിഡൻറും ബോർഡ് മെമ്പർമാർ 11 പേരും ഒരുമിച്ചിരിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

അവർ ഇക്കാര്യം അറിഞ്ഞില്ല, എന്തൊരു ഗതികേടാണിത്! ബഹളമായി, ആളുകളോടുകൂടി, കോൺഗ്രസുകാരും, കേരളാകോൺഗ്രസുകാരും, ഉൾപ്പെട്ട ബോർഡാണ് പിരിച്ചുവിട്ടത്. ഉദ്യോഗസ്ഥൻമാർക്ക് എന്തും ചെയ്യാമെന്നതിനു തെളിവാണിത്. അതിനു കാരണം ഞാൻ അന്വേഷിച്ചു.....

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഈ ഉദ്യോഗസ്ഥൻമാർ സഹകരണ സംഘങ്ങളിൽ ചെയ്യുന്ന ചെയ്തികളെക്കുറിച്ച് ശ്രീ. ജോർജ് പറഞ്ഞു. ഇപ്പോഴും ഈ നടപടികൾക്കെതിരായി ഹൈക്കോടതിയിൽ കേസിനു പോയാൽ ആ കേസിനെ തോല്പിക്കാൻവേണ്ടി പഴയ തീയതിവച്ച് ഈ ജോയിൻറ് രജിസ്ട്രാർമാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : ഞാൻ പറഞ്ഞു, ജോയിൻറ് രജിസ്ട്രാർ എന്നു പറയുന്ന ഉദ്യോഗസ്ഥൻ എന്തും ചെയ്യും, യാതൊരു സംശയവുമില്ല. പക്ഷേ എന്തു ചെയ്യാം, നമ്മൾ ഉണ്ടാക്കിയ നിയമമല്ലേ ഇത് ? പണ്ടുകാലം മുതൽ നടക്കുന്ന ഒരു നിയമമാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെൻറും ഈ നിയമത്തിൽ സമൂലമായ മാറ്റം വരുത്തണം, ഉദ്യോഗസ്ഥൻമാർക്ക് സൗകര്യംപോലെ കൂതിരകയറാനുള്ള അവസരം കൊടുത്തിരിക്കുന്ന ഈ നിയമത്തിൽ മാറ്റം വരുത്തിയേ മതിയാകൂ. തീക്കോയ് ബാങ്കിൻറെ കാര്യം ഞാൻ വിശദീകരിക്കുമ്പോൾ അങ്ങേക്ക് മനസ്സിലാകും, 11 ബോർഡ് മെമ്പർമാരും ഒരുമിച്ച് നിൽക്കുമ്പോൾ ഒരു കാര്യവുമില്ലാതെ ബോർഡ് പിരിച്ചുവിട്ടു. അങ്ങനെ പിരിച്ചുവിടാൻ എന്താ കാരണം ? അവിടത്തെ സെക്രട്ടറി പെൻഷൻപറ്റി പോയിക്കഴിഞ്ഞപ്പോൾ ഏറ്റവും സീനിയറായിട്ടുള്ള ആളെ അവിടെ സെക്രട്ടറിയായി നിയമിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള ബില്ലാണ്, അതുകൊണ്ട് ഈ ബില്ലിലെ പ്രസക്തമായിട്ടുള്ള കാര്യങ്ങൾ മാത്രം പറയണം.

ശ്രീ. പി. സി. ജോർജ് : ആ ബോർഡ് പിരിച്ചുവിടാൻ ഉണ്ടായ കാരണം അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് സെക്രട്ടറി പെൻഷൻപറ്റിയപ്പോൾ ഏറ്റവും സീനിയറായിട്ടുള്ള ആളെ അവിടെ സെക്രട്ടറിയായി നിയമിച്ചു. അതിനെതിരെ ഒരു ബോർഡ് മെമ്പർ ഒപ്പിട്ടുകൊടുത്ത ഒരു പരാതിയാണ് കാരണം. ഇത് ഏത് നിയമപ്രകാരമാണ് ? ബോർഡ് അറിഞ്ഞിട്ടില്ല, തികച്ചും നീതിപരമായിട്ടുള്ള ഒരു കാര്യം ബോർഡ് ചെയ്തു എന്നുള്ളതിൻറെ പേരിൽ ആ ബോർഡിനെ ഒരു സുപ്രഭാതത്തിൽ പിരിച്ചുവിട്ടു, ജോയിൻറ് രജിസ്ട്രാർ ചാർജെടുത്തു, ആ ബോർഡിൻറെ ഭരണാധികാരം—മെമ്പറും പ്രസിഡൻറും—എന്നെ വന്നുകണ്ടു, ഞാൻ പറഞ്ഞു ഇതുകൊണ്ടുപോയിട്ട് വലിയ കാര്യമൊന്നുമില്ല, ഗവൺമെൻറിൽ കൊടുത്താലും ഗവൺമെൻറ് റിപ്പോർട്ട് വരുത്തുമ്പോൾ ഉദ്യോഗസ്ഥൻമാർ കള്ളത്തരം കാണിക്കും. പിന്നെ മന്ത്രിയും ഞാനുംകൂടി പിണങ്ങേണ്ട സാഹചര്യം ഉണ്ടാകും. അതുകൊണ്ട് നിങ്ങളും കോടതിയിൽ പോയാൽമതി. കോടതിയിൽ നീതി കിട്ടുമോ എന്നുനോക്കാൻ പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : മറ്റ് മെമ്പർമാർക്കൊന്നും അവസരം കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് നിർബന്ധമില്ലല്ലോ ?

ശ്രീ. പി. സി. ജോർജ് : അങ്ങ് ഇത്തരത്തിലുള്ള ബുൾഡോസർ പ്രവർത്തനം എൻറെമേൽ നടത്തരുത്. ഞാൻ ഈ അമൻറ്മെൻറിൽ രണ്ടാമത് പേര് വരുത്തിയത് വളരെ ബുദ്ധിമുട്ടിയാണ്. എനിക്ക് അതിനുള്ള അവകാശം കിട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എല്ലാപേർക്കും ഒരുപോലെ അവസരം കൊടുക്കണം.

ശ്രീമതി കെ. ആർ. ഗൗരി : രണ്ടാമത് പേര് വരുത്താൻ പൈസാ മുടക്കണോ ?

ശ്രീ. പി സി. ജോർജ് : വേണ്ട, ഈ കാര്യം ശ്രീ. വർക്കല രാധാകൃഷ്ണനോട് ചോദിച്ചാൽ മതി, അദ്ദേഹം ഒന്നാമത്തെ പേരുകാരനാണ്. അവർ കോടതിയിൽ പോയി. അവിടെ ചെന്നപ്പോഴേ കോടതിവിധി അനുസരിച്ച് ജോയിന്റ് രജിസ്ട്രാറുടെ തീരുമാനം തെറ്റായിപോയി എന്നു മാത്രമല്ല ബോർഡ് മെമ്പർമാർക്ക് തിരിച്ച് അധികാരം കൊടുക്കുകയും അഡ്മിനിസ്ട്രേറ്ററോട് നാടുവിടാനുള്ള ഉത്തരവുമാണ് കോടതിയിൽനിന്നുണ്ടായത്. എന്തായാലും ആ ബോർഡ് തിരിച്ചുവന്നു. ഞാൻ ഇത് ഇവിടെ പറയാൻ കാരണം, തെരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡ്, ബഹുഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്നിരിക്കുന്ന ഒരു ബോർഡിനെ ഒരുദ്യോഗസ്ഥന്റെ സൗകര്യംപോലെ പിരിച്ചുവിടാൻ അവസരം കൊടുക്കുക, ആ ഉദ്യോഗസ്ഥൻ .....

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഒരു മന്ത്രി പോയിരുന്നു അദ്ദേഹത്തിനു പറയാനുള്ള സൗഗതി പറഞ്ഞു കൊടുത്ത് ശ്രീ. ജോർജ്ജിനെക്കൊണ്ട് പ്രസംഗിപ്പിക്കണോ ?

ശ്രീ. പി. സി. ജോർജ് : ഞാൻ അങ്ങനെ ആരും പറഞ്ഞുതരുന്നത് പറയുന്ന സ്വഭാവക്കാരനല്ല, എനിക്ക് തോന്നുന്നതാണ് ഞാൻ പറയുന്നത്. എന്റെ മുന്നിൽക്കൂടി മന്ത്രിക്ക് പോകാൻ കഴിയാത്തതുകൊണ്ട് ഇവിടെ ഇരുന്നുപോയതാണ്.

മി ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ചുരുക്കി സംസാരിക്കണം. അങ്ങ് സാധാരണ ചുരുക്കിപ്പറയാറുള്ള ഒരു മെമ്പറാണ്.

ശ്രീ. പി. സി. ജോർജ് : തെരഞ്ഞെടുക്കപ്പെട്ട ഒരു ബോർഡിന് ഈ ഗതികേടുണ്ടായി, കോടതിയിൽ പോയി, കോടതി ചെലവ് കൊടുക്കേണ്ടി വന്നാൽ ആർക്കാണ് അതിനുത്തരവാദിത്വം ? അവർ കോടതിയിൽ പോയിട്ടുണ്ടെങ്കിൽ, അവർക്ക് പണച്ചെലവുണ്ടായിട്ടുണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ തെറ്റായ നടപടിക്രമങ്ങൾമൂലമാണ് ഇതുണ്ടായത്; ആ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കണ്ടേ ? അതുപോലെ നമ്മുടെ സഹകരണനിയമത്തിൽ വന്നിരിക്കുന്ന മറ്റൊരു വ്യത്യാസം.....

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, തീക്കോയ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് പിരിച്ചുവിടാൻ ഇടയായത് അവിടെ സെക്രട്ടറി
12 noon] പെൻഷൻ പറ്റിയപ്പോൾ സീനിയറായ ഒരാളെ പോസ്റ്റ് ചെയ്തു എന്നതിന്റെ പേരിലാണല്ലോ. ഇത് ഏറ്റവും വലിയ തെറ്റാണ് എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ അഡ്മിനിസ്ട്രേറ്റർ അധികാരം ഏറ്റെടുത്തത്. എന്നാൽ അധികാരം ഏറ്റെടുത്തതിനുശേഷം ദീർഘകാലമായി ഈ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന് അനധികൃതമായി പോസ്റ്റ് ചെയ്ത ഈ സെക്രട്ടറിയുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തോ, അങ്ങനെ നടപടി എടുത്തിട്ടില്ലെങ്കിൽഎന്തുകൊണ്ട് നടപടിയെടുത്തില്ല എന്ന് താങ്കൾ അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. സി. ജോർജ് : സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. നടപടി എടുത്തിട്ടില്ല. അതിനെപറ്റി എനിക്കറിയില്ല. ഗവൺമെന്റ് ചെയ്യേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ; ഈ സഹകരണ സംഘങ്ങളുടെ അതിർത്തി എങ്ങനെയാണ് നിശ്ചയിക്കുന്നത് ? അതിർത്തി നിശ്ചയിച്ചാൽ വരുന്ന ബുദ്ധിമുട്ട്.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ കൂടുതൽ സംസാരിച്ച് മറ്റുള്ളവരുടെ അവസരങ്ങൾ പാഴാക്കുന്നത് വലിയ കഴിവായി കരുതരുത്.

ശ്രീ. പി. സി. ജോർജ് : സർ ഇങ്ങനെ പറയുന്നതു ശരിയാണോ, എനിക്കു പറയാനുള്ളത് പറയണ്ടേ ?

ഡ്യൂവൽ മെമ്പർഷിപ്പ് എന്നൊരു ഏർപ്പാടുണ്ട്. അടുത്തടുത്ത പഞ്ചായത്തുകളിലെ ബാങ്കുകളിൽനിന്നും ലോൺ ലഭിക്കുന്നതിനുവേണ്ടി പാവപ്പെട്ട ആളുകൾ എല്ലാ ബാങ്കുകളിൽനിന്നും മെമ്പർഷിപ്പെടുക്കും. ഇങ്ങനെ മെമ്പർഷിപ്പെടുക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടു സഹകരണസംഘങ്ങളിൽ തെരഞ്ഞെടുപ്പു നടക്കുമ്പോൾ ചില റിട്ടേണിങ്ങ് ഓഫീസർമാർ ഡ്യൂവൽ മെമ്പർഷിപ്പ് ഉണ്ടെന്നു പറഞ്ഞു അയാളുടെ നോമിനേഷൻ തള്ളിക്കളയും. ആ റിട്ടേണിംഗ് ഓഫീസർതന്നെ മറ്റൊരു ബാങ്കിലെ ഇലക്ഷന്റെ റിട്ടേണിംഗ് ഓഫീസറാകുമ്പോൾ അവിടെ ഡ്യൂവൽ മെമ്പർഷിപ്പ് എന്ന ആരോപണം വന്നാലും ആ നോമിനേഷൻ അംഗീകരിക്കും. അതിന്റെ അർത്ഥം ഡ്യൂവൽ മെമ്പർഷിപ്പുള്ളവരുടെ നോമിനേഷൻ അംഗീകരിക്കാനും തള്ളാനുമുള്ള അവകാശം റിട്ടേണിംഗ് ഓഫീസർമാർക്ക് ഉണ്ട് എന്നല്ലേ ഞാൻ മനസ്സിലാക്കേണ്ടത് ഞാൻ അതുകൊണ്ടാണ് പറഞ്ഞത് ഈ നിയമത്തിൽ മാറ്റം വരുത്തിയേ മതിയാകൂ എന്ന്.

ഇതുപോലെതന്നെ ബാങ്കുകളിൽ ശാഖയുണ്ടാക്കുന്നതും. എന്റെ നിയോജകമണ്ഡലത്തിൽ തലപ്പുലം ബാങ്കും മേലമ്പാറ ബാങ്കും തമ്മിൽ അടിയാണ്. നരിയങ്ങാനത്തു ഒരു ശാഖവേണം. തലപ്പുലംകാരൻ പറയുന്നു തലപ്പുലംകാരന്റെ അതിർത്തിയാണ് നരിയങ്ങാനം എന്ന്. മേലംപാറക്കാരൻ പറയുന്നു മേലമ്പാറക്കാരന്റെ അതിർത്തിയാണെന്ന്. ഏതായാലും ആരോഗ്യമുള്ളവൻ ഇപ്പോൾ ശാഖയുണ്ടാക്കിയിരിക്കുകയാണ്. ബ്രാഞ്ച് തുടങ്ങിയിരിക്കുകയാണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇങ്ങനെയായാൽ അടുത്തയാളെ വിളിക്കേണ്ടിവരും.

ശ്രീ. പി. സി. ജോർജ് : സർ, ഞങ്ങൾ മാത്രമല്ല സഭയിലെ എല്ലാ ആളുകളും പറയുന്നു ഞാൻ നിർത്തണമെന്ന്. അതുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ജെ. തങ്കപ്പൻ : സർ, സഹകരണ നിയമത്തിലെ ഭേദഗതിയിൽ ചില ഭേദഗതികൂടി അംഗീകരിക്കേണ്ടിവരും. നമ്മുടെ സംസ്ഥാനത്തെ സഹകരണമേഖല എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കേണ്ട സന്ദർഭമാണിത്. ഗവൺമെന്റിന്റെ സഹകരണ വകുപ്പുഭരിക്കുന്നത് ബഹുമാന്യയായ മന്ത്രി ശ്രീമതി കമലം ആണെന്നാണ് വയ്പ്. പക്ഷേ റിമോട്ട് കൺട്രോൾ മുഖേന സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർമാനും ധനകാര്യവകുപ്പുമന്ത്രിയുമായ ശ്രീമാൻ തച്ചടി പ്രഭാകരനാണ് ഈ വകുപ്പു നിയന്ത്രിക്കുന്നത്. ഏത് സഹകരണസംഘത്തിന്റെ ബോർഡ് നശിപ്പിക്കണം ഏത് ബോർഡിനെ നിലനിറുത്തണം എതെല്ലാം കോൺഗ്രസ് നേതാക്കൻമാരെ ബോർഡിൽ നോമിനേറ്റ് ചെയ്തുകൊണ്ടുവരണം ഈ വക കാര്യങ്ങൾ നിർദ്ദേശിക്കുന്നത് ശ്രീമാൻ തച്ചടി പ്രഭാകരനും നടപ്പിലാക്കുന്നത് ബഹുമാന്യയായ നമ്മുടെ മന്ത്രിയുമാണ്. ഈ സംസ്ഥാനത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾക്ക് ഭൂരിപക്ഷമുള്ള ബോർഡുകളെ എങ്ങനെ തകർക്കാം, ഏതെല്ലാം അവസരം ഉപയോഗിച്ച് അതിനെ തകർത്തിട്ട് കോൺഗ്രസിന് ഭൂരിപക്ഷമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേറ്റീവ് ബോർഡിനെ സ്ഥാപിക്കാം എന്നുള്ളതാണ് കഴിഞ്ഞ നാലരകൊല്ലംകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും റിമോട്ട് കൺട്രോൾ മുഖേന ഇതിനെ നിയന്ത്രിക്കുന്ന ശ്രീമാൻ തച്ചടി പ്രഭാകരനും നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് ഒരു പ്രധാനപ്പെട്ട ഉദാഹരണമാണ് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളിൽ വിശ്വസിക്കുന്ന ആളുകൾക്ക് ഭൂരിപക്ഷമുള്ള ഒരു ഡയറക്ടർ ബോർഡാണ് ഭരിച്ചുകൊണ്ടിരുന്നത്. അതിന്റെ പ്രസിഡന്റ് മാർക്സിസ്റ്റ് പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി സഖാവ് പിണറായി വിജയനാണ്. അതുകൊണ്ടുതന്നെ ആ ബാങ്കിന്റെ ഡയറക്ടർ ബോർഡിനെ തകർത്തു ആ ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശ്രമം കഴിഞ്ഞ കുറെ കാലമായി നടത്തിക്കൊണ്ടിരിക്കുന്നത് ആ ഡയറക്ടർബോർഡിലുള്ള എട്ട് അംഗങ്ങളിൽ രണ്ടു ആളുകൾ ആദ്യമേ തന്നെ രാജിവച്ച് പോയി. രാജിവച്ച് പോയതാണോ? തെരഞ്ഞെടുക്കപ്പെട്ട രണ്ട് ആളുകളിൽ ആദ്യം ഒരാൾ രാജിവച്ചു. രണ്ടാമത്തെയാളിനെ ഗവൺമെന്റിന്റെ സ്വാധീനം ചെലുത്തിയാണ് നിർബന്ധിച്ച് രാജിവയ്പിച്ചത്. അതിനുശേഷം ആ ബാങ്കിലെ ഡയറക്ടർ ബോർഡിൽ നോമിനേറ്റ് ചെയ്യപ്പെട്ടിരിക്കുന്ന രണ്ട് കോൺഗ്രസ് നേതാക്കൻമാർ കമലം ജനത കോൺഗ്രസ് (ഐ)-ൽ ലയിച്ചപ്പോഴും രണ്ടുപേരും കോൺഗ്രസ് (ഐ) യുടെ ഡയറക്ടർ ബോർഡ് മെമ്പർമാരായി. നേരത്തെ രാജിവച്ചുപോയ തെരഞ്ഞെടുക്കപ്പെട്ട രണ്ടു മെമ്പർമാരുടെ സ്ഥാനത്ത് ആ ഒഴിവ് നികത്തുന്നതിന് രണ്ട് ആളുകളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി രണ്ട് റിട്ടേണിംഗ് ഓഫീസർമാരെ വിട്ടുതരണമെന്ന് കണ്ണൂർ ജില്ലാബാങ്കിന്റെ ഡയറക്ടർ ബോർഡ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഇങ്ങനെ ഒഴിവുള്ള സ്ഥാനത്തേക്ക് രണ്ട് ആളുകളെ തെരഞ്ഞെടുക്കുന്നതിന് റിട്ടേണിംഗ് ഓഫീസറെ നിയമിക്കാൻ പോലും ഈ ഡിപ്പാർട്ടുമെന്റോ മന്ത്രിയോ മെനക്കെട്ടില്ല. ഈ അവസരം ഉപയോഗിച്ച് ഈ പഴുതിൽക്കൂടി അകത്തുകടന്നു ഈ ബോർഡിനെ തകർത്തു കോൺഗ്രസ് പാർട്ടിയുടെ ഒരു താവളമാക്കി ആ ബാങ്കിൽ നോമിനേറ്റ് ചെയ്യപ്പെട്ട ചില ആളുകളെ തിരുകി കയറ്റി കോൺഗ്രസ് പാർട്ടിയുടെ ഒരു സബ് ഓഫീസാക്കി മാറ്റാൻ കഴിയുമോ എന്നുള്ള ശ്രമമാണ് മന്ത്രിയും മന്ത്രിയെ കൺട്രോൾ ചെയ്യുന്ന ധനകാര്യമന്ത്രിയും ചെയ്തുകൊണ്ടിരിക്കുന്നത്. അതിനുശേഷം നോമിനേറ്റ് ചെയ്യപ്പെട്ട രണ്ട് ആളുകളും കോൺഗ്രസുകാരാണ്. രണ്ടുപേരും രാജിവച്ച് പോയി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഭരണമുന്നണിയുമായി പുതിയ ബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ. എം. വി. രാഘവന്റെ സമ്മർദ്ദത്തിന് വിധേയമായിട്ടാണ് കണ്ണൂർ ജില്ലാ സഹകരണബാങ്ക് പിരിച്ചുവിട്ടത് എന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർ മനസിലാക്കിയിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, അത് വ്യക്തമല്ലേ. ശ്രീ. എം. വി. രാഘവനും ശ്രീ. തച്ചടി പ്രഭാകരനുമായിട്ടുള്ള ഒരു ഗൂഢാലോചനയാണ് ആ ബാങ്കിന്റെ ഡയറക്ടർ ബോർഡിനെ തകർക്കുന്നതിനുവേണ്ടി കഴിഞ്ഞ രണ്ടുമൂന്നു മാസമായി നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ഇപ്പോഴും ഭൂരിപക്ഷമുള്ള ആ ബോർഡിനെ ഭരിക്കാൻ അനുവദിക്കാതെ കോറം ഇല്ല എന്നുള്ള വ്യാജേന ബോർഡിനെ തകർക്കാനുവേണ്ടിയാണ് കോൺഗ്രസ് പാർട്ടിയും ഈ രണ്ടു മന്ത്രിമാരുംകൂടി ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇടതുപക്ഷമുന്നണിയുടെ ഭരണകാലത്ത് ശ്രീ. കുട്ട്യാലി പ്രസിഡൻറായിട്ടുള്ള ഇടുക്കി ജില്ലാ സഹകരണബാങ്ക് യാതൊരു കാരണവും കൂടാതെ പിരിച്ചുവിട്ടതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ് ?

ശ്രീ. വി. ജെ. തങ്കപ്പൻ : കാരണമില്ലാതെ ഒരു കാരണവശാലും ആ ബാങ്കിനെ പിരിച്ചുവിടാൻ കഴിയുകയില്ല. പിരിച്ചുവിട്ടിട്ടും ഇല്ല.

ഇവിടെ പറയപ്പെടുന്ന ഒരു കാരണം കാസർകോട് ജില്ല വന്നതുകൊണ്ട് ഇത് രണ്ടാക്കണമെന്നൊരു ന്യായം പറഞ്ഞിട്ടാണ് ഇടപെട്ടിരിക്കുന്നത്. ആ ബാങ്കിലെ ഡയറക്ടർ ബോർഡിനെ തകർക്കാനുള്ള ശ്രമം തുടങ്ങിയിട്ട് മാസങ്ങളായി. ഇതിന് കണ്ണൂർ ജില്ലയിൽനിന്ന് ഒരു പട്ടികജാതിക്കാരനെക്കൂടി കിട്ടിയപ്പോൾ അതിനെ ഉപയോഗിച്ചുകൊണ്ട് എങ്ങനെയെങ്കിലും, ഈ കോ-ഓപ്പറേറീവ് ബാങ്കിന്റെ ഡയറക്ടർ ബോർഡിനെ ലിക്വിഡേറ്റ് ചെയ്യാൻ കഴിയുമോയെന്നുള്ള ഒരു പാഴ്ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒഴിവ് വന്ന രണ്ട് സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന് റിട്ടേണിംഗ് ഓഫീസറെ നിയമിക്കാൻ നമ്മുടെ സംസ്ഥാനത്തെ ഹൈക്കോടതി ഗവൺമെൻറിന് ഉത്തരവു നൽകിയിരിക്കുന്നു. അതുപോലെ തന്നെ ആ ഡയറക്ടർ ബോർഡിനെ തകർത്തിട്ട് അഡ്മിനിസ്ട്രേറ്ററെ കൊണ്ടുവരാനുള്ള ഗൂഢാലോചനക്കെതിരായി ആ ഡയറക്ടർ ബോർഡ് മെമ്പർമാർ ഹൈക്കോടതിയെ സമീപിക്കുകയും ഡയറക്ടർ ബോർഡ് മുമ്പെന്നപോലെ തന്നെ വീണ്ടും നിലനിർത്തി ആ ബാങ്കിന്റെ ഭരണം കൈയാളുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ചിരിക്കുകയാണ്. ഇത് ഞാൻ ഒരു ഉദാഹരണമായി മാത്രം ചൂണ്ടിക്കാണിച്ചതാണ്.

സർ, മറ്റൊരുദാഹരണം പറഞ്ഞാൽ, നേമം നിയോജകമണ്ഡലത്തിലെ ശക്തിവിലാസം സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടിട്ട് ഒന്നരവർഷമായി. വെറും സാങ്കേതികമായ കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടത്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരാൾ ആ ബാങ്കിന്റെ പ്രസിഡൻറാണെന്ന ഒറ്റ കാരണം കൊണ്ടാണ്, ഡയറക്ടർ ബോർഡിനെ ലിക്വിഡേറ്റ് ചെയ്ത് അഡ്മിനിസ്ട്രേറ്ററെ ഏൽപ്പിച്ചിരിക്കുന്നത്. ഇവിടെ ശ്രീ. ടി. എസ്. ജോൺ ചൂണ്ടിക്കാണിച്ചതുപോലെ, ഇൻഡസ്ട്രിയൽ സഹകരണസംഘങ്ങളിലും ഇതാണ് അവസ്ഥ. ശ്രീമതി കമലവും, ശ്രീ. അഹമ്മദുംകൂടി നമ്മുടെ സഹകരണമേഖലയെ ആകെത്തകർത്ത് ഇതെല്ലാം കോൺഗ്രസിന്റെയും ഇൻഡ്യൻ യൂണിയൻ ലീഗിന്റെയും ആസ്ഥാനങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഉദാഹരണമായി ശ്രീ. അഹമ്മദിന്റെ കീഴിലുള്ള വെൺപകൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറീവ് വീവേഴ്സ് സൊസൈറ്റിയിൽ സമയത്തിന് തെരഞ്ഞെടുപ്പ് നടത്താൻ നോട്ടീസ് കൊടുത്തില്ലെന്നുള്ള സാങ്കേതികമായ കാരണം പറഞ്ഞുകൊണ്ട് അതിന്റെ ഡയറക്ടർ ബോർഡിനെയും തകർത്തിരിക്കുന്നു. ആ ഡയറക്ടർ ബോർഡിന് നേതൃത്വം കൊടുത്തിരുന്നതും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ പ്രവർത്തകരാണെന്നുള്ള ഒറ്റ കാരണം കൊണ്ടാണ് അങ്ങനെ ചെയ്തത്. അങ്ങനെ പുതുതായി വന്ന നോമിനേറ്റഡ് ഡയറക്ടർ ബോർഡിൽ രണ്ട് ആളുകളെ നിയമിക്കാൻ തീരുമാനിച്ചിരിക്കുന്നു. പണം വാങ്ങിക്കൊണ്ടാണെന്നു പറയപ്പെടുന്നു. എനിക്ക് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അറിയില്ല. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗും കോൺഗ്രസ്സുകാരുംകൂടി ശ്രീ. അഹമ്മദ് നിയമിച്ച ഡയറക്ടർ ബോർഡിൽ രണ്ടാളുകളെ കിട്ടിയ അവസരം ഉപയോഗിച്ചു നിയമിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് കാസർകോട് മുതൽ നെയ്യാറ്റിൻകര വരെയുള്ള പ്രദേശങ്ങളെടുത്തു പരിശോധിച്ചാൽ, ഇൻഡസ്ട്രിയൽ സഹകരണ സംഘമായാലും അല്ലാത്ത സഹകരണസംഘമായാലും, സഹകരണമേഖലയാകെ പതിപക്ഷ രാഷ്ട്രീയ പാർട്ടികൾക്ക് സ്വാധീനമുണ്ട് എന്നുള്ളതുകൊണ്ട് തകർത്തിരിക്കുന്നു. വളഞ്ഞ വഴിയിൽക്കൂടി, പിൻവാതിലുകളിൽക്കൂടി കോൺഗ്രസുകാരെയും ഭരണകക്ഷി നേതാക്കൻമാരെയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെന്ന പേരു പറഞ്ഞുകൊണ്ട് ഭരണയന്ത്രത്തിലേക്ക് കടത്തിവിടുന്ന ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. സർക്കാർ നോമിനേഷനുകളിൽ ബഹുഭൂരിപക്ഷവും കോൺഗ്രസ്സുകാർതന്നെ.

നെയ്യാറ്റിൻകര ഒരു അദ്ധ്യാപക സഹകരണസംഘമുണ്ട്. ആ സഹകരണസംഘത്തിൽ നോമിനേറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്, അക്ഷരാഭ്യാസം പോലുമില്ലാത്ത, പത്തുനാൽപ്പതു ക്ലോമീറ്റർ ദൂരെയുള്ള ഒരാളെയാണ് അയാൾക്ക് ഡയറക്ടർ ബോർഡിൽ വരുന്നതിന് ടി.എ.യും, ഡി.എ. യും ഈ സഹകരണസംഘം തന്നെ കൊടുക്കണം. അവിടം ഭരണകക്ഷിയുടെ പ്രാദേശിക നേതാക്കൻമാരുടെ ഒരു സങ്കേതമാക്കി മാറ്റിയെടുക്കുന്നതിനുള്ള ശ്രമമാണ് ശ്രീമതി കമലവും ശ്രീ. തച്ചടി പ്രഭാകരനും കോൺഗ്രസുപാർട്ടിയും ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്നത്.

അതുപോലെ നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിലായി ഒരു പ്രൈമറി ലാൻറ് മോർട്ട്ഗേജ് ബാങ്ക് ഉണ്ടായിരുന്നു. അത് ഇപ്പോൾ രണ്ടാക്കി. അങ്ങനെ രണ്ടാക്കിയപ്പോൾ മന്ത്രിയുടെ പാർട്ടിയിലുള്ള ഒരു ശ്രീധരൻനായരെ ചീഫ് പ്രമോട്ടറാക്കിക്കൊണ്ട് നെടുമങ്ങാട് ആസ്ഥാനമാക്കി ഒരു പ്രൈമറി ലാൻറ് മോർട്ട്ഗേജ് ബാങ്ക് തുടങ്ങുന്നതിനുപകരം മറ്റൊരു സ്ഥലമായ പാലോടിലേക്ക് മാറ്റിയിരിക്കുന്നു. പാലോടിലേക്ക് മാറ്റിയെന്നുമാത്രമല്ല, നൂറു രൂപ മെമ്പർഷിപ്പുള്ള (എ) ക്ലാസ് മെമ്പർമാർക്ക് മാത്രം വോട്ടവകാശം കൊടുത്തുകൊണ്ട് തെരഞ്ഞെടുപ്പു നടത്താനുള്ള അണിയറ നീക്കങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു.

മാവേലിക്കരയിൽ ഒരു പ്രൈമറി ലാൻറ് മോർട്ട്ഗേജ് ബാങ്കിന് അംഗീകാരം കൊടുക്കുവാൻ പോലും, രാഷ്ട്രീയകാരണങ്ങളാൽ തയ്യാറായില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : ഈ ശ്രീധരൻനായർ നമ്മുടെ മന്ത്രിയുടെ പഴയ ജനതാ പാർട്ടിയിലെ ആളാണെന്നും തിരുവനന്തപുരം സഹകരണബാങ്ക് ഉൾപ്പെടെയുള്ള ഒൻപത് ബാങ്കുകളുടെ നോമിനേറ്റഡ് ബോഡിയിൽ ഉണ്ടെന്നുമുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. വി. ജെ. തങ്കപ്പൻ : തിരുവനന്തപുരം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള ഒൻപത് സഹകരണസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡുകളിലെ മെമ്പറാണ് ശ്രീ. ശ്രീധരൻനായർ. എത്രത്തോളം ആനുകൂല്യങ്ങൾ ഇതിൽ ചെയ്തുകൊടുക്കുവാൻ കഴിയുമോ അതെല്ലാം ശ്രീമതി കമലം ചെയ്തുകൊടുക്കും. ഞാൻ ബില്ലിൻറെ വകുപ്പിലേക്ക് വരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒൻപത് സഹകരണ സ്ഥാപനങ്ങളിൽ അദ്ദേഹത്തെ നോമിനേറ്റ് ചെയ്യേണ്ടിവന്നത് കമലേടത്തിയുടെ പഴയ പാർട്ടിയിൽ കമലേടത്തി ഉണ്ടായിരുന്നപ്പോഴാണ്. ഇപ്പോൾ അതിൻറെ ആവശ്യമില്ല. കോൺഗ്രസുകാർ ഇപ്പോൾ ധാരാളമുള്ളതുകൊണ്ട് ആ ബുദ്ധിമുട്ട് ഒഴിവായി കിട്ടിയിട്ടുണ്ടെന്നുള്ള വസ്തുത മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? കോൺഗ്രസിൽ ചേർന്ന

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഒ. ഭരതൻ)

സാഹചര്യത്തെക്കുറിച്ച് മെമ്പർക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. വി. ജെ. തങ്കപ്പൻ : അവർ കോൺഗ്രസ്സിൽ ചേർന്നപ്പോഴും അവരുടെകൂടെയുള്ള പലരും കോൺഗ്രസ്സിൽ ചേർന്നില്ല. ആ ദുഃഖവും കുണ്ഠിതവും അവർക്കുണ്ട്. ഇവിടെ ശ്രീ. ടി. എസ്. ജോൺ സംസാരിച്ചപ്പോഴും ഈ ഗവൺമെൻറിന്റെ ഹരിജന പ്രേമത്തെക്കുറിച്ച് വാനോളം വാഴ്ത്തുന്നതു കേട്ടു. ഈ ബില്ലിലെ പ്രൊവിഷൻ വച്ചുനോക്കിയാൽ, ഇതൊരു ഹരിജനവിരുദ്ധ ബില്ലാണെന്ന് മനസ്സിലാക്കാം. ഹരിജനങ്ങളെ നോമിനേറ്റ് ചെയ്യാൻ, അല്ലെങ്കിൽ അവരെ തെരഞ്ഞെടുക്കപ്പെടുവാൻ അവസരമുണ്ടാക്കുന്നതിനുവേണ്ടി ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നു എന്ന് അവകാശപ്പെടുന്നു. പക്ഷേ വീട്ടിനകത്ത് ഹരിജൻ കയറാൻ പാടില്ല, മുറ്റത്തു നിന്നുകൊള്ളണം.

ശ്രീ. ബെന്നിബഹനാൻ : ബില്ലിലെവിടെയാണ് അങ്ങനെ പറയുന്നത് ?

ശ്രീ. വി. ജെ. തങ്കപ്പൻ : ശ്രീ. ബെന്നിബഹനാൻ ഈ ബിൽ വായിച്ചുനോക്കിയില്ലെന്നു തോന്നുന്നു. ഇതിൽ പ്രൈമറി ക്രെഡിറ്റ് സൊസൈറ്റിയിൽ ഹരിജനും സ്ത്രീയും തെരഞ്ഞെടുക്കപ്പെടാനുള്ള അവകാശമുണ്ട്. പ്രൈമറി ക്രെഡിറ്റ് സൊസൈറ്റി മാത്രമാണോ സഹകരണമേഖലയിലുള്ളത് ? ശ്രീ. ഹസ്സന്റെ ഹൗസിംഗ് സൊസൈറ്റിയില്ലേ ? അതിന്റെ അപ്പക്സ് സൊസൈറ്റിയില്ലേ ? ആ അപ്പക്സ് സൊസൈറ്റിയിൽ ശ്രീ. ഹസ്സനോടൊപ്പം ഒരു ഹരിജൻ ഇരുന്നാൽ എന്തെങ്കിലും ദോഷം സംഭവിക്കുമോ ? ശ്രീ. ഹസ്സനോടൊപ്പം ഒരു സ്ത്രീ ഇരുന്നാൽ എന്തെങ്കിലും ദോഷം സംഭവിക്കുമോ ?

ശ്രീ. എം. എം. ഹസ്സൻ : അങ്ങയുടെ ഒപ്പം ഒരു സ്ത്രീ ഇരുന്നാൽ എന്തു സംഭവിക്കുമോ അതുതന്നെ എന്റെ ഒപ്പം ഒരു സ്ത്രീ ഇരുന്നാലും സംഭവിക്കുകയുള്ളൂ.

ശ്രീ. വി. ജെ. തങ്കപ്പൻ : അതിനു യാതൊരു കുഴപ്പവുമില്ല. ശ്രീ. തച്ചടി പ്രഭാകരൻ പ്രസിഡൻറായിട്ടുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുണ്ട്. ഈ ബില്ലനുസരിച്ച്, ആ ബാങ്കിൽ ഹരിജനും സ്ത്രീക്കും തെരഞ്ഞെടുക്കപ്പെടാൻ അവകാശമില്ല. അതെന്തുകൊണ്ട് ? എന്തുകൊണ്ട് ശ്രീ. തച്ചടി പ്രഭാകരനോടൊപ്പം ഒരു സ്ത്രീക്ക് ഇരുന്നുകൂടാ. അതുപോലെ ശ്രീ. തച്ചടിയോടൊപ്പം ഒരു ഹരിജന് ഇരുന്നുകൂടാ. ഹരിജന് കറുത്ത തൊലിയുള്ളതുകൊണ്ട്. ഒപ്പം ഇരുന്നുകൂടെന്നാണോ ?

അതുപോലെ കയർ ഫെഡ്ഡിൽ ഹരിജനും സ്ത്രീക്കും പ്രാതിനിധ്യം വേണ്ടേ ? മാർക്കറ്റിംഗ് ഫെഡറേഷനിൽ ഹരിജനും സ്ത്രീക്കും പ്രാതിനിധ്യം വേണ്ടേ ? അതാണ് ഞാൻ ശ്രീ. ബെന്നിബഹനാൻ മനസ്സിലാക്കുവാൻ പറയുന്നത്, മുറ്റത്തുമാത്രമേ ഹരിജന് നിൽക്കുവാനുള്ള അവകാശം ഈ ബില്ലിൽ കൊടുക്കുന്നുള്ളൂ. ശ്രീ. ടി. എസ്. ജോൺ അതുകൊണ്ട് ഊറ്റംകൊള്ളേണ്ട. അടിയന്തിരമായി ഗവൺമെൻറ് ക്രെഡിറ്റ് സൊസൈറ്റി എന്നു പറയുന്ന ഡഫിനിഷനിൽ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും ഉൾക്കൊള്ളണം. എല്ലാ സഹകരണ സ്ഥാപനങ്ങളിലും ഹരിജനങ്ങൾക്കും സ്ത്രീകൾക്കും പ്രാതിനിധ്യം തെരഞ്ഞെടുപ്പിൽക്കൂടി വരാനുള്ള അവകാശമുണ്ടാക്കിക്കൊടുക്കുവാൻവേണ്ടി ഈ ബില്ലിൽ വ്യവസ്ഥയുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഈ ബില്ലിൽ നിയമനങ്ങളിൽ ഹരിജനങ്ങൾക്കും ആദിവാസികൾക്കുംവേണ്ടി പത്തുശതമാനം റിസർവ്വേഷൻ അനുവദിച്ചിട്ടുണ്ട്. എന്തുകൊണ്ട് പിന്നോക്കസമുദായങ്ങൾക്കും റിസർവേഷൻ അനുവദിച്ചുകൂടാ? പബ്ലിക് സർവ്വീസ് കമ്മിഷന്റെ തെരഞ്ഞെടുപ്പു ചട്ടങ്ങൾ വച്ചുകൊണ്ട് സഹകരണമേഖലയിൽ നിയമനങ്ങൾ നടത്തുന്നത് എന്തുകൊണ്ട് വ്യവസ്ഥ ചെയ്തുകൂടാ? അവിടെയും ശ്രീ. ഹസ്സന്റെ അപ്പക്സിലും ശ്രീ. തച്ചടിയുടെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലും നടത്തുന്ന നിയമനങ്ങളിൽ ഹരിജനങ്ങൾക്ക് പ്രാതിനിധ്യം വേണ്ടെന്നാണ്. അതുകൊണ്ട് ഞാൻ പറഞ്ഞത്, ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം മുറത്തു മാത്രമേ അവർക്ക് നിൽക്കാൻ കഴിയുകയുള്ളു. വലിയവലിയ സഹകരണബാങ്കുകളിലും ശ്രീ. തച്ചടി പ്രസിഡന്റായിട്ടുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലും ഹരിജനങ്ങളെ നിയമിച്ചുകൂടെന്നാണ് ഹരിജനങ്ങളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ സഹകരണ സ്ഥാപനങ്ങളിലും നിയമനം നടക്കുമ്പോൾ, കറുത്ത തൊലിയെന്നോ, വെളുത്ത തൊലിയെന്നോ ഉള്ള വ്യത്യാസം മതിയാക്കണം. താഴെക്കിടയിലുള്ള മോശപ്പെട്ട ബാങ്കുകളിലൊക്കെ ഹരിജനങ്ങളിരുന്നുകൊള്ളട്ടെ എന്നാണോ?

ശ്രീ. കോട്ടക്കുഴി സുകുമാരൻ: ബഹുമാനപ്പെട്ട മെമ്പർ ഇതു പറയുന്ന കൂട്ടത്തിൽ, കറുത്ത തൊലിയുള്ളവരെല്ലാം ഹരിജനങ്ങളാണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പറും ആ ഹരിജനവിഭാഗത്തിൽ പെടുമോ? ഹരിജനങ്ങളിൽ വെളുത്ത തൊലിയുള്ളവരും ഒരുപാട് പേരുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ: കറുത്ത തൊലിയുള്ളവരാണ് ഹരിജനങ്ങൾ എന്നുപറഞ്ഞാൽ എനിക്ക് ക്ഷീണം തോന്നുന്നില്ല. അതിൽ ശ്രീ. കോട്ടക്കുഴി സുകുമാരന് ക്ഷീണമുണ്ടെങ്കിൽ ഞാൻ ഉത്തരവാദിയല്ല. അതുകൊണ്ട് ഹരിജനങ്ങൾക്ക് നിയമനം കൊടുക്കുമ്പോൾ സ്റ്റേറ്റ് നിലവാരത്തിലുള്ള എല്ലാ അപ്പെക്സ് ബോഡികളിലും ഹരിജനങ്ങൾക്ക് നിയമനം സംവരണം ചെയ്യണം. അതോടൊപ്പംതന്നെ പിന്നോക്ക സമുദായത്തിൽപ്പെട്ട ആളുകൾക്കുകൂടി ഈ ബില്ലിൽ സംവരണ വ്യവസ്ഥ ഉണ്ടാക്കണം.

അതുപോലെതന്നെ മൂന്നു വർഷം അഞ്ചു വർഷമാക്കണമെന്ന ഒരു ഭേദഗതി ഈ ബില്ലിലുണ്ട്. അതിനെ ആരും എതിർക്കുന്നില്ല. ചില സൊസൈറ്റികളെ സംബന്ധിച്ച് മൂന്നുവർഷം അഞ്ചു വർഷം ആക്കണമെന്ന പ്രമേയം പാസാക്കി അയച്ചാൽ ശ്രീ. തച്ചടി പ്രഭാകരന്റെ നിർദ്ദേശമനുസരിച്ചാകാം സഹകരണസംഘം രജിസ്ട്രാർമാർ അനുവാദം കൊടുക്കാത്തത്. അത് രാഷ്ട്രീയ കാരണങ്ങളാണ്. രാഷ്ട്രീയ കാരണങ്ങളും വച്ചുകൊണ്ട് ചില സഹകരണ സംഘങ്ങൾക്ക് എക്സ്റ്റൻഷൻ കൊടുക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട കോ-ഓപ്പറേറ്റീവ് മന്ത്രി പറഞ്ഞാൽ രജിസ്ട്രാർ കേൾക്കുകയില്ലെന്നാണോ ഇതിന്റെ അർത്ഥം?

ശ്രീ. വി. ജെ. തങ്കപ്പൻ: കോ-ഓപ്പറേറ്റീവ് മന്ത്രി പറഞ്ഞാൽ രജിസ്ട്രാർ കേൾക്കുകയില്ല. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റ് പറഞ്ഞാൽ കേൾക്കും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: കണ്ണൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് പിരിച്ചുവിട്ടപ്പോൾ അവിടത്തെ ജോയിന്റ് രജിസ്ട്രാർക്ക് ഉണ്ടായ അനുഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : ഉണ്ട്, ആ അനുഭവം ഉണ്ടാകും. നിയമനങ്ങളിൽ ഇന്ന് പ്രൈമറി ക്രെഡിറ്റ് സൊസൈറ്റി എന്നു പറഞ്ഞ് ചുരുക്കി കൊണ്ടുവരുന്ന അവസ്ഥ മാറ്റി സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള അപ്പെക്സ് സഹകരണസംഘങ്ങളിലും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളിലും നിയമനത്തിൽ പത്തു ശതമാനം ഹരിജനങ്ങൾക്ക് സംവരണം വ്യവസ്ഥ ചെയ്യണം. അതോടൊപ്പം സഹകരണ മേഖലയിലുള്ള നിയമനങ്ങളിലെല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ പാലിക്കുന്ന സംവരണതത്വം പാലിക്കുന്നതിനുവേണ്ടിയുള്ള അമൻറ്മെൻറ് ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അതുപോലെ ഏറ്റവും വലിയ സഹകരണ അപ്പെക്സ് ബോഡികളിൽ സ്ത്രീകളെയും ഹരിജനങ്ങളെയും തെരഞ്ഞെടുക്കപ്പെടാനുള്ള അവസരങ്ങൾ ഉണ്ടാകത്തക്കവിധത്തിലുള്ള ഭേദഗതി കൊണ്ടുവന്ന് ഈ ബില്ലിനെ അതിൻെറ ഉദ്ദേശശുദ്ധിയോടുകൂടി അവതരിപ്പിക്കണം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : ബഹുമാനപ്പെട്ട മെമ്പർ പറയുന്ന വിധത്തിൽ സഹകരണ നിയമത്തിലാകെ മാറ്റം വരുത്തുന്ന നിയമം ഈ സഭയിൽതന്നെ വരുന്നുണ്ട്. രണ്ടു മൂന്നു കാര്യങ്ങൾക്കുവേണ്ടിയുള്ളതാണ്. അതിലെല്ലാം ഈ കാര്യങ്ങൾ ഉൾപ്പെടുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : അത് അറിയാം. അതുവരെ കാത്തിരിക്കാതെ ഹരിജനങ്ങൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മുകളിൽ അങ്ങയുടെകൂടെ ഇരുന്നോട്ടെ.

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ പ്രസിഡൻറായി കഴിഞ്ഞശേഷം നമ്മുടെ പി. എസ്. സി. യുടെ സാമുദായിക സംവരണംവരെ നടപ്പാക്കുകയും ഹരിജനങ്ങളിൽ അപേക്ഷിച്ചിട്ടുള്ളവർക്ക് മുൻഗണന കൊടുക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്. ഹരിജനങ്ങളെ നൂറു ശതമാനംവരെ അതിൽ എടുക്കുന്നുണ്ട്. കഴിഞ്ഞപ്രാവശ്യം രണ്ടു ഹരിജനങ്ങളുടെ അപേക്ഷ മാത്രമാണ് വന്നത്. ആ രണ്ടു ഹരിജനങ്ങൾക്കും പരിഗണന വച്ചുകൊടുക്കുകയുണ്ടായി.

ശ്രീ. വി. ജെ. തങ്കപ്പൻ : ഇത് വ്യക്തിപരമായ കാര്യമല്ല. ഈ നിയമത്തിൽ വ്യവസ്ഥ വേണമെന്നാണ് എൻെറ അഭിപ്രായം. അതുപോലെ തെരഞ്ഞെടുക്കപ്പെടുമ്പോൾ അപ്പെക്സ ഡയറക്ടർ ബോർഡിൽ എന്തുകൊണ്ട് ഹരിജനങ്ങൾക്ക് ഇരുന്നുകൂടാ ? എന്തുകൊണ്ട് സ്ത്രീകൾക്ക് അവിടെ ഇരുന്നുകൂടാ ? അത് ഇപ്പോൾ ചെയ്യുന്നുണ്ടോ ? നിയമം ഭേദഗതി ചെയ്തത്. പാസ്സാക്കുമ്പോൾതന്നെ നിയമത്തിൽ പ്രാബല്യമുണ്ടാകണം എന്നാണ് എൻെറ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ട് ഈ ബില്ല് പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഹകരണ നിയമത്തെക്കുറിച്ച് പറഞ്ഞ അഭിപ്രായമല്ല എനിക്കുള്ളത്. ഞാൻ ശ്രീ.വി.ജെ. തങ്കപ്പനെയും ശ്രീ.എസ്. ഗോവിന്ദക്കുറുപ്പിനെയുമൊക്കെ പിൻതാങ്ങുകയാണ്. സഹകരണ നിയമത്തിൽ സമൂലമായ മാറ്റം വരണമെന്ന് പറയാൻ തുടങ്ങിയിട്ട് കാലം ഒരുപാടായി. ഈ ചർച്ചയിനിടയിൽ ഒന്നുരണ്ടു ഗവൺമെൻറുകൾ വന്നുപോയി. 'കോഴിക്ക് മുല വരുന്നേ' എന്നു പറയുന്നതുപോലെയാണ് സഹകരണ നിയമം മാറുന്നേ എന്നു പറയുന്നത്. ഇതുവരെ അതിന് ഒരു മാറ്റവും ഉണ്ടായില്ല. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേഗതി വളരെ പ്രധാനപ്പെട്ടതാണെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അങ്ങനെ സമ്മതിക്കുന്നതോടൊപ്പം സഹകരണ നിയമത്തിൽ സമൂലമായ മാറ്റം വരണമെന്നും അഭിപ്രായപ്പെടുകയാണ്. ഇവിടെ ശ്രീ. ജോർജ് പറഞ്ഞതുപോലെ റബ്ബർപോലെ വലിച്ചാൽ നീളുകയും വിട്ടാൽ പൂർവ്വ സ്ഥിതിയെ പ്രാപിക്കുകയും ചെയ്യുന്ന ഒന്നല്ല സഹകരണ നിയമം. കുരുടൻ ആനയെ കാണുന്നതുപോലെയാണ് ശ്രീ. ജോർജ് സഹകരണ നിയമത്തെ കണ്ടത്. സഹകരണ നിയമം മുഴുവനായിട്ട് പഠിക്കണം. അതല്ലാതെ പറയാൻ പറ്റുകയില്ല. എല്ലാ നിയമങ്ങളിലും അപാകതകളുണ്ട്. അത് മാറ്റാൻ പലപ്പോഴും കോടതികളും ഇതിൽ ഇടപെടും. ഇതിൽ വളരെ പ്രസക്തമായ കാര്യങ്ങളേ ഞാൻ പറയുന്നുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ പറഞ്ഞത് റിമോട്ട് കൺട്രോൾ അനുസരിച്ചാണ് ശ്രീമതി എം. കമലം ഭരിക്കുന്നതെന്ന്. ഇത് 1980-ലെ ഗവൺമെന്റിന്റെ കാലത്ത് സഹകരണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. രാമകൃഷ്ണൻ, ശ്രീ. ചന്ദ്രശേഖരൻ നായരുടെ റിമോട്ട് കൺട്രോൾ അനുസരിച്ചാണ് ഭരിച്ചതെന്നു പറഞ്ഞ് അന്ന് പ്രതിപക്ഷം ആക്ഷേപം പറഞ്ഞു. അന്ന് ആരും അത് സമ്മതിച്ചില്ല. എ. കെ. ജി. സെന്ററിൽ റിമോട്ട് കൺട്രോൾ വച്ചാണ് അദ്ദേഹത്തെ നിയന്ത്രിക്കുന്നതെന്നു പറഞ്ഞു. അദ്ദേഹവും ഒരു സഹകാരിയാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റാണ്. അതുകൊണ്ട് കമലേടത്തി സഹകരണവകുപ്പുമന്ത്രി എന്ന നിലയിൽ വളരെ പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുന്നത് പലർക്കും പിടിക്കുന്നില്ല. ശ്രീ. വി. ജെ. തങ്കപ്പൻ ചോദിച്ചു, സ്ത്രീകൾ ബോർഡിൽ വന്നിരുന്നാൽ എന്താ തകരാറെന്ന്. ഒരു തകരാറുമില്ല. സ്ത്രീ ഭരിച്ചാൽ എന്താണ് തകരാറ്? ഒരു സ്ത്രീ ഇവിടെ ഭരിച്ച് സഹകരണ സംഘങ്ങൾ വളരെ മെച്ചപ്പെട്ട നിലയിൽ നടക്കുന്നത് നിങ്ങൾക്കു സഹിക്കുന്നില്ല. നിങ്ങൾ സ്ത്രീകളോടുള്ള സ്നേഹം ഇപ്പോൾ വാരിച്ചൊരിഞ്ഞല്ലോ? അത് കമലേടത്തിയുടെ കാര്യത്തിൽ എന്താ ഇല്ലാത്തത്? എന്റെ കൂട്ടത്തിൽ ഒരു സ്ത്രീ ബോർഡിൽ ഇരുന്നാൽ വല്ല കുഴപ്പവുമുണ്ടോ? ശ്രീ. തച്ചടി പ്രഭാകരന്റെ കൂട്ടത്തിൽ ഇരുന്നാൽ വല്ല കുഴപ്പവുമുണ്ടോ എന്ന് ശ്രീ. തങ്കപ്പൻ ചോദിച്ചു. ശ്രീ. വി. ജെ. തങ്കപ്പന്റെ കൂട്ടത്തിൽ ഇരുന്നാൽ ഒരു കുഴപ്പവുമില്ലെങ്കിൽ ഞങ്ങളുടെ കൂട്ടത്തിൽ ഇരുന്നാലും ഒരു കുഴപ്പവും ഉണ്ടാവുകയില്ല. ശ്രീ. തച്ചടി പ്രഭാകരനെയും എന്നെയും അറിയാവുന്നവർക്ക് യാതൊരു കുഴപ്പവും ഉണ്ടാവുകയില്ല എന്നറിയാം. ഞങ്ങൾ അമ്മയെയും സഹോദരിയെയും—സ്ത്രീത്വത്തെ—മാനിക്കുന്നവരാണ്. സഹകരണ ഫെഡറേഷനിൽ ഒരു വനിത വന്ന് ഹസ്സനോടൊപ്പം ഇരുന്നാൽ കുഴപ്പമുണ്ടോ എന്നാണ് ശ്രീ. വി. ജെ. തങ്കപ്പൻ ചോദിച്ചത്. എന്നാൽ ഒരു കുഴപ്പവുമില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി : സ്ത്രീകളെക്കുറിച്ച് ഇങ്ങനെയൊക്കെ പറയാമോ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ വളരെ ബഹുമാനത്തോടുകൂടി മാത്രമേ പറയുന്നുള്ളൂ. ശ്രീ. വി. ജെ. തങ്കപ്പൻ ചോദിച്ചതിനു ഞാൻ മറുപടി പറഞ്ഞുവെന്നേയുള്ളൂ. അവിടെനിന്ന് എന്ത് അനാവശ്യം പറഞ്ഞാലും ഗൗരിയമ്മ മിണ്ടാതിരിക്കുകയും ഇവിടെനിന്ന് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ചാടി എഴുന്നേൽക്കുകയും ചെയ്യുന്ന സ്വഭാവം നല്ലതല്ല.

സഹകരണ സംഘങ്ങളിൽ വനിതകളെയും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെയും എടുക്കേണ്ടത് വളരെ ആവശ്യമാണ്. ഇപ്പോൾ ബില്ല് കൊണ്ടുവന്നിട്ട് സംസാരിക്കുന്നത് വളരെ പ്രസക്തമായതാണ്. ഇത് 1969-ൽ വന്ന സഹകരണ നിയമമാണ്. അതിനുശേഷം മാർക്സിസ്റ്റു പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഭരിച്ചു, പല പാർട്ടികളും ഭരിച്ചു. ഏതു പാർട്ടി ആയാലും ചെയ്തതെന്താണ്? സഹകരണ സംഘങ്ങളിലും അപ്പെക്സ് ഫെഡറേഷനിലും പ്രാതിനിധ്യം വേണം. പതിമൂന്നായിരം പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ട്. ഏഴായിരം രജിസ്ട്രാറുടെ കീഴിലുള്ളതാണ്. ആറായിരം മറ്റു പല തരത്തിലുമുള്ളവയാണ്. ഇതിൽമുഴുവൻ ഒരു സ്ത്രീയും ഹരിജനും വേണം. 1969-ൽ ഈ നിയമം വന്നിട്ട് നിങ്ങൾ ഇവിടെ ഭരിച്ചില്ലേ? എന്നിട്ട് ഇതു കൊണ്ടുവന്നോ? ഹരിജനങ്ങളെക്കുറിച്ചും സ്ത്രീകളെക്കുറിച്ചും സ്ത്രീ സമത്വത്തെക്കുറിച്ചും അഖിലേന്ത്യാ മഹിളാ സമ്മേളനം നടത്തുന്ന ആളാണ് ഗൗരിയമ്മ. സ്ത്രീ സമത്വത്തിനുവേണ്ടി വാദിക്കുകയാണ് ഇപ്പോൾ അവർ ചെയ്യുന്നത്. നിങ്ങൾ മന്ത്രിയായിരുന്നപ്പോൾ ഇത് കൊണ്ടുവരാത്തത് എന്തുകൊണ്ടാണ്? ഇതിൽ, ഞാൻ കമലേട്ടത്തിയെ അഭിനന്ദിക്കുകയാണ്. ഒരു സ്ത്രീ സഹകരണ സംഘത്തിന്റെ ബോർഡിൽ വരണമെന്നുള്ള നിയമം കൊണ്ടുവന്നത് അവരാണ്. ഇത് തെറ്റാണ് എന്നൊക്കെ ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ഇവിടെ പറഞ്ഞു. 'ഞാൻ അതിനോട് യോജിക്കുന്നു. പക്ഷെ ഇത് ആവശ്യമാണ്. പട്ടികജാതിയിൽപ്പെട്ടവരെയും സ്ത്രീകളെയും ആദ്യമായിട്ട് കൊണ്ടുവന്നത് ശ്രീമതി എം. കമലം മന്ത്രിയായശേഷമാണ്. ഈ രാജ്യത്തെ മുഴുവൻ സ്ത്രീകളും ഒന്നടങ്കം അവരെ അഭിനന്ദിക്കുകയും ഈ കാര്യത്തിൽ പ്രശംസിക്കുകയും ചെയ്യും.

ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം വകുപ്പ് 70-ൽ വന്നിട്ടുള്ള ഭേദഗതിയാണ്. പല മെമ്പർമാരും അതു പറഞ്ഞില്ല. വകുപ്പ് 70-ൽ സഹകരണ നിയമം 3(1) അനുസരിച്ച് രജിസ്ട്രാർക്ക് ചില അധികാരങ്ങൾ ആർബിട്രേഷനെ സംബന്ധിച്ച് കൊടുത്തിട്ടുണ്ട്. ഹൈക്കോടതി വളരെ വിമർശനത്തോടുകൂടി വിധി ഉണ്ടാക്കിയതിനെത്തുടർന്നാണ് വകുപ്പ് 70-ൽ ആ ഭേദഗതി വന്നിട്ടുള്ളത്. ഇടുക്കിയിലെ ഒരു ഹൗസിംഗ് സൊസൈറ്റിയിൽനിന്ന് ഒരാൾ ഭവനനിർമ്മാണ വായ്പ എടുത്തു. ആ വായ്പ തിരിച്ചടയ്ക്കുന്നില്ല. സഹകരണ സംഘത്തിലെ ഏതു സ്വഭാവത്തിൽപ്പെട്ട വായ്പ ആയാലും, ഹൗസിംഗ് ആയാലും ക്രെഡിറ്റ് സൊസൈറ്റി ആയാലും ഏതു ടൈപ്പ് സൊസൈറ്റി ആയാലും വായ്പ എടുത്താൽ തിരിച്ചടക്കണം. തിരിച്ചടച്ചില്ലെങ്കിൽ ആർബിട്രേഷൻ നടപടികളെടുക്കും. ആർബിട്രേഷൻ നടപടികളും 3(1) അനുസരിച്ച് രജിസ്ട്രാർക്ക് കൊടുത്തിരിക്കുന്ന അധികാരം വകുപ്പ് 3(2) അനുസരിച്ച് മറ്റ് ഉദ്യോഗസ്ഥൻമാർക്കുകൂടി കൊടുക്കാനുള്ള അവകാശമുണ്ട്. 1969 തൊട്ട് പതിനാറു കൊല്ലക്കാലം ഈ സംസ്ഥാനത്തെ ആർബിട്രേഷൻ കേസുകളുടെ കാര്യത്തിൽ ഹൈക്കോടതി എടുത്തതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു വയിയ ചെയിഞ്ചാണ് 1985-ലെ ഈ കേസിൽ ഹൈക്കോടതി വിധിയിലൂടെ ഉണ്ടായത്. ഹൈക്കോടതി വിധിയിൽ ആർബിട്രേഷൻ കേസുകളിൽ രജിസ്ട്രാറുടെ അധികാരം അഡീഷണൽ രജിസ്ട്രാർതൊട്ട് അസിസ്റ്റന്റ് രജിസ്ട്രാർവരെയുള്ളവർക്ക് ഡലിഗേറ്റ് ചെയ്തിരുന്നത് തെറ്റാണ്. ഒരു കാരണവശാലും ഇത് അവർക്ക് കൊടുക്കാൻ പാടില്ല. ആർബിട്രേഷൻ അധികാരം അവർക്കില്ലെന്നാണ് കോടതി പ്രസ്താവിച്ചത്. ആ വിധിയുടെ ഫലമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ മുഴുവൻ പ്രവർത്തനം സ്തംഭിച്ചു. കിട്ടേണ്ട പണം പിരിച്ചെടുക്കാൻ നിയമനടപടികളും സ്വീകരിക്കുമ്പോൾ ആർബിട്രേറ്ററുടെ നടപടികളെ ഏകപക്ഷീയമായി തള്ളിക്കളഞ്ഞുകൊണ്ട് സഹകരണ സംഘങ്ങളുടെ താൽപര്യം ഹനിക്കുന്നതാണ് ഹൈക്കോടതിയുടെ സമീപനം. ഹൈക്കോടതിയോട് എത്ര ബഹുമാനമുണ്ടെങ്കിലും അതിനോട് യോജിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. കോടതിയെ വിമർശിക്കുന്നത് ശരിയല്ല. പക്ഷെ ഹൈക്കോടതികളും സഹകരണ പ്രസ്ഥാനത്തിന്റെ അന്തസ്സത്തയെ തകർത്തു, ഈ തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനംമൂലം. പതിനാറു കൊല്ലം ആർബിട്രേറർമാർ കേസുകൾ നടത്തുകയും അവാർഡ് പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുക വസൂലാക്കുകയും ചെയ്തിരുന്നു. ആ നടപടികൾക്ക് അപവാദമായിട്ട് ഒരു അസിസ്റ്റന്റ് രജിസ്ട്രാർക്ക് ഈ അധികാരം പാടില്ല എന്നാണ് വിധിയിൽ പറഞ്ഞിരിക്കുന്നത്.

സർ, അതിന്റെ ഫലമായി എന്തുപറ്റി ? ഈ പതിമൂവായിരം സൊസൈറ്റികളിലേയും ആർബിട്രേഷൻ കേസുകൾ കേൾക്കാനും അതിന് വിധി കൽപ്പിക്കാനും ഒരു രജിസ്ട്രാർക്ക് ഈ നിയമത്തിലെ 3 (1) അനുസരിച്ച് സമയം ഉണ്ടാകുമോ ? രജിസ്ട്രാറുടെ അംഗീകാരം ഡെലിഗേറ്റ് ചെയ്യേണ്ടേ ? അസിസ്റ്റന്റ് രജിസ്ട്രാർ എന്നു പറയുന്നത് സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം ഉത്തരവാദിത്വമുള്ള ഒരു ഉദ്യോഗസ്ഥനാണ്. ആ അസിസ്റ്റന്റ് രജിസ്ട്രാറുടെ ഉത്തരവാദിത്വം എന്തുകൊണ്ട് ഹൈക്കോടതി കാണുന്നില്ല. എക്സിക്യൂട്ടീവിന് ലാപ്സസ് ഉണ്ടായാൽ, എക്സിക്യൂട്ടീവിന് ഉണ്ടാകുന്ന പാളിച്ചകൾ ചൂണ്ടിക്കാണിക്കേണ്ടത് കോടതിയുടെ ചുമതലയാണ്. പക്ഷേ, ഇന്ന് എക്സിക്യൂട്ടീവിനേക്കാൾ കൂടുതൽ ഭരണം നടത്തുന്ന ഒരു ഉത്തരവാദിത്വത്തിലേക്ക് കോടതി എത്തിയിരിക്കുന്നത് വളരെ ദുഃഖകരമായിട്ടുള്ള ഒരു കാര്യമാണ്. കോടതിയിൽ എന്തു ചെന്നാലും പ്രത്യേകിച്ച് സഹകരണ കേസുകളോ അതുപോലുള്ള ഏത് കേസ് ചെന്നാലും മനുഷ്യത്വപരമായ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം എടുക്കാതെ കോടതി ചില ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമൂലം ദൈനംദിന ഭരണം ഇന്ന് തടസ്സപ്പെടുകയാണ്.

ശ്രീ എസ്. ഗോവിന്ദക്കുറുപ്പ് : സർ, കോടതിയെന്നൊന്ന് ഇവിടെ ഇല്ലായിരുന്നെങ്കിൽ ഏതാണ്ട് ഈ അഞ്ചുകൊല്ലത്തോളമായി നടത്തിക്കൊണ്ടിരിക്കുന്ന കൊള്ളയും അക്രമവും സ്വജനപക്ഷപാതവും നിങ്ങൾ എവിടെകൊണ്ടുചെന്ന് എത്തിക്കുമായിരുന്നു. ആ കോടതിയാണ് ഇപ്പോൾ ഒരാശ്വാസം.

ശ്രീ. എം. എ. ഹസ്സൻ : സർ; വളരെ നല്ലത്. ശ്രീ. ഗോവിന്ദക്കുറുപ്പിന്റെ മന മാറ്റത്തിന് ദൈവത്തിനു നന്ദി പറയുന്നു. ബൂർഷ്വാ കോടതികൾ തുലയട്ടെ, ജസ്റ്റിസ് രാമൻ നായർ ഫുട്ട് ബാൾ കളിക്കാൻ പോകട്ടെ എന്നു പറഞ്ഞ നേതാവിന്റെ അനുയായിയാണ്. കോടതിയെക്കുറിച്ച് അങ്ങേക്ക് ഒരു മാറ്റം വന്നല്ലോ ? വളരെ നല്ലത്. ഇങ്ങനെ ക്രമേണ മാറിമാറി അവസാനം ഞങ്ങൾ പറയുന്നതൊക്കെ ശരിയാണെന്ന ഒരു ഘട്ടത്തിലേക്ക് അങ്ങ് വരും, അങ്ങയുടെ പ്രസ്ഥാനവും വരും. ആ നാളേക്കുവേണ്ടി നമുക്ക് കാത്തിരിക്കാം. അതുകൊണ്ട് കോടതികൾ എടുക്കുന്ന തീരുമാനം എക്സിക്യൂട്ടീവ് ലാപ്സസ് ഉണ്ടായാൽ അത് തിരുത്തണം. ഈ ആടുത്തകാലത്ത് എറണാകുളത്തു ഒരു കേസുണ്ടായി. തിരുവനന്തപുരത്ത് ടെലിവിഷൻ സംപ്രേക്ഷണം തുടങ്ങിക്കഴിഞ്ഞപ്പോൾ കൊച്ചിയിലുള്ള ഒരാൾ ഹൈക്കോടതിയിൽ കൊണ്ടുപോയി കേസ് കൊടുത്തു. ഇത് തിരുവനന്തപുരത്ത് മാത്രം പോരാ കൊച്ചിയിലും വേണമെന്ന്. ഉടനേ ജഡ്ജി വിധിച്ചു കൊച്ചിയിലും ഉടനേ ടെലിവിഷൻ വരണമെന്ന്. ഇങ്ങനെയുള്ള വിധികൾ വരുന്നതുമൂലം..... സർ, ഞാൻ പറയുന്നത് ശ്രീ. ഗോവിന്ദക്കുറുപ്പ് പറഞ്ഞതുപോലെ കോടതികളുടെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്തുന്ന വിധത്തിൽ അല്ലെങ്കിൽ ദൈനംദിന ഭരണത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിധികൾ ഒരിക്കലും വരാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : ബഹുമാനപ്പെട്ട കോടതിയെപ്പോലും ഇത്ര തരംതാഴ്ത്തിക്കൊണ്ടുള്ള ഒരു പരാമർശം സഭയിൽ അനുവദിക്കാൻ പാടുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, കോടതിയുടെ വിധിയിൽ സഹകരണ പ്രസ്ഥാനത്തിനുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ചല്ലാതെ കോടതിയെക്കുറിച്ച് അൽപ്പംപോലും ബഹുമാനക്കുറവായിട്ട് ഞാൻ സംസാരിച്ചിട്ടില്ല. ഞാൻ ജുഡീഷ്യറിയെ മാനിക്കുന്നയാളാണ് ; നിയമവാഴ്ച അംഗീകരിക്കുന്നവനാണ് ; പ്രസ്ഥാനത്തിന്റെ പ്രതിനിധിയാണ്. നിങ്ങടെ ബ്യൂർഷ്വാ കോടതികടെ എന്ന് വിളിച്ചപ്പോഴും നിയമ കോടതികടെ സാധാരണക്കാരന്റെ സംരക്ഷയ്ക്ക് ആവശ്യമാണെന്ന് പറഞ്ഞ് പ്രസംഗിച്ച് നടന്നയാളാണ് ഞാൻ. അങ്ങ്, ഇടക്കിടയ്ക്ക് മാറി പറയുന്നതുപോലെ എനിക്ക് കോടതിയെക്കുറിച്ച് ഉള്ള അഭിപ്രായത്തിനു മാറ്റമില്ല, മറ്റ് ചിലതൊക്കെ ഇടയ്ക്കിടയ്ക്ക് മാറുമെങ്കിലും കോടതിയെക്കുറിച്ച് പറഞ്ഞത് അനുസരിച്ചുതന്നെ ഞാൻ നിൽക്കുന്നു. ഇത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകളുടെ എല്ലാ ഭാഗവും കാണേണ്ടേ? വഴിയിൽക്കൂടി നടന്നുപോകുന്ന ഒരുത്തൻ സങ്കൽപ്പിക്കുകയാണ് മുന്നിൽനിന്ന് ആന വരുന്നു, പിറകിൽനിന്ന് ആന വരുന്നു, വലത്തുനിന്ന് ആന വരുന്നു, ഇടത്തുനിന്ന് ആന വരുന്നു എന്ന്. അത് കേട്ട് സങ്കൽപ്പത്തിലെ നായ ആനകളെ കണ്ട് ഛെയിടുന്നതുപോലെ നമ്മുടെ ഉന്നത നീതിപീഠത്തിലിരിക്കുന്ന ആളുകടെ അങ്ങനെ ഒരു സങ്കൽപ്പത്തിലൂടെ ഇത്തരം നിയമങ്ങളെ റദ്ദാക്കിക്കൊണ്ട് അവർക്ക് അധികാരം ഇല്ലെന്നു പറയുന്നത് ശരിയാണോ ? അത് പാടില്ല. ഞാൻ പറയുന്നത് കോടതികളിലുള്ള വിശ്വാസം ജനങ്ങടെക്ക് കൂടിക്കൂടി വരേണ്ടതാണ് അവരുടെ വിധികളിലൂടെയാണ്. അത്തരത്തിൽ സഹകരണ സ്ഥാപനത്തെ ഇത് വളരെയധികം ബുദ്ധിമുട്ടിച്ചതാണ്. കഴിഞ്ഞ ഒന്ന് ഒന്നരവർഷക്കാലമായി ഒരൊറ്റ ആർബിട്രേഷൻ കേസ് അവാർഡ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ശ്രീ. രാധാകൃഷ്ണനു അറിയാമോ ? സഹകരണ സംഘങ്ങളെയും വളരെ ബുദ്ധിമുട്ടിലാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ശ്രീ. ഹസ്സൻ വളരെ വാചാലമായിട്ട് ഹൈക്കോടതി വിധിയെ വിമർശിച്ചല്ലോ. ഹൈക്കോടതി ചൂണ്ടിക്കാണിച്ചത് എന്താണെന്നറിയാമോ ? അസിസ്റ്റന്റ് രജിസ്ട്രാർ അതിനു താഴെയുള്ള ഉദ്യോഗസ്ഥൻ പറയുന്നതനുസരിച്ചു പ്രവർത്തിക്കാൻ രജിസ്ട്രാരെ നിർബന്ധിക്കുന്ന വളരെ റിഡിക്കുലസായ ഒരു സ്ഥിതി വിശേഷം ഉണ്ടായിരിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ അത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പറഞ്ഞത്. ഈ പതിമൂവായിരം സൊസൈറ്റികളെ സംബന്ധിച്ചിടത്തോളം അതിന്റെ ആർബിട്രേഷൻ കേസുകളെ സംബന്ധിച്ചിടത്തോളം സെക്ഷൻ 3 (1) അനുസരിച്ച് രജിസ്ട്രാർക്കു നൽകിയിട്ടുള്ള അധികാരം ഡെലിഗേറ്റ് ചെയ്തു അസിസ്റ്റന്റ് രജിസ്ട്രാർ തൊട്ട് അഡീഷണൽ രജിസ്ട്രാർ വരെ ആർബിട്രേഷൻ കേസ് കേൾക്കുകയും തീർപ്പു കൽപ്പിക്കുകയും ചെയ്തിരുന്നതാണ്. ഹൈക്കോടതിയുടെ വിധിയുടെ ഫലമായിട്ടുണ്ടായ ബുദ്ധിമുട്ട് അങ്ങേക്ക് മനസിലാകാതെ പറയുന്നതാണ്..... ഈ ഹൗസിംഗ് സൊസൈറ്റിയുടെ കാര്യം അപ്രസക്തമാണ്. കേരളത്തിലെ മുഴുവൻ ക്രെഡിറ്റ് സഹകരണ സംഘങ്ങളിലേയും ആർബിട്രേഷൻ കേസുകടെ സ്തംഭനത്തിലായ ഒരവസ്ഥയിലാണ് ഈ ഓർഡിനൻസുമായി ഗവൺമെന്റ് മുന്നോട്ടു വന്നത്. കാരണം ഈ സഹകരണ സംഘങ്ങടെ നടത്താൻ നിവർത്തിയില്ല. എത്ര കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ മേഖലയിൽ വായ്പ കൊടുത്തിട്ട് തിരിച്ചുപിടിക്കാൻ പറ്റാതെ അതിന് നിയമ നടപടി എടുക്കാൻ കഴിയാതെ സഹകരണ സംഘങ്ങൾ പ്രയാസപ്പെട്ടു കഴിയുന്നു എന്നറിയാമോ ? നിങ്ങൾ ഇവിടെ സംസാരിക്കുന്നതെന്താണ് ? രാഷ്ട്രീയമായി നോമിനേറ്റ് ചെയ്യുന്നു, രാഷ്ട്രീയമായി സഹകരണസംഘങ്ങളെ ഉപയോഗിക്കുന്നു എന്നൊക്കെയല്ലേ ? ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. രാഷ്ട്രീയം സഹകരണസംഘങ്ങളിൽ ചെലുത്തുന്നു എന്നു പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷത്തുള്ള പല മെമ്പർമാരും, പ്രത്യേകിച്ച് ശ്രീ. തങ്കപ്പൻ ഇവിടെ പറഞ്ഞ ഒരു കാര്യം ഓർമ്മിക്കണം. ഈ അടുത്ത കാലത്ത് ഒരു സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിൽ ഉണ്ടായ ഏറ്റവും ഗുരുതരമായ വൈകല്യങ്ങളെ തുടർന്ന് ആ സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പിൽ ഈ സംസ്ഥാനത്തെ രാഷ്ട്രീയകക്ഷി ബന്ധങ്ങളെത്തന്നെ പിടിച്ചുവയ്ക്കുന്ന ഒരു കൂട്ടുകെട്ട് ഉണ്ടായി. ആലപ്പുഴ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ തെരഞ്ഞെടുപ്പിൽ സി. പി. ഐ. ക്കാർ കോൺഗ്രസുകാരുമായി യോജിച്ചു പ്രവർത്തിച്ച് അവിടെ മൽസരിച്ചു. എന്തിനാണെന്നറിയാമോ ? ആ മൽസരത്തിനൊന്നും ഇവിടെ പ്രസക്തിയില്ല. അവിടെ ഭരിച്ചിരുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ ഭരണസമിതിയാണ്. ആ ഭരണസമിതിയുടെ ഭരണത്തിനിടയിൽ നിരവധി ആക്ഷേപങ്ങളും ഉണ്ടായി. രണ്ടായിരം രൂപവച്ച് സ്ലിപ്പ് എടുത്തെഴുതി ആ ബാങ്കിൽനിന്ന് പണം മാറി ക്യാഷ്യരും സെക്രട്ടറിയും കൂടെ യോജിച്ചുനിന്നുകൊണ്ട് പണം എടുത്ത് ദുരുപയോഗപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് അമ്പലപ്പുഴയിൽ സി. പി. ഐ. ക്കാരൻ മരിച്ചതെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് പുറത്താക്കിയ സഖാവ് ചന്ദ്രസേനനെപ്പോലുള്ള ആളുകൾ പരസ്യമായി പ്രസംഗിച്ചു. അവരുടെ യോഗത്തിൽ അദ്ദേഹത്തെ സി. പി. ഐ. യിൽ നിന്ന് പുറത്താക്കിയപ്പോൾ ചന്ദ്രസേനൻ സി. പി. ഐ. യുടെ ജില്ലാ കൗൺസിൽ യോഗത്തിൽ പ്രസംഗിച്ചതെന്താണെന്നറിയാമോ ? ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് പുറത്തുപോകുന്നു, പക്ഷേ സഹകരണ ബാങ്കിന്റെ പണമെടുത്ത് പാവപ്പെട്ട സി. പി. ഐ. ക്കാരനെ ഇനിമേലാൽ മാർക്സിസ്റ്റുകാർ കൊല്ലാതിരിക്കാൻ വേണ്ടി ആ മാർക്സിസ്റ്റുകാരന്റെ അക്രമ രാഷ്ട്രീയത്തിന്റെ രക്തസാക്ഷിയായി ഈ പാർട്ടിയിൽനിന്ന് വിടപറയുന്നുവെന്നാണ്. ഇതൊരു ട്രസ്റ്റാണ്. ജനങ്ങൾ വിശ്വാസം സമർപ്പിച്ചിട്ടുള്ളതാണ്. ഇത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് പാർട്ടി പ്രവർത്തനം നടത്തി, പാർട്ടി വളർത്താൻ ശ്രമിച്ച, പാർട്ടി അക്രമം നടത്താൻ ശ്രമിച്ച ആളുകൾ ഇവിടെ വന്ന് പറയുകയാണ് ഈ ഗവൺമെന്റ് മുഴുവൻ രാഷ്ട്രീയക്കാരെ കുത്തിക്കയറ്റി, മുഴുവൻ രാഷ്ട്രീയം നടത്തി, രാഷ്ട്രീയ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി വിനിയോഗിച്ചു എന്ന്. നിങ്ങളുടെ ഭരണകാലത്ത് എന്തായിരുന്നു ?

സർ, കണ്ണൂർ ജില്ലാ ബാങ്കിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. പല മെമ്പർമാരും ഇവിടെ കണ്ണൂർ ജില്ലാ ബാങ്കിന്റെ കാര്യം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഇടുക്കി ജില്ലാ ബാങ്കിന് എന്ത് സംഭവിച്ചുവെന്ന് ചോദിച്ചതിന് ശ്രീ. തങ്കപ്പൻ ഒരു മറുപടിയെങ്കിലും പറഞ്ഞോ ? ഇടുക്കി ജില്ലാ ബാങ്ക് പിരിച്ചുവിട്ടു. അന്ന് ഹൈക്കോടതിയിൽനിന്ന് സ്ട്രിക്ച്ചറുണ്ടായി. ശ്രീ. ജോസ് കുറ്റ്യാനി പ്രസിഡന്റായിരുന്ന ബാങ്കാണത്. അതുപോലെ നിങ്ങൾ ചെയ്യുന്നതെല്ലാം നിങ്ങളുടെ ഭരണകാലത്തു ന്യായം. സാമാന്യ മര്യാദയുണ്ടെങ്കിൽ സി. പി. ഐ. ക്കാരെ കൊല്ലാൻ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ ഭരണത്തിലുള്ള ഒരു ബാങ്കിൽ നിന്ന് പണമെടുത്തുകൊണ്ടുപോകുമോ ? പുതിയ ഭരണസമിതി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി ആ ബാങ്കിൽ ഒരന്വേഷണം നടത്തട്ടെ. കഴിഞ്ഞ തവണ സി. പി. ഐ. ക്ക് രണ്ട് സീറ്റേ ഉണ്ടായിരുന്നുള്ളു. ഇത്തവണ അവിടെ സി. പി. ഐ. യിൽ നാല് മെമ്പർമാരുണ്ട്. ഈ ബില്ലിൽ നിന്നുകൊണ്ടാണ് ഞാൻ പറയുന്നത്. സഹകരണ സംഘങ്ങളിൽ രാഷ്ട്രീയം കുത്തിച്ചെലുത്തുന്നു, രാഷ്ട്രീയ പ്രവർത്തനം സ്വാർത്ഥലാഭത്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നു പറഞ്ഞ ശ്രീ. തങ്കപ്പന്റെ ആക്ഷേപങ്ങൾക്കുള്ള ഏറ്റവും വാചാലമായ ഉദാഹരണമാണ് ആലപ്പുഴ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ തെരഞ്ഞെടുപ്പിലുണ്ടായ പ്രശ്നം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലപിക്കുന്നതു കണ്ടല്ലോ. പലിശ, സബ്സിഡി തരാതെ പല സഹകരണസംഘങ്ങളും നാശത്തിലേക്ക് പോകുന്നുണ്ടല്ലോ? അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. എം. ഹസ്സൻ : സർ, അത് ഈ ബില്ലിന്റെ പരിധിയിൽപ്പെടുന്നതല്ലെങ്കിലും സഹകരണ സംഘങ്ങളിൽ പലിശ സബ്സിഡി ലഭിക്കാതെ പ്രവർത്തനത്തിന് ബുദ്ധിമുട്ട് ഉണ്ട്. അത് അത്യാവശ്യം കൊടുക്കേണ്ടതാണെന്നുള്ളതിൽ എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. നിയമനങ്ങളിലും 10 ശതമാനം എന്നുള്ളത് ഇപ്പോഴാണു കൊണ്ടുവന്നത്. ഇത് എല്ലാവർക്കും ബാധകമാണ്. ഹരിജന-ഗിരിജനങ്ങൾക്ക് നിയമനങ്ങളിൽ പത്തു ശതമാനം കൊടുക്കണമെന്ന്, നിർബന്ധപൂർവ്വം സഹകരണ ഡിപ്പാർട്ടുമെന്റ് ഒരു തീരുമാനമെടുത്തു. മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത്, നിർദ്ദേശം കൊടുത്തു.

ശ്രീ. പി. സീതിഹാജി : സർ, ഹരിജന-ഗിരിജനങ്ങൾക്ക് പത്തു ശതമാനം കൊടുത്തതുപോലെതന്നെ മറ്റു പിന്നോക്ക ജനവിഭാഗങ്ങൾക്ക് റിസർവേഷൻ പി. എസ്. സി. യിൽ കൊടുക്കുന്നതു പ്രകാരം സഹകരണസംഘങ്ങളിൽ നടപ്പാക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. എം. ഹസ്സൻ : അതൊക്കെ വളരെ ഗഹനമായിട്ട് ചിന്തിക്കേണ്ട, വിഷയങ്ങളാണ്. എനിക്ക് അതിൽ അഭിപ്രായവ്യത്യാസമില്ല. വേറൊരു പ്രശ്നം പത്തു ശതമാനം വച്ചിട്ടും ഗിരിജനങ്ങളിൽ നിന്ന് അപേക്ഷ വരുന്നില്ല സർ. ഗിരിജനങ്ങൾ ഇപ്പോഴും അപേക്ഷിക്കുന്നില്ല. സഹകരണസംഘങ്ങളുടെ അപേക്ഷകൾ എടുത്തുനോക്കിയാൽ ഷെഡ്യൂൾഡ് കാസ്റ്റിന്റെ അപേക്ഷകൾ മാത്രമേ കിട്ടുന്നുള്ളു. ഷെഡ്യൂൾഡ് ട്രൈബ്സിന്റെ അപേക്ഷകൾ ഒട്ടുംതന്നെ വരുന്നില്ല. പക്ഷേ ഇതൊക്കെ എത്രമാത്രം ആവശ്യമാണ്. കറുത്ത വർഗ്ഗത്തിന്റേയും പാവപ്പെട്ടവന്റേയും മണ്ണിൽ പണിയെടുക്കുന്നവന്റേയുമൊക്കെപേരിൽ സംസാരിച്ച ആളുകൾ ഭരിച്ച കാലത്തൊന്നും സഹകരണസംഘങ്ങളിൽ എത്രമാത്രം തൊഴിൽ സാദ്ധ്യതകളുണ്ടെന്നു മനസിലാക്കി അന്നൊന്നും ചെയ്യാതിരുന്ന കാര്യം ഇന്നു ചെയ്താൽ അതു വളരെ ആക്ഷേപമാണ്. കാരണം പത്തു ശതമാനം ഇപ്പോൾ നടപ്പിലാക്കിയത് 1950-ൽ ഉണ്ടാക്കിയതല്ലേയെന്നൊക്കെ ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് ചോദിച്ചു. 1950-നുശേഷം ഈ പാലത്തിന്റെ അടിയിൽക്കൂടി ഒരുപാട് വെള്ളമൊഴുകിപ്പോയില്ലേ ബഹുമാനപ്പെട്ട സുരേന്ദ്രനാഥ്. ആ കാലത്തൊക്കെ വനിതകൾക്കും ഹരിജനങ്ങൾക്കും ഡയറക്ടർ ബോർഡിലും ഉദ്യോഗ നിയമനങ്ങളിലുമൊക്കെ സംവരണം കൊടുക്കുന്ന കാര്യം ആലോചിക്കാൻ നമുക്ക് സാവകാശമുണ്ടായില്ല. നിയമനിർമ്മാണത്തിന്റെ മൂലധാരകൾക്കിടയിൽ ഓർഡിനൻസ് അല്ല

LIBRARY ARCHIVES Kerala Legislative Assembly

നിയമം കൊണ്ടുവന്നു ചെയ്യാമായിരുന്നല്ലോ ? അന്നു അതു കഴിയാതെ പോയി. അതുകൊണ്ടാണു ഇപ്പോൾ ഓർഡിനൻസു ആവശ്യമായി വന്നതു. അതുകൊണ്ടു ഈ ഗവൺമെൻറിനെ ഈ കാര്യത്തിലൊക്കെ കുറ്റപ്പെടുത്തുന്നതു ഒട്ടും ശരിയല്ല. ഇതു ഏറ്റവും ആവശ്യമായി വന്നതു സഹകരണ സംഘങ്ങളുടെ.....

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള നല്ല കാര്യങ്ങളും ഈ രംഗത്തു ചെയ്തിരിക്കുന്നുവെന്നു പൂർണ്ണമായിട്ടു ബോദ്ധ്യം വന്നതിനെത്തുടർന്നല്ലേ സി. പി. ഐ. ക്കാർ കോൺഗ്രസുമായിട്ടു ബന്ധപ്പെട്ടുകൊണ്ടു ആലപ്പുഴ സഹകരണസംഘങ്ങളിൽ യോജിച്ചുനിന്നു മൻസരിക്കാൻ തീരുമാനിച്ചതു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഞാൻ ആ കാര്യം ഇവിടെ പറഞ്ഞു. ആലപ്പുഴയിൽ സഹകരണ മേഖലയിലുണ്ടായ ബന്ധത്തിൻെറ അടിസ്ഥാനത്തിൽ സഖാവു ചന്ദ്രശേഖരനെ പുറത്താക്കിയെങ്കിലും അതു ഉമിത്തീ പോലെ ആളിക്കത്തുന്ന പ്രശ്നമാണു സർ. ..... അതുകൊണ്ടാണു ഈ ഭേദഗതി ആവശ്യമായി വന്നതു. സഹകരണസംഘങ്ങളുടെ ഇത്തരം സമീപനങ്ങളോടു ഹൈക്കോടതി കുറേക്കൂടി യാഥാർത്ഥ്യബോധത്തോടുകൂടി ഒരു ബഹുജന പ്രസ്ഥാനമെന്നുള്ള നിലയിൽ കാര്യങ്ങളും കണ്ടെങ്കിൽമാത്രമേ കോടതികളുടെ ഇന്നത്തെ വിശ്വാസ്യത കൂടുതൽ വർദ്ധിക്കുകയുള്ളു എന്നുകൂടി പറഞ്ഞുകൊണ്ടു ഞാൻ നിർത്തുന്നു.

ശ്രീ. ബെന്നി ബഹനാൻ : സർ, സഹകരണ കോൺഗ്രസ്സിൻെറ പ്രമേയത്തിൻെറ പശ്ചാത്തലത്തിലാണു ഈ നിയമം ഇവിടെ അവതരിപ്പിച്ചതെന്നാണു ഞാൻ വിശ്വസിക്കുന്നതു. സ്ത്രീകൾക്കും അതുപോലെതന്നെ ഹരിജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ റിസർവേഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഈ നടപടി വളരെയേറെ പ്രോൽസാഹജനകമാണെന്നു ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണു. നമ്മുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി തീർന്നിരിക്കുന്നതാണു നമ്മുടെ സഹകരണസ്ഥാപനങ്ങളും. ആ സ്ഥാപനങ്ങളിൽ വനിതകളുടെ ശബ്ദം ഇനിയും മുഴങ്ങിക്കേൾക്കാൻ വനിതകളുടെ വികാരം അറിയാവുന്ന ശ്രീമതി എം. കമലം ഇത്തരം ഒരു നടപടി സ്വീകരിച്ചതിൽ വളരെ സന്തോഷമുണ്ടു. ഈ നിയമത്തിൻെറ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു കുറുത്ത വർഗ്ഗക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ശ്രീ. വി. ജെ. തങ്കപ്പനെപോലെയുള്ള ആളുകൾ ഇവിടെ ഗീർവാണ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടു സർ. അദ്ദേഹത്തിൻെറ രാഷ്ട്രീയമായ വശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. 1957-1967 കാലഘട്ടങ്ങളിലൊക്കെ തൊലി കുറുത്ത കൈപ്പടം പൊക്കി തലതല്ലിപ്പിടയുന്ന കാരുണ്യത്തിൻെറ ഒരു കണികപോലും കണ്ടെത്താത്ത ജീവിത യാഥാർത്ഥ്യങ്ങളുടെ കാർക്കശ്യം ഘനീഭവിച്ചപാതയിലൂടെ പോയ പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടിയും ഗിരിജനങ്ങൾക്കുവേണ്ടിയുമൊക്കെ വളരെയേറെ ആവേശഭരിതമായി പ്രസംഗങ്ങൾ നടത്തുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തവരാണു അപ്പുറത്തിരിക്കുന്ന ശ്രീ. വി. ജെ. തങ്കപ്പനെപോലുള്ള ആളുകൾ. പക്ഷേ അവരൊക്കെ അധികാരത്തിൽ വന്നപ്പോൾ ആ പാവപ്പെട്ട കുറുത്ത വർഗ്ഗക്കാർക്കുവേണ്ടി നടപ്പാക്കാൻ വിസ്മരിച്ചുപോയ എല്ലാ കാര്യങ്ങളും വളരെ അഭിമാനത്തോടുകൂടി നടപ്പാക്കാൻ ഞങ്ങൾ മുതിർന്നിട്ടുണ്ടെന്നുള്ളതിൻെറ ഏറ്റവും അവസാനത്തെ തെളിവാണു പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ ഇതിൽ നോമിനേറ്റ് ചെയ്യണമെന്ന നിയമം കൊണ്ടുവന്നതു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഒരു ചോദ്യം.. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കയർ ഫെഡ്ഡ്, മാർക്കറ്റിംഗ് ഫെഡറേഷൻ, ഹൗസിംഗ് ഫെഡറേഷൻ തുടങ്ങിയ ഇതുപോലുള്ള അപ്പെക്സ് ബോഡികളിൽ ഹരിജനങ്ങൾക്ക് പ്രാതിനിധ്യം വേണമെന്ന് അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. ബെന്നി ബഹനാൻ : അതു വേണം. അതുകൊണ്ട് ഇത് പാടില്ലെന്നുണ്ടോ? പക്ഷേ തെരഞ്ഞെടുക്കപ്പെടുന്ന ഒപ്രമറി സഹകരണസംഘങ്ങളിലെങ്കിലും ഇതു നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ അതിനെ സ്വാഗതം ചെയ്യാതെ അപ്പക്സ് ബോർഡിൽ ഇല്ല അതുകൊണ്ട് തെറ്റാണെന്നു പറയുന്ന ദോഷൈകദൃക്കുകളായി നിങ്ങൾ അധഃപതിക്കരുതെന്നുമാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

സർ, ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് നോമിനികളെക്കുറിച്ച് പലരും പ്രകടിപ്പിച്ച അഭിപ്രായം വ്യത്യസ്തമാണ്. ഗവൺമെന്റ് നോമിനി എന്ന ഒരു ഏർപ്പാട് അവസാനിപ്പിക്കാൻ വളരെ കൂലങ്കഷമായി ഗവൺമെന്റ് ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പലപ്പോഴും നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള ഏറ്റവും വലിയ പരാതികളായി ഒരു കറുത്ത പൊട്ടായി സഹകരണപ്രസ്ഥാനത്തെക്കുറിച്ചു ചിന്തിക്കുമ്പോഴാണ് ഇന്ന് ഗവൺമെന്റ് നോമിനി എന്ന ഒരു ഏർപ്പാട് വന്നിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങളൊക്കെ ജനാധിപത്യ രീതിയിൽ ഏറ്റവും വലിയ മഹത്തരമായ സ്ഥാപനങ്ങൾ എന്നാണ് നമ്മളൊക്കെ പഠിച്ചിരിക്കുന്നത്. പല സഹകരണ സംഘങ്ങളിലും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പു നടക്കുമ്പോൾ പലപ്പോഴും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ ബോർഡിന്റെ ബാലൻസ് തെറ്റിക്കണമെന്നുപോലും ഇങ്ങനെയുള്ള ഗവൺമെന്റ് നോമിനി എന്നു പറയുന്ന പ്രസ്ഥാനം ഇടവരുത്തിയിട്ടുണ്ട്. അത് ഇപ്പോൾ മാത്രമല്ല ശ്രീ. ടി. കെ. രാമകൃഷ്ണൻ ഈ വകുപ്പിന്റെ ചുമതല വഹിച്ചപ്പോഴും അതിനുമുമ്പ് പ്രഗൽഭൻമാരായ മറ്റ് ആളുകളും ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോഴുമൊക്കെ ഗവൺമെന്റ് നോമിനി എന്ന ഏർപ്പാട് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളുടെ പൊതുവികാരത്തെ മാനിക്കാതെ, ഒരു ജനകീയ അഭിപ്രായത്തെ മാനിക്കാതെ വരുന്നു എന്നുള്ളതുകൊണ്ട് നമുക്ക് വളരെയേറെ ഗൗരവത്തോടുകൂടി ഗവൺമെന്റ് നോമിനികളെക്കുറിച്ച് ആലോചിച്ച് ഈ ഒരു ഏർപ്പാട് വേണ്ടെന്നുവച്ചാൽ അത് നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളെ കൂടുതൽ കരുത്തുള്ളതാക്കിത്തീർക്കാനും ജനാധിപത്യബോധം അതിൽക്കൂടി വളർത്തുവാനും സാധിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. വി. താമരാക്ഷൻ : സർ, തെരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രസിഡന്റായി ശ്രീ. തച്ചടി പ്രഭാകരൻ കാണുകയില്ലെന്നുള്ള വിവരം നിങ്ങൾക്കറിയാമോ ?

ശ്രീ. ബെന്നി ബഹനാൻ : ശ്രീ. താമരാക്ഷൻ, കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ തെരഞ്ഞെടുപ്പിനെ അല്ല ഏതു തെരഞ്ഞെടുപ്പിനേയും അഭിമുഖീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. രാഷ്ട്രീയമായി പറഞ്ഞാൽ കേരളത്തിൽ നടക്കുന്ന ഏതു തെരഞ്ഞെടുപ്പിനേയും അഭിമുഖീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ വിജയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ, തച്ചടി പ്രഭാകരൻ നിന്നാൽ ജയിക്കുമെന്നുള്ളത്. ആലപ്പുഴയിൽ നിന്ന എല്ലാ സ്ഥലത്തുനിന്നും ജയിച്ചിട്ടുണ്ട്. എപ്പോഴും തെരഞ്ഞെടുപ്പ് നടത്താനും തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ : കയർ സഹകരണ സംഘത്തിൽമാത്രമല്ല തച്ചടി പ്രഭാകരൻ. എതു തെരഞ്ഞെടുപ്പിൽ നിന്നാലും വിജയിക്കാനുള്ള കഴിവ് അദ്ദേഹത്തിന് ഉണ്ട്. അതിൽ യാതൊരു സംശയവും വേണ്ട. ഇവിടെ എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇന്ന് ഒരേ വ്യക്തികളിൽ തന്നെ.....

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ബഹുമാനപ്പെട്ട നമ്മുടെ എം. വി. ആർ. നെ സി. എം. പി. യുടെ പ്രകടനം കണ്ടതിനുശേഷം മാർക്സിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിൽനിന്നു പുറകോട്ടു പോകുന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. ബെന്നി ബഹനാൻ : ഈ ബില്ലിന്റെ പരിധിയിൽ സി. എം. പി. വരാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഗവൺമെന്റ് നോമിനി ഒരു വ്യക്തിയെതന്നെ പല ബോർഡുകളിലേക്കും നോമിനേറ്റ് ചെയ്യുന്ന ഒരു പ്രവണതയുണ്ട്. അത് ശരിയല്ല സർ. അതിനു പലതിനും വളരെയേറെ പ്രശംസയോടുകൂടി നടപടി സ്വീകരിച്ചിരിക്കുന്ന ശ്രീമതി എം. കമലം ഈ കാര്യം ഒന്നു കേൾക്കണം. ഒരു വ്യക്തിയെതന്നെ മൂന്നും നാലും ഡയറക്ടർ ബോർഡുകളിൽ നോമിനേറ്റ് ചെയ്യുന്ന ഈ പ്രവണത അവസാനിപ്പിക്കണം. അതുപോലെതന്നെ ഇന്ന് പല മേഖലയിലുള്ള സഹകരണപ്രസ്ഥാനങ്ങളും ഉണ്ട്. ഇന്നു കണ്ടു വരുന്ന ഒരു പ്രവണത ഒരു വ്യക്തിതന്നെ ഒന്നിലേറെ സ്ഥാപനങ്ങളുടെ ഉന്നതമായ സ്ഥാനങ്ങളിൽ വരുന്നു. അതു ശരിയല്ല. അതിന് നിയമം കൊണ്ടു വരണം. ആ നിയമം കൊണ്ടുവരുമ്പോൾ ആരാണെങ്കിലും അത് അംഗീകരിക്കണം. ഇന്ന് ആ നിയമം ഇല്ല. ഒന്നിലേറെ സ്ഥാപനങ്ങളുടെ തലപ്പത്തും അതുപോലെതന്നെ ഡയറക്ടർ ബോർഡിലെ അംഗങ്ങളിലുമൊക്കെ ഒരേ വ്യക്തികൾ തന്നെ വരുന്ന ഈ പ്രവണത അവസാനിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ ഈ സഹകരണ സ്ഥാപനങ്ങളിൽ ധാരാളം ഒഴിവുകൾ ഉണ്ട്. ജോലി കിട്ടാനുള്ള ഒരു സ്ഥാപനമായി ഇന്ന് സഹകരണസംഘങ്ങൾ മാറിയിട്ടുണ്ട്. പക്ഷേ ഇപ്പോൾ പലപ്പോഴും ആളുകളെ ജോലിക്ക് വയ്ക്കുന്ന കാര്യത്തിൽ യാതൊരു മാനദണ്ഡവും ഇല്ല. ഇവിടെ ഒരു പുതിയ സഹകരണനിയമം കൊണ്ടുവരാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതുപോലെതന്നെ സഹകരണ വകുപ്പുമന്ത്രിയും സൂചിപ്പിക്കുകയുണ്ടായി. എനിക്ക് സൂചിപ്പിക്കുവാനുള്ളത് നിങ്ങൾ സമഗ്രമായ ഒരു സഹകരണ നിയമം നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ പോകുമ്പോൾ സഹകരണ സ്ഥാപനങ്ങളിൽ ഇപ്പോഴുള്ള ജോലി ഒഴിവുകളിലേക്ക് ഒരു തെരഞ്ഞെടുപ്പു രീതി ഉണ്ടാക്കി ഒരു പൊതു സമീപനത്തിൽ കൊണ്ടുവന്ന് സഹകരണപ്രസ്ഥാനങ്ങളെപ്പറ്റിയുള്ള പരാതികൾ അവസാനിപ്പിക്കേണ്ടതാണെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ ഇപ്പോൾ കണ്ടുവരുന്ന ഒരു പ്രവണത പലപ്പോഴും സഹകരണ പ്രസ്ഥാനങ്ങളിലെ സെക്രട്ടറിമാരെ കാണാനില്ലെന്നുള്ളതാണ് സർ. പത്രമെടുത്തു നോക്കുമ്പോഴാണ് പലപ്പോഴും സെക്രട്ടറിമാരെ കാണുന്നത്. അതിന് ഒരു പ്രധാനപ്പെട്ട കാരണം സഹകരണപ്രസ്ഥാനത്തിന്റെ ഡിപ്പാർട്ടുമെന്റിന്റെ ആഡിറ്റ് വിഭാഗം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ടാണ്. ഇപ്പോൾ പലപ്പോഴും ആഡിറ്റ് നടക്കുന്നത് ഒത്തിരി വർഷം കഴിഞ്ഞിട്ടാണ്. സാധാരണ ഗതിയിൽ സഹകരണപ്രസ്ഥാനങ്ങളിലുണ്ടാകുന്ന ക്രമക്കേടുകൾ പലപ്പോഴും വർഷങ്ങൾ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

തിനുശേഷമാണ് കണ്ടുപിടിക്കാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ സംഖ്യകളൊക്കെ വളരെയധികം വർദ്ധിക്കുന്നു. അപ്പോഴും പലപ്പോഴും ഒളിച്ചോടി പോകേണ്ടിവരുന്നു. സഹകരണ ഡിപ്പാർട്ടുമെന്റിന്റെ ആഡിറ്റ് വിഭാഗത്തിന്റെ കാര്യക്ഷമത കുറച്ചുകൂടി വർദ്ധിപ്പിക്കുകയും ഞാൻ നേരത്തെ പറഞ്ഞ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഒരു സഹകരണനിയമം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം) : സർ, സഭയുടെ മുൻപാകെ അവതരിപ്പിച്ചിട്ടുള്ള ഈ ഭേദഗതി ബില്ലിൽ ബഹുമാനപ്പെട്ട മെമ്പർമാരിൽനിന്നും ഉണ്ടായ അഭിപ്രായപ്രകടനങ്ങൾ ഞാൻ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്, ചില നേരിയ വിമർശനങ്ങൾ ഇതിനോടനുബന്ധിച്ച് ഇവിടെ ഉയരുകയുണ്ടായി. എല്ലാവരും പൊതുവേ പറഞ്ഞത് സമഗ്രമായ ഒരു സഹകരണനിയമം കൊണ്ടുവരണമെന്നുള്ളതാണ്. ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം 1969-ലെ സഹകരണനിയമത്തിൽ സമൂലമായ, സമഗ്രമായ ഒരു കോംപ്രഹെൻസീവ് ബിൽ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി ആ ജോലി പൂർത്തിയാക്കി അത് നിയമവകുപ്പിന് കൊടുക്കുകയും നിയമവകുപ്പ് അത് പരിശോധിച്ച് ഡ്രാഫ്റ്റാക്കി കാബിനറ്റിൽ വരുകയും ചെയ്തു. അത് സഭയുടെ മുൻപാകെ അവതരിപ്പിക്കാനായി ഞാൻ കഠിനശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. അത് ഈ സഭയുടെ മുൻപാകെ വരുമെന്നു തന്നെയാണ് എന്റെ പൂർണ്ണമായ വിശ്വാസം. അതിനുവേണ്ടി അഭിപ്രായമുന്നയിച്ച മെമ്പർമാർ അത് സഹർഷം സ്വാഗതം ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്.

രണ്ടാമതായി ഇവിടെ പൊന്തിവന്ന പൊതുവായ ഒരഭിപ്രായം നോമിനേഷനെക്കുറിച്ചാണ്. ഇതിനെക്കുറിച്ച് എനിക്കും ശക്തമായ അഭിപ്രായമുണ്ട്. ഗവൺമെന്റിനും അഭിപ്രായമുണ്ട്. അതിനെക്കുറിച്ച് നമുക്ക് വളരെ കാര്യമായി ഈ ബിൽ വരുമ്പോൾ ആലോചിക്കാമെന്നു മാത്രമേ ഞാനിപ്പോൾ പറയാനാഗ്രഹിക്കുന്നുള്ളൂ. നോമിനേഷൻ കൊണ്ട് ഒരു സംഘത്തിന്റെയും പ്രവർത്തനം അട്ടിമറിക്കുന്നതിനോ ആ സംഘത്തെ ദ്രോഹിക്കുന്നതിനോ ഈ ഗവൺമെന്റിന്റെ കാലത്ത് ശ്രമിച്ചിട്ടില്ലെന്ന് ഞാൻ ആത്മാർത്ഥമായി ബഹുമാനപ്പെട്ട മെമ്പർമാരുടെ മുൻപിൽ പറയുകയാണ്. കണ്ണൂർ ജില്ലാ ബാങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. ജെ. തങ്കപ്പൻ ഇവിടെ പറയുകയുണ്ടായി.....(ബഹളം).....ചില ജില്ലകളിലൊക്കെ ചിലതു നടന്നു കാണും. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴൊക്കെ ജനാധിപത്യ സംവിധാനത്തിൽ ആരോഗ്യകരമായ കീഴ്വഴക്കം പുലർത്തിപ്പോരുന്നതിന് ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. വി. ജെ. തങ്കപ്പനും എന്നെ തടസ്സപ്പെടുത്തരുത്. എനിക്ക് പത്തു മിനിറ്റേയുള്ളൂ.

മി. സ്പീക്കർ : അങ്ങ് ചോദ്യത്തിന് വഴങ്ങുന്നുണ്ടോ ?

ശ്രീമതി എം. കമലം : ഇല്ല. എനിക്ക് പത്തു മിനിറ്റേയുള്ളൂ. ഞാൻ ചോദ്യത്തിനു വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇവിടെ മെമ്പർമാർ സംസാരിക്കുമ്പോൾ ഞാനെഴുന്നേൽക്കലും ഇടപെടലുമൊന്നും ഇല്ലായിരുന്നു. വളരെ ക്ഷമയോടുകൂടി അവരുടെ അഭിപ്രായങ്ങൾ തുറന്നമനസോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ കണ്ണൂർ ജില്ലാ ബാങ്കിനെക്കുറിച്ച് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് ഞാനീ സഭയിൽ വളരെ വിശദമായി ചോദ്യങ്ങൾക്ക് മറുപടി യായി പറഞ്ഞിട്ടുള്ളതാണ്. ഗവൺമെൻറ് കണ്ണൂർ ജില്ലാ ബാങ്കിനെ സൂപ്പർസീഡ് ചെയ്തിട്ടില്ല. സഹകരണ നിയമത്തിലെ 32-ാം വകുപ്പു പ്രകാരമുള്ള സൂപ്പർസെഷൻ നടപടിയല്ല അവിടെ ഉണ്ടായത്. ആ ബാങ്കിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ രാജിവച്ചു പോവുകയും നോമിനികൾ രാജിവയ്ക്കുകയും ചെയ്തു. കൂടാതെ കാസർകോട് ജില്ലാ ബാങ്ക് വന്നപ്പോൾ രണ്ട് താലൂക്കുകൾ അങ്ങോട്ടുപോയി അതിന്റെ പ്രതിനിധികളും പോയി. അത് കണ്ണൂർ ജില്ലാ ബാങ്കിന്റെ 8-6-1986-ലെ അവരുടെ ജനറൽ ബോഡി യിൽ അംഗീകരിച്ചു. അതിൻപ്രകാരം ബാക്കിയുള്ള മെമ്പർമാരിൽ എത്ര കാലം വേണമെന്ന് അവർ തീരുമാനിക്കണം. അത് എന്തു കൊണ്ടാണ് ചെയ്യാത്തത് ? ആ കാലം തീരുമാനിച്ചിട്ടില്ല. തന്നെയുമല്ല ഇവിടെ കോടതി വിധിയെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. ഒ. ഭരതൻ അന്ന് ചോദ്യം ചെയ്തിരുന്നു. വളരെ പ്രസക്തമായ ഒരു ചോദ്യമായിരുന്നു. എന്താണ് കോടതി വിധി ? അന്ന് സത്യത്തിൽ കോടതി വിധി ആധികാരിക മായി എനിക്ക് കിട്ടിയിരുന്നില്ല. ഇന്നും കിട്ടിയിട്ടില്ല. രജിസ്ട്രാറുടെ കയ്യിലുള്ളതിന്റെ ചില ഭാഗങ്ങൾ മാത്രമാണ് എന്റെ മനസ്സിലുള്ളത്. അത് the Registar is free to do so. എന്നാണ് പറഞ്ഞിട്ടുള്ളത്. ആ നോമിനേ ഷൻ കൊടുക്കുന്നതിന് രജിസ്ട്രാർക്ക് സ്വാതന്ത്ര്യമുണ്ട്. അതിനൊന്നും സൗകര്യമോ സാവകാശമോ ഉണ്ടായിരുന്നില്ല. മാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആ സ്റേറ ഓർഡറിൽ പറഞ്ഞിട്ടുള്ളത് ശ്രീ. വി. വി. ശങ്കരൻ നമ്പ്യാർ പാസ്ഡ് എവെ എന്നാണ്. മരിച്ചുപോയി എന്നാണ് സർ. എന്താണ് ബഹുമാനപ്പെട്ട ചന്ദ്രശേഖരനും അതുപോലെതന്നെ തങ്കരാജിനും ശ്രീ. കൃഷ്ണൻ കുട്ടിക്കും അഭിപ്രായമെന്നതിനെക്കുറിച്ച് അറിയാൻ എനിക്ക് കൗതുകമുണ്ട്. ജീവനോടുകൂടിയ, പ്രഗൽഭനായ പ്രശസ്തനായ ഒരു രാഷ്ട്രീയ നേതാവ് ഒരു അഡ്വക്കേറ്റ്—അദ്ദേഹം ജീവനോടുകൂടിയുണ്ട്. അദ്ദേഹം കണ്ണൂർ ജില്ലാ ബാങ്കിന്റെ ഭരണസമിതി അംഗങ്ങളോടുള്ള അഭിപ്രായ വിയോജിപ്പ് മൂലം രാജിവച്ചുപോയി. അദ്ദേഹം മരിച്ചുപോയി എന്നാണ് കോടതി വിധിന്യായത്തിൽ പരാമർശിച്ചി ട്ടുള്ളത്. എന്തായാലും അതിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. എനിക്ക് ഒന്നേ പറയാനുള്ളൂ. കണ്ണൂർ ജില്ലാ ബാങ്കിൽ ഭൂരിപക്ഷം കാര്യം നഷ്ടമായപ്പോൾ ഉണ്ടായ വാക്യം നികത്താൻ ജോയിൻറ് രജിസ്ട്രാറെ ചുമതല പ്പെടുത്തുക മാത്രമാണ് ഗവൺമെൻറ് ചെയ്തത്. അവിടെ വേണ മെങ്കിൽ ഒരു കമ്മിറ്റി വയ്ക്കാമായിരുന്നു. പക്ഷേ അത് ഗവൺമെൻറ് ചെയ്തില്ല. രാഷ്ട്രീയക്കാരെ കുത്തി നിറയ്ക്കുകയാണെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മെമ്പർമാരോടാ ഞാൻ ചോദിയ്ക്കട്ടെ, അവരുടെ കാലഘട്ടങ്ങ ളിൽ ചെയ്തിട്ടുള്ളതെന്താണ് ? ബഹുമാനപ്പെട്ട മെമ്പർമാരോട് ഞാനൊരു കാര്യം പറയട്ടെ.....

ശ്രീ. ഒ. ഭരതൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ കോടതി വിധിയിൽ പറഞ്ഞിട്ടുള്ള കാര്യം തെറ്റാണെന്ന് ഒരാൾ നിയമസഭയിൽ വച്ച് പറയുന്നത് ഓർഡറിലാണോ ; മരിച്ചുപോയി എന്നു പറയുന്ന കോടതിയുടെ പരാമർശം തെറ്റാണെന്ന് മന്ത്രി ഇവിടെ പറയുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ : അല്ല, മരിക്കാത്ത ഒരാൾ മരിച്ചുപോയെന്ന് പറഞ്ഞാൽ എങ്ങനെയാണ് മരിച്ചുപോയെന്ന് പറയുവാൻ കഴിയുന്നത് ?

ശ്രീമതി എം. കമലം : സർ, ജീവനോടെയുള്ള ഒരാളെ, ഞാൻ കഴിഞ്ഞ കുറച്ചു ദിവസം മുൻപ് കണ്ണൂരിൽ പോയപ്പോൾ അദ്ദേഹത്തെ കണ്ടതാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : ഞങ്ങൾക്കറിയാവുന്ന സത്യവും ഇവിടെ പറയാം. അങ്ങനെയാണെങ്കിൽ കോടതി തെറ്റായി പറയുന്നുവെന്ന് ഞങ്ങൾക്ക് ഉത്തമ ബോദ്ധ്യമുണ്ടെങ്കിൽ ഞങ്ങൾക്കും അത് തെറ്റാണെന്നു പറയാം.

മി. സ്പീക്കർ : അത് വിവേചനാധികാരത്തോടുകൂടി പറയേണ്ടതാണ്.

ശ്രീമതി എം. കമലം : ഞാൻ അതിനെക്കുറിച്ച് ഒന്നും ബഹുമാനമില്ലാതെ ഒരു വാക്കും ഇവിടെ പറഞ്ഞിട്ടില്ല. മെമ്പർമാർ ആരോപണം ഉന്നയിച്ചതു കൊണ്ട് മാത്രമാണ് ഞാൻ അക്കാര്യം പറഞ്ഞത്. ഒരു സംഘത്തിലും അവിഹിതമായി നോമിനികളെ കുത്തിത്തിരുകിയിട്ടില്ല. പാലോട് ശ്രീധരൻ നായർ 9 സംഘങ്ങളിൽ അംഗമാണെന്ന് ഇവിടെ പറഞ്ഞു. ഒരു മെമ്പർക്കും അങ്ങനെ അംഗമാകാൻ പറ്റുകയില്ല. ഒന്നോ രണ്ടോ മൂന്നോ സംഘങ്ങളിൽ അംഗമാകാം. അതിലുള്ള അപാകത ഒരു മെമ്പർ ചൂണ്ടിക്കാണിച്ചാൽ അത് ഡിസ്ക്വാളിഫിക്കേഷനാണ്. അത് തിരുത്താൻ തയ്യാറാണ്. ഏതെങ്കിലും സംഘങ്ങളിൽ അങ്ങനെ അംഗങ്ങളായിട്ടുണ്ടെങ്കിൽ അത് തിരുത്താൻ ഗവൺമെൻറ് തയ്യാറാണ്. ആരും അങ്ങനെ എഴുതി തരുകയോ ആക്ഷേപം പറയുകയോ ഉണ്ടായില്ല, വളരെ സദുദ്ദേശത്തോടുകൂടിയാണ് പറയുന്നത് .....(തടസ്സം).....സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അഭിപ്രായങ്ങളിൽ നല്ല കാര്യങ്ങളും ഉൾക്കൊള്ളുന്നതാണ്. വളരെ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഒരു നിയമമാണിത്. ഈ നിയമം നടപ്പിലാക്കി എടുക്കുന്നതിന് എല്ലാവരുടെയും ഭാഗത്തു നിന്നും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഒരു സ്ത്രീയ്ക്കും ഒരു ഹരിജനും പ്രാതിനിധ്യം കൊടുക്കുകയെന്നു പറഞ്ഞാൽ ചിലപ്പോൾ ഹരിജനങ്ങളായിരിക്കും ചില പ്രദേശങ്ങളിൽ കൂടുതൽ. ചില പ്രദേശങ്ങളിൽ ഗിരിജനങ്ങളായിരിക്കും കൂടുതൽ. അങ്ങനെയുള്ള പ്രദേശങ്ങളിൽ അവർക്കും പ്രാതിനിദ്ധ്യം നല്കുന്നതിനുള്ള ഒരു നിയമ നിർമ്മാണം ആണ് ഈ ബിൽ. അതുപോലെ ബഹുമാനപ്പെട്ട ശ്രീ. ടി. എസ്. ജോൺ ഇവിടെ പറഞ്ഞു. ഹരിജനങ്ങളിൽ നിന്നും മതപരിവർത്തനം നടത്തി ക്രിസ്ത്യൻ സമുദായക്കാരായി മാറിയിട്ടുള്ള ആളുകൾക്ക് കൂടി പ്രാതിനിദ്ധ്യം കൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്ന്. അക്കാര്യം ആലോചിച്ച് മറുപടി പറയേണ്ട ഒരു കാര്യമാണ്. പെട്ടെന്ന് അതിന് അങ്ങനെ ഈ ബില്ലിനകത്ത് ഒരു ഭേദഗതി ഉൾക്കൊള്ളിക്കാൻ എനിക്ക് വിഷമമുണ്ട്. അത് വളരെ ബുദ്ധിപൂർവ്വം ആലോചിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. അപ്പക്സ് ബോഡികളിലേക്ക് എന്തുകൊണ്ട് സ്ത്രീകളുടെയും ഹരിജനങ്ങളുടെയും നോമിനികളെ നോമിനേറ്റ് ചെയ്യുന്നില്ല എന്നു ചോദിച്ചു, പത്തു പതിമൂവായിരത്തോളം വരുന്ന പ്രാഥമിക സംഘങ്ങൾ സാധാരണ വായ്പ കൊടുക്കുന്ന ക്രെഡിറ്റ് സൊസൈറ്റികളാണ്. വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് അവിടെ നിർവ്വഹിക്കുവാനുള്ളത്. അതുകൊണ്ട് അവിടെ ഒരു തുടക്കമെന്നുള്ള നിലയിൽ ഒരു പ്രാരംഭ നടപടിയെന്നുള്ള നിലയിൽ ആദ്യം നമ്മുടെ പതിമൂവായിരത്തോളം വരുന്ന പ്രാഥമിക സംഘങ്ങളിലേക്ക് കൊടുക്കുകയും പിന്നീട് അപ്പെക്സ് ബോഡികളിലേക്കും മറ്റ് സംഘങ്ങളിലേക്കും പ്രാതിനിദ്ധ്യം കൊടുക്കുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതുമാണ് എന്നു മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളൂ. ഇവിടെ വലിയ വിമർശനങ്ങളൊന്നും ഉണ്ടായില്ല. മെമ്പർമാർ അതിനെ സ്വാഗതം ചെയ്യുകയാണുണ്ടായത്. ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച് പറഞ്ഞ എല്ലാവർക്കും നന്ദിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തന്നെയുമല്ല, ഒരു കോംപ്രിഹെൻസീവ് ബിൽ ഈ സഭയുടെ മുൻപാകെ കൊണ്ടുവരുന്നതിന് ഞാൻ ശ്രമിക്കുകയാണ്. ആ ബിൽ വരുമ്പോഴേക്കും സമഗ്രമായ, സമൂലമായ 1969-ലെ 15-5-1969-ലെ നിയമത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തിക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ആർബിട്രേഷൻ സംബന്ധിച്ചുള്ള പ്രശ്നങ്ങളും ഇവിടെ മെമ്പർമാർ വ്യക്തമാക്കി. ഞാൻ അതു് ആവർത്തിയ്ക്കേണ്ട കാര്യമില്ല. സഹകരണ നിയമത്തിലെ മൂന്നാം വകുപ്പ് ഒന്നും ഉപവകുപ്പ് അനുസരിച്ച് രജിസ്ട്രാറുടെ നിർവ്വചനത്തിൽ അഡീഷണൽ രജിസ്ട്രാറും അസിസ്റ്റൻഡ് രജിസ്ട്രാറും ജോയിൻറ് രജിസ്ട്രാറും ഡെപ്യൂട്ടി രജസ്ട്രാറും ഉൾപ്പെടുന്നു. തന്നെയുമല്ല, അവർക്ക് 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് അനുസരിച്ച് ഇത്തരം തർക്കങ്ങളും തീർക്കുന്നതിന് അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുന്നതിനുള്ള അധികാരമുണ്ട്. മറെറാന്ന് രജിസ്ട്രാർക്ക് തന്നെ നേരിട്ട് തർക്കം തീർക്കാം. ഈ മൂന്നു വ്യവസ്ഥകളുണ്ട്. എങ്കിലും ബഹുമാനപ്പെട്ട കോടതി ഈ വ്യവസ്ഥയിലെ ഒരു പഴുത് നമ്മുടെ മുൻപിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതായത് ഈ തർക്കം തീർക്കാൻ ചുമതലപ്പെടുത്തുന്ന ഒരുദ്യോഗസ്ഥനു് തന്നെറ സമാന്തരായ ഒരുദ്യോഗസ്ഥനോ അല്ലെങ്കിൽ തന്നെറ മേലുദ്യോഗസ്ഥനോ തന്നെറ മുൻപിൽ ഫയൽ ചെയ്ത കേസ്സ് മാറിവയ്ക്കുകയാണെങ്കിൽ തീർച്ചയായും അതു് തെറെറാണെന്നു പറയാൻ സാധിയ്ക്കുകയില്ല. അതിൽ നിയമത്തിന്റെ നടപടിയില്ല. നിയമത്തിന്റെ പരിരക്ഷ ഇവിടെ ലഭ്യമല്ലാത്തതുകൊണ്ടാണ് ഇത്തരം ഒരു നിയമം കൊണ്ടു വരുന്നതിന് ഗവൺമെൻറ് നിർബന്ധിതമായിത്തീർന്നത്. ഞാൻ ആവർത്തിയ്ക്കുന്നു, ലക്ഷക്കണക്കിനു് രൂപ പിരിച്ചെടുക്കാനും തർക്കങ്ങളും തീർക്കാനും ഈ വകുപ്പ് സ്ഥാപിച്ചു പോയിട്ടുള്ളതുകൊണ്ട് ആർബിട്രേഷൻ രംഗത്ത് വിഷമാവസ്ഥയിലുള്ള ഒരു സാഹചര്യമുണ്ടായി. ആ സാഹചര്യത്തിൽ നിന്നും രക്ഷ നേടുന്നതിനാണ് ഇത്തരം ഒരു നിയമം ഇവിടെ കൊണ്ടുവരുന്നത്. ഇവിടെ അവതരിപ്പിക്കുന്നത്. കോടതി ചൂണ്ടിക്കാണിച്ച അപാകത ഇനിമേൽ ഉണ്ടാകാതിരിക്കുവാനും നാളെ ഇനി ആരെങ്കിലും പോയി ഇതുപോലുള്ള ഒരു കേസ്സ് ഫയൽ ചെയ്തൽ ഇത്തരം ഒരു വിധി വരാതിരിക്കാനും വേണ്ടിയാണ് ഇതുകൊണ്ടു വന്നിട്ടുള്ളത് ഇടുക്കി ജില്ലക്കാരനായ ശ്രീ. ആൻറണി വർഗ്ഗീസ് ഹൗസിംഗ് സൊസൈറ്റിയിൽനിന്നും 13,500 രൂപ വായ്പ എടുത്തു, എന്നിട്ട് വായ്പ തിരിച്ചടച്ചില്ല. സംഘം കേസ് കൊടുത്തു. അത് ആർബിട്രേറ്ററുടെ കോടതിയിൽ വന്നു. അസിസ്റ്റൻഡ് രജിസ്ട്രാർ ഒരു അവാർഡ് പാസ്സാക്കി. അതിനെതിരെയാണ് ആൻറണി വർഗ്ഗീസ് കോടതിയിൽ പോയത്. അതിന്റെ വിധി ന്യായത്തിലാണ് ഈ അപാകത കോടതി ചൂണ്ടിക്കാണിച്ചത്. ഇത് ഭാവിയിൽ ഒരിക്കലും സഹകരണ മേഖലയിലുള്ള ആർബിട്രേഷനു് ബാധകമാകാതിരിക്കാനും സുരക്ഷിതമായ ഒരു നിയമമാക്കി മാറ്റിയെടുക്കാനുമാണ് ഇത്തരമൊരു ഭേദഗതി നിയമം ഗവൺമെൻറ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്നും ഇത് 9-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയിലേക്ക് അയയ്ക്കണമെന്നുമുള്ള പ്രമേയം ഞാൻ മെമ്പർമാരുടെ മുൻപാകെ വയ്ക്കുകയാണ്. എല്ലാവരും വളരെസഹർഷം ഇതിനെ സ്വാഗതം ചെയ്യുമെന്നുള്ള പ്രതീക്ഷയോടുകൂടി തെറ്റുകുറ്റം തിരുത്തി മുമ്പോട്ടുകൊണ്ടുപോകുന്നതിനുള്ള കോംപ്രിഹെൻസീവ് ബിൽ ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കാൻ എന്റെ എല്ലാ ശ്രമവും ഉണ്ടാകുമെന്ന് സഭയ്ക്ക് വാക്ക് തന്നുകൊണ്ട് ഞാൻ എന്റെ വാക്കുകളും ഉപസംഹരിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ ; അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ 9-ാം നമ്പർ സബ് ജക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ബിൽ സബ്ജക്റ്റു കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 1986-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 1986-ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം [1 P.M.] നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : 1986-ലെ കേരള സർവേ-അതിരടയാള ഭേദഗതി ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച 2-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ഞാൻ ഈ പ്രമയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇത് രണ്ടു ചെറിയ ഭേദഗതികളാണ്. 1961-ലെ കേരള സർവ്വേ അതിരടയാള ആക്ടിലെ 6-ാം വകുപ്പ് 1-ാം ഉപവകുപ്പിനും അതുപോലെതന്നെ പ്രസ്തുത നിയമത്തിലെ 9-ാം വകുപ്പ് 2-ാം ഉപവകുപ്പിനും ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു അമൻറുമെൻറ് ബില്ലാണ് ഇത്. ഇത് രണ്ടും പൊതു നൻമയെ കരുതിയിട്ടുള്ളതാണ്. 1961-ലെ കേരള സർവ്വേ-അതിരടയാള ആക്ടിലെ 4-ാം വകുപ്പോ 5-ാം വകുപ്പോ അനുസരിച്ച് സർവ്വേ നടത്താൻ ഉത്തരവാകുമ്പോൾ അതിനെ സംബന്ധിച്ച്, അതുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുവേണ്ടി ഒന്നുകിൽ വ്യക്തികൾ നേരിട്ടോ അല്ലെങ്കിൽ ഏജൻറു മുഖേനയോ ഹാജരാകണം. അതനുസരിച്ച് 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് അനുസരിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്യണമെന്നാണ് വ്യവസ്ഥയുള്ളത്. പൊതു ആവശ്യത്തിനുവേണ്ടി ഭൂമി വിലയ്ക്ക് എടുക്കേണ്ടിവരുമ്പോൾ ഇങ്ങനെ വരുന്ന ഗസറ്റ് വിജ്ഞാപനം ഗസറ്റിലോ അല്ലെങ്കിൽ ആ പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപത്രങ്ങളിലോ അത് പ്രസിദ്ധീകരിക്കണമെന്നുള്ളതാണ് ഒരു ഭേദഗതി. മറെറാരു ഭേദഗതി പ്രസ്തുത ആക്ടിൽ 9-ാം വകുപ്പ് 2-ാം ഉപവകുപ്പുപ്രകാരം അതിലെ 1-ാം ഉപവകുപ്പനുസരിച്ച് സർവ്വേ ഓഫീസറുടെ തീരുമാനങ്ങളും സംബന്ധിച്ച് നോട്ടീസ്, ആ തീരുമാനങ്ങളും ഏതെല്ലാം ഭൂമിയുടെ അതിരുകളെ ബാധിക്കുന്നുവോ അങ്ങനെയുള്ള ഭൂമിയുടെ രജിസ്റ്റർ ചെയ്യപ്പെട്ടത് കൈവശക്കാർക്ക് നൽകേണ്ടതാണ്. ഇത് ഒരു വില്ലേജിനെയോ ഒരു താലൂക്കിനെയോ പൊതുവായി ബാധിക്കുന്ന കാര്യമാണ്. പൊതുതൻമയെ കരുതി ഗവൺമെൻറ് അങ്ങനെയുള്ള നോട്ടീസ് എല്ലാവർക്കും സർവ് ചെയ്യാനും അവരിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly